വില ₹30/-

# ജീവനും വെളിച്ചവും

മേയ് 2025



**ലോകത്തിനു വേണ്ടത് കരുണയും സ്നേഹവുമാണന്ന് ആവർത്തിച്ചു പ്രഘോഷിച്ച സമാധാനത്തിന്റെ പ്രവാചകൻ.... ഫ്രാൻസിസ് പാപ്പ.**

_ഡോ. തോമസ് ജെ. നെറ്റോ

## പ്രാർത്ഥനാഞ്ജലി

# പരിശുദ്ധ കന്യകാമറിയത്തിന്റെ സന്ദർശന സഭ

# SISTERS OF VISITATION CONGREGATION OF ALLEPPEY (SVC)

*Live Jesus & Give Jesus*


**"ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു". (ലൂക്ക 4:18)**



OUR FOUNDER



Servant of God
Fr Sebastian Lawerence Casmir Presentation



**വി. ഫ്രാൻസിസ് ദി സാലസ്**
സ്വർഗ്ഗീയ മദ്ധ്യസ്ഥൻ



**വി. ജെയിൻ ദി ഷന്താൾ**
സ്വർഗ്ഗീയ മദ്ധ്യസ്ഥ











ക്രിസ്തുവിന് ജീവിതം അർപ്പിക്കുവനും വചനം പ്രഘോഷിക്കുവാനും സുവിശേഷത്തിന് സാക്ഷ്യം നൽകാനും പരിശുദ്ധ അമ്മയുടെ നാമത്തിൽ ദൈവദാസൻ സെബാസ്റ്റ്യൻ LC പ്രസന്റേഷനച്ചൻ സ്ഥാപിച്ച വിസിറ്റേഷൻ സന്യാസസഭയിലേയ്ക്ക് കൗമാരപ്രായക്കാരായ എല്ലാ പെൺകുട്ടികളെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

OUR CONGREGATION ACROSS THE WORLD:
ROME, ITALY, AFRICA, EGYPT, PORT SUDAN, KERALA, TAMILNADU, NORTH INDIA, GERMANY

കുടുംബ നവീകരണം, ആതുര ശുശ്രൂഷാ മേഖല, ദൈവവചന പ്രഘോഷണം, വിദ്യാഭ്യാസപരമായ ശുശ്രൂഷകൾ, സമൂഹനിർമ്മാണ പ്രവർത്തനങ്ങൾ

ക്രിസ്തുവിന്റെ ദൈവരാജ്യം യാഥാർത്ഥ്യമാക്കാൻ ആഗ്രഹിക്കുന്നവർക്കൊരു വഴികാട്ടി...






CONTACT US

VISITATION GENERALATE
VAZHICHERRY, ALAPUZHA
KERALA - 688 001

SR.DELIMA JOHN SVC - 9207795853
SR. MARY JEMMA SVC - 9446192120
SR. MARY VISITATION SVC - 6238993308
SR. AGI ANTONY SVC - 9644025812

# ജീവനും വെളിച്ചവും

തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം

2025 മേയ് | പുസ്തകം 57 | ലക്കം 05

**രക്ഷാധികാരി:** മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ • **സഹരക്ഷാധികാരി:** റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ., മോൺ. യൂജിൻ എച്ച്. പെരേര • **ഉപദേശക സമിതി:** ഫാ. ലോറൻസ് കുലാസ്, ഫാ. ഷാജു വില്ല്യം, ഫാ. ഡാനിയേൽ ആർ., ഫാ. സജു റോൾഡോൺ, ഫാ. ആഷ്ലിൻ ജോസ്, ഫാ. മൈക്കിൾ തോമസ്, ഫാ. ഡാർവിൻ ഫെർണാണ്ടസ്, ഫാ. റിച്ചാർഡ് സഖറിയാസ്, ഫാ. ലൂസിയാൻസ് തോമസ്, ഫാ. സിൽവസ്റ്റർ കുരിശ്, ഫാ. ഡേവിഡ്സൺ ജസ്റ്റസ്, ഫാ. ജോർജ്ജ് ഗോമസ്
**പത്രാധിപർ:** ഫാ. വിജിൽ ജോർജ്ജ് • **സഹ പത്രാധിപർ:** ബർഗ്മാൻ തോമസ് • **പത്രാധിപ സമിതി:** മോൺ. ജയിംസ് കുലാസ്, ഇഗ്നേഷ്യസ് തോമസ്, സുനിൽ സി. ഇ., ഫാ. വർഗീസ് ജോസഫ് • **മാനേജർ** (പരസ്യ വിഭാഗം): ഫാ. മനീഷ് പീറ്റർ • **കവർ & ലേ-ഔട്ട്:** സതീഷ് ജോർജ്ജ്

## മുഖവിചാരം

### കാലാതിശായിയായ പാപ്പ

ഫ്രാൻസിസ് പാപ്പ അഥവാ കനിവാർന്ന ഒരു കാലം മാനവരാശിയിൽനിന്നും വേർപിരിഞ്ഞുപോയിരിക്കുന്നു. അനീതിക്കും അസമത്വത്തിനും കൂട്ടുനിൽക്കുന്ന ഭരണകൂടങ്ങളോട് നേർക്കുനേർ നിന്ന് നീതിയെക്കുറിച്ചും സാഹോദര്യത്തെക്കുറിച്ചും സമാധാനത്തെക്കുറിച്ചും സംസാരിക്കാൻ ഏതൊരുവിധ ഭയവുമില്ലാത്ത ഒരാളായിരുന്നു ഫ്രാൻസിസ് പാപ്പ. ലോകത്തെവിടെയും പീഡിപ്പിക്കപ്പെട്ടുന്നവർക്കും അടിച്ചമർത്തപ്പെടുന്നവർക്കും സ്വാസ്ഥ്യവും സാന്ത്വനവുമേകുക എന്നത് തന്റെ ജീവിതകാലം മുഴുവനും ഒരു ജീവിതമന്ത്രമായി ഏറ്റെടുത്തു. ക്രിസ്തു മതില് കെട്ടിയിരുന്നോ? ഒരിക്കൽ പാപ്പ ചോദിച്ചു. ട്രംപ് ഭരണകൂടം മെക്സിക്കോയിൽ നിന്നുള്ള അഭയാർഥികളെ തടയാൻ വന്മതിൽ കെട്ടുമെന്ന് പ്രഖ്യാപിച്ചപ്പോൾ ക്രിസ്ത്യാനികൾക്ക് നിരക്കുന്നതല്ല ഈ മതിലുകളെന്ന് തറപ്പിച്ചുപറഞ്ഞു. മതിലുകൾ തകർക്കുന്ന ഡൈനമിറ്റ് എന്നാണ് കരുണയെ പാപ്പ വിശേഷിപ്പിച്ചത്. ഒരേസമയം കരുണയും കലാപവുമായിരുന്നു പാപ്പ.

നിസ്വരും നിരാശ്രയരുമായ പാലസ്തീനിലെ മനുഷ്യർക്കുവേണ്ടി എന്നും നിലകൊണ്ടു. ഭീകരതയും അഭയാർഥി പ്രശ്നവുംമുതൽ ആഗോളതാപനം വരെയുള്ള കാര്യങ്ങളിൽ അദ്ദേഹത്തിന്റെ നിലപാടുകൾ കാലതിശായിയായി നിലകൊള്ളുന്നു. പാപ്പ ഒരിക്കൽ പറഞ്ഞു: 'സഹജീവികളെയും പരിസ്ഥിതിയെയും രക്ഷിക്കാൻ മനുഷ്യൻ എന്നു മറന്നിട്ടുണ്ടോ അന്നെല്ലാം നാശങ്ങളുണ്ടാവുകയും ഹൃദയങ്ങൾ കഠിനമായിപ്പോവുകയും ചെയ്തിട്ടുണ്ട്. വിദ്വേഷവും അസൂയയും അഹംഭാവവും ജീവിതങ്ങളെ നശിപ്പിക്കും.' ലോകം കാതുതുറന്നു കേട്ട വാക്യങ്ങൾ...

ആഗോള കത്തോലിക്കാസഭയിലെ വിശ്വാസ സമൂഹത്തോടു മാത്രമല്ല, ലോകത്തിലെ സകല മനുഷ്യരോടുമാണ് അദ്ദേഹം സംസാരിച്ചു കൊണ്ടിരുന്നത്. കത്തോലിക്കാസഭയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി. സഭാ ഭരണത്തിൽ വനിതകൾക്ക് പ്രാധാന്യം നൽകുന്നതിനും ട്രാൻസ് ജെൻഡർ അവകാശങ്ങൾ അംഗീകരിക്കുന്നതിനും മുൻകയ്യെടുത്തു. സഭയുടെ ചരിത്രപരമായ തെറ്റുകൾക്ക് നിരുപാധികം മാപ്പപേക്ഷിച്ചു. എന്നും പുരോഗമനപരമായ നിലപാടുകൾ സ്വീകരിച്ചു. സെൽഫി സംസ്കാരമല്ല, ചുറ്റുമുള്ളവരുടെ കണ്ണുകളും മുഖങ്ങളും കൈകളും ആവശ്യങ്ങളും കാണുകയും അതിലൂടെ സ്വന്തം മുഖവും സാധ്യതകൾ നിറഞ്ഞ സ്വന്തം കരങ്ങളും കാണുകയാണ് വേണ്ടതെന്നു ഉദ്ഘോഷിച്ചു. ഒരുമിച്ച് ഒരേ സ്നേഹസ്വപ്നം കാണാൻ ലോകമനസ്സുകളെ ക്ഷണിച്ചു. ഉയിർപ്പാണ് ജീവിതത്തിന്റെ അനശ്വരതയെന്നോർമിപ്പിച്ചു.

കനിവിന്റെയും സ്നേഹത്തിന്റെയും നാഥനു ജീവനും വെളിച്ചവും മാസികയുടെ പ്രാർത്ഥനാഞ്ജലി...



www.latinarchdiocesetrivandrum.org | www.archtvmnews.com

*വിലാസം*
ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം,
തിരുവനന്തപുരം- 695 003
ഫോൺ: 0471- 2724001
ഇമെയിൽ: jeevanumvelichavum@gmail.com

വില 30 രൂപ
വാർഷിക വരിസംഖ്യ- 360/-
അക്കൗണ്ട് വിവരം:
State Bank of India
A/c No. 57027220934, IFSC- SBIN0070308
A/c Name: Editor, Jeevanum Velichavum




## ക്രിസ്തു ലോകത്തിനെന്നും ഒരു അത്ഭുതം

**ജെ. മിരാൻഡാ**
**തോന്നയ്ക്കൽ**

ഉയിർപ്പ് തിരുനാളിന്റെ പ്രകാശവുമായി കടന്നുവന്ന ഈസ്റ്റർ ലക്കത്തിൽ നെറ്റോ പിതാവിന്റെയും ക്രിസ്തുദാസ് പിതാവിന്റെയും സന്ദേശങ്ങൾക്കൊപ്പം ഡോ.ജോർജ്ജ് ഓണക്കൂറിന്റെ ലേഖനവും മനോഹരമായിരുന്നു. മാനവ ചരിത്രത്തെ പ്രത്യാശയുടെ പ്രകാശത്താൽ ശ്രേഷ്ഠമാക്കിയ ചരിത്ര സംഭവങ്ങളായ തിരുപ്പിറവിയെയും തിരു ഉത്ഥാനത്തെയും കോർത്തിണക്കിയുള്ള രചന ഒരു കവിതപോലെ അതീവ ഹൃദ്യമായിരുന്നു. കാലിത്തൊഴുത്ത് മുതൽ കാൽവരി വരെ നീളുന്ന 33 വയസ്സുമാത്രം ദൈർഘ്യമുള്ള നസ്രായന്റെ വിശുദ്ധ ജീവിതം ഇന്നും ലോകം അദ്ഭുതത്തോടെ നോക്കി കാണുന്നു, പഠിക്കുന്നു, ധ്യാനിക്കുന്നു, ചിന്തിക്കുന്നു.

അയൽക്കാരനെ സ്നേഹിക്കുവാനും ശത്രുവിനുവേണ്ടി പ്രാർത്ഥിക്കുവാനും ആഹ്വാനം ചെയ്ത് പുത്തൻ ചിന്തകൾക്ക് തീ പിടിപ്പിച്ച നസ്രത്തുകാരൻ വിശുദ്ധ കുർബാനയിൽ ഗോതമ്പപ്പത്തിൽ ഇമ്മാനുവേലായി നമ്മുടെ ഉള്ളിൽ വന്ന് നൂതന ആത്മീയ ചിന്തകളാൽ നമ്മെ ജ്വലിപ്പിക്കുന്നു. എല്ലാം സാധ്യമാക്കുന്ന സ്നേഹത്തിന്റെ പൂർണ്ണതകളിലേക്ക്, ത്യാഗത്തിന്റെയും സഹനത്തിന്റെയും സ്വയം ശൂന്യവൽക്കരണത്തിന്റെയും മാർഗ്ഗങ്ങളിലേക്ക് നമ്മെ നയിക്കുന്നു.

ശിഷ്യരുടെ പാദങ്ങൾ മാത്രമല്ല, പാപങ്ങളും കഴുകി വൃത്തിയാക്കുന്ന ഗുരു ലോകത്തിനെന്നും അദ്ഭുതമാണ്. ആ ഗുരു നിത്യജീവൻ നൽകുന്ന ലോക രക്ഷകനെന്നത് അതിലേറെ വിസ്മയമാണ്.

കടലിന്റെ അഗാധത പോലെ, പ്രപഞ്ചം രഹസ്യങ്ങൾ ഉള്ളിൽ നിഗൂഢമായി ഒളിപ്പിച്ചിരിക്കുന്നതുപോലെ, യേശുവിന്റെ ജനനത്തിന്റെയും ഉത്ഥാനത്തിന്റെയും മഹനീയ രഹസ്യങ്ങൾ സഹായകനായ പരിശുദ്ധാത്മാവ് ത്രിത്വത്തിന്റെ കലവറയിൽ നിറച്ചിരിക്കുന്നു!.

●

## ക്രിസ്തു ഒരു നല്ല മാതൃക

**വിജയമ്മ**
**പാളയം**

സ്നേഹത്തണലിൽ യുവതലമുറയെ ചേർത്തു പിടിക്കേണ്ടതിന്റെ പ്രാധാന്യവും പ്രസക്തിയും സമകാലീന സംഭവങ്ങളുടെ പശ്ചാത്തലത്തിൽ മെൽക്കൺ അച്ചൻ എഴുതിയത് നന്നായിരുന്നു. മൊബൈൽ ഫോൺ തരംഗം സൃഷ്ടിച്ച അലയൊലികൾ മാനവ ചരിത്രത്തെ നിർണായക വഴിത്തിരിവിൽ എത്തിച്ചിരിക്കുന്നു. വ്യക്തികളുടെ ചിന്തയിലും മനോഭാവത്തിലും പ്രവർത്തനങ്ങളിലും ജീവിതങ്ങളിലും മൊബൈൽ ഫോൺ വരുത്തിയ മാറ്റങ്ങൾ വിവരണാതീതമാണ്.

സത്യങ്ങളും അർദ്ധ സത്യങ്ങളും നുണകളും ഇല്ലാത്ത ഭാവനകളും ദുഷിച്ച ഭാവനകളും തിന്മയുടെ ഒരായിരം വകഭേദങ്ങളും പ്രായഭേദമെന്യേ എല്ലാവരെയും വഴിതെറ്റിപ്പിക്കുന്ന ഒരു നൂതന സാഹചര്യത്തിലാണ് മൊബൈൽ വിപ്ലവം. അതേറെ ആഴത്തിൽ ബാധിച്ചിരിക്കുന്നത് കുട്ടികളിലും കൗമാരപ്രായക്കാരിലും യുവജനങ്ങളിലുമാണെന്നത് ആശങ്കാജനകമാണ്.

ലഹരിയോടുള്ള ആസക്തി, തിന്മയോടുള്ള അഭിനിവേശം, അക്രമത്തോടുള്ള ആഭിമുഖ്യം, അസാന്മാർഗിതയോടുള്ള അടുപ്പം, ഭക്തി, വിശ്വാസം, ധാർമിക മൂല്യങ്ങൾ ഇവയോടുള്ള അസഹിഷ്ണുത, പെട്ടെന്നുള്ള കോപം, നിരാശ, പ്രത്യാശയില്ലായ്മ ഇവ അതിവേഗം കാട്ടുതീ പോലെ പടർന്നു കഴിഞ്ഞു.


കുട്ടികളെയും യുവജനങ്ങളെയും വിശ്വാസത്തിലെടുക്കാൻ, അവരെ വീണ്ടെടുക്കാൻ, അവരെ വിശ്വാസത്തിൽ വളർത്താൻ സഭയ്ക്ക് കഴിയണം. ഈസ്റ്റർ, ക്രിസ്മസ് ആഘോഷം, തിരുനാളാഘോഷം ഇവയ്ക്കുപരിയായി അനുദിനം മാറുന്ന കാലത്തിനൊപ്പം ഇടവകജനത്തോടൊപ്പമായിരിക്കാൻ വൈദികർക്കും സമർപ്പിതർക്കും അല്മായർക്കും നേതൃത്വത്തിനും കഴിയണം. പരമ്പരാഗത ചട്ടക്കൂടുകളിൽ ഒതുങ്ങി നിന്ന് വരുംകാലങ്ങളിൽ അജഗണത്തെ നയിക്കുക പ്രയാസകരമാണെന്നാണ് തോന്നുന്നത്. കുറെയധികം നിയമങ്ങളുടെ ചട്ടക്കൂടുകളിൽ മാത്രം വിശ്വാസികൾക്ക് താല്പര്യം തോന്നണമെന്നില്ല. നിയമങ്ങളും ചട്ടങ്ങളും വേണ്ട എന്നല്ല നയിക്കുന്നവർ വെറും നേതാവ് മാത്രമായിരിക്കാതെ ദൈവജനത്തിന് മാതൃകയും ആയിരിക്കണം; ക്രിസ്തുവിനെപ്പോലെ.

●

## ഉയർപ്പുദിന ചിന്തകളും ദൈവവിളിയും ആശാസമരവും

**മരിയ ഗ്ലോറി**
**പുതിയതുറ**

കഴിഞ്ഞ ലക്കം ജീവനും വെളിച്ചവും മാസിക എന്തുകൊണ്ടും ചിന്തോദ്ദീപകമായിരുന്നു. 'ഒരാൾക്കെത്താവുന്ന ഏറ്റവും ചെറിയ ദൂരത്തിന്റെ പേരാണ് ക്രിസ്തു.' എന്ന മുഖവിചാരം, രണ്ടു പിതാക്കന്മാരുടെയും ഉയിർപ്പുദിന ചിന്തകളും, 'ഉയിർപ്പ്: മാനവരാശിയുടെ നിത്യരക്ഷ' എന്ന ഡോ. ജോർജ് ഓണക്കൂറിന്റെ ഹൃദയസ്പർശിയായ ലേഖനം, ആൻഡ്രൂ കോസ്മോസ് അച്ചന്റെ ദൈവവിളിയും കാലിക പ്രസക്തിയും... ദൈവീക വചനങ്ങളെ ഉണർത്തുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന ഒരു നല്ല ലക്കം. ദൈവവിളിയിൽ ഇങ്ങനെ എഴുതുന്നു, 'ജീവനും ജീവിതത്തിനും ഭയാശങ്കകളുണ്ടാക്കുന്ന പുതിയ പരിതസ്ഥിതിയിൽ ദൈവവിളി സ്വീകരിച്ച് ക്രിസ്തുവാകുന്ന പ്രത്യാശ പകർന്നു കൊടുക്കേണ്ടിയിരിക്കുന്നു.' സാമൂഹിക പ്രതിബദ്ധതയുള്ള വാക്കുകൾ. അതെ, നമോരോരുത്തരും അതിനായി വിളിക്കപ്പെട്ടിരിക്കുന്നു. എടുത്തു പറയേണ്ട മറ്റൊന്ന് നേർക്കാഴ്ചയാണ്. 'നിസ്വരും പാർശവത്ക്കരിക്കപ്പെട്ടവരുമായ സഹോദരികളുടെ സമരത്തോടുള്ള (ആശാസമരം) ജെസിയുടെ അനുഭാവപൂർവമായ എഴുത്ത്. ജീവനും വെളിച്ചവും മാസികയ്ക്ക് എല്ലാവിധ ആശംസകളും...




# താളുകളിൽ


## അനുസ്മരണം



06 ഫ്രാൻസിസ് പാപ്പ
ഡോ. തോമസ് ജെ. നെറ്റോ
ഡോ. ക്രിസ്തുദാസ്. ആർ
ഡോ. എം. സൂസപാക്യം

## ലേഖനം



10 അവകാശ സമരങ്ങളുടെ കേരളത്തെ അതല്ലാതാക്കി മാറ്റുന്നതാര്?
ആർ. ബിജു



18 വിഴിഞ്ഞം ഒന്നാംഘട്ടം പൂർത്തിയാവുമ്പോൾ കടലിൽ എന്ത് സംഭവിച്ചു
റോബർട്ട് പനിപ്പിള്ള



25 വിശ്വാസോത്സവം
ജോയിസ് ലാംബെർട്ട്




28 വഖഫ് ഭേദഗതി
ജയ്സൺ ആദപ്പിള്ളി



32 അവധിക്കാലം...
രജിത. വൈ. ആർ

## കഥ



23 അപ്പവും വെളിച്ചവും
ധർമ്മരാജ് മടപ്പള്ളി

## കവിത



16 നഷ്ട സൗന്ദര്യമേ വിട!
ലോറൻസ് ഫെർണാണ്ടസ്

## നിരൂപണം




30 എമ്പുരാനും കുറെ രാഷ്ട്രീയ പാഠാന്തരങ്ങളും!
സുനിൽ സി. ഇ.

## നേർക്കാഴ്ച



50 'കുരിശിൻറെ വഴി' വിലക്കിയത് മതസ്വാതന്ത്ര്യത്തിൻറെ ലംഘനം
ജെ. സി.

15 കാനോൻ നിയമം
20 ചരിത്രപഥം
34 വചന ജ്വാല - മേയ്, ജൂൺ
38 വാർത്തകൾ
46 നീർച്ചാൽ



# ഫ്രാൻസിസ് പാപ്പ ദുരിതങ്ങളിലൂടെ കടന്നുപോകുന്നവർക്കൊപ്പം നിന്നു

**ഡോ. തോമസ് ജെ. നെറ്റോ**

ആധുനിക ലോകത്തിനു വേണ്ടത് കരുണയും സ്നേഹവുമാണെന്ന് ആവർത്തിച്ച് പ്രഘോഷിച്ച സമാധാനത്തിന്റെ പ്രവാചകനാണ് ദൈവത്തിന്റെ തിരുസന്നിധിയിലേക്കു മടങ്ങിയത്. ലോകത്തിനുള്ള വലിയ അനുഗ്രഹമായിരുന്നു ഫ്രാൻസിസ് പാപ്പ. അദ്ദേഹത്തിന്റെ അപ്രതീക്ഷിത വിയോഗം ലോകത്തെ കണ്ണീരിലാഴ്ത്തുന്നു. സുവിശേഷത്തിലെ ഈശോയെ ജീവിതത്തിൽ സ്വാംശീകരിച്ച വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. പ്രത്യാശയുടെ സന്ദേശമാണു സ്വന്തം ജീവിതത്തിലൂടെ പകർന്നു നൽകിയത്. സഭാ സമൂഹത്തിനും ലോകത്തിനും പുതിയ ജീവതശൈലി അദ്ദേഹം സംഭാവന

# കരുണയുടെയും ലാളിത്യത്തിന്റെയും ആൾരൂപമായ ഫ്രാൻസിസ് പാപ്പ

## ഡോ. ക്രിസ്തുദാസ് ആർ

*"The Light has gone out of our lives and there is darkness everywhere. Our beloved leader, Bapu, as we called him, the Father of the Nation, is no more."*

നമ്മുടെ രാഷ്ട്ര പിതാവ് ഗാന്ധിജിയുടെ മരണ വാർത്ത ലോകത്തെ അറിയിക്കുമ്പോൾ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു നടത്തിയ ഹൃദയഭേദകമായ സന്ദേശത്തിലെ ആദ്യവാചകമാണ് മേലുദ്ധരിച്ചത്.

ലോകമെങ്ങുമുള്ള 130 കോടിയിലധികം വരുന്ന കത്തോലിക്കരുടെ പരമാചാര്യനും 700 കോടിയിലധികം വരുന്ന ലോകജനതയുടെ മാർഗ്ഗദർശിയുമായിരുന്ന പരിശുദ്ധ ഫ്രാൻസിസ് പാപ്പയുടെ അപ്രതീക്ഷിത ദേഹവിയോഗം എങ്ങനെയാണ് വിശേഷിപ്പിക്കേണ്ടത്?

കരുണയുടെയും ലാളിത്യത്തിന്റെയും ആൾരൂപമായ ഫ്രാൻസിസ് പാപ്പ കടന്നുപോയി, ശരിയാണ്; പക്ഷേ, സമാധാനത്തിന്റെയും പ്രത്യാശയുടെയും നക്ഷത്രങ്ങൾ, മനുഷ്യമനസ്സുകളിലും ലോക മനസാക്ഷിയുടെയും മേൽ വിരിയിച്ചിട്ടാണ് ഫ്രാൻസിസ് പാപ്പ കടന്നുപോവുക എന്നതാണ് യാഥാർത്ഥ്യം.

ഒരു വ്യാഴവട്ടക്കാലം (12 വർഷം) സഭയെ നയിച്ച ഈ പരമാചാര്യൻ. ഒരർത്ഥത്തിൽ, സഭയെ നയിക്കുക മാത്രമല്ല, തന്റെ വാക്കുകളാലും പ്രബോധനങ്ങളാലും സർവ്വോപരി, തന്റെ ജീവിതസാക്ഷ്യംകൊണ്ടും സഭയെ ചലിപ്പിക്കുകയായിരുന്നു.





ചെയ്തു. കരുണവറ്റിയ ഊഷരഭൂമിയിൽ സ്നേഹത്തിന്റെ നീർച്ചാലുകളൊഴുക്കി. അദ്ദേഹം ഇടപെടുന്ന രീതിയും പ്രവർത്തന ശൈലിയും അനുകരിക്കാവുന്നതാണ്.

ലോകം കടുത്ത പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോൾ കഠിനമായി പ്രാർഥിച്ചു. ദുരിതങ്ങളിലൂടെ കടന്നുപോകുന്നവർക്കൊപ്പം നിന്നു. പാപ്പയായി ചുമതലയേറ്റ ദിവസം വിശ്വാസികളെ അനുഗ്രഹിക്കേണ്ടതിനു പകരം വിശ്വാസികളോട് തന്നെ അനുഗ്രഹിക്കാൻ ആവശ്യപ്പെട്ട് അവർക്കു മുൻപിൽ തല താഴ്ത്തി നിന്നാണു ഫ്രാൻസിസ് പാപ്പ വ്യത്യസ്തനായത്. ജനങ്ങളിലുള്ള ഈശ്വര ചൈതന്യത്തിന്റെ അനുഗ്രഹമാണ് അദ്ദേഹം തേടിയത്.

യൂറോപ്യൻ വേരുകളുള്ള ലാറ്റിൻ അമേരിക്കൻ ജീവിതം അടുത്തറിഞ്ഞ പാപ്പായ്ക്ക് ലോകരാജ്യങ്ങളുടെ അവസ്ഥയും ജീവിതത്തിന്റെ പ്രയാസങ്ങളും പോരാട്ടങ്ങളും അന്യമായിരുന്നില്ല. സഹവർത്തിത്വത്തിന്റെ സന്ദേശമാണ് അദ്ദേഹം നൽകിയത്.

2015ൽ ലോകം നേരിടുന്ന കാലാവസ്ഥ പ്രതിസന്ധികളെ പരിഗണിച്ച് പ്രസിദ്ധീകരിച്ച 'അങ്ങേയ്ക്ക് സ്തുതി' എന്ന ചാക്രിക ലേഖനം പരിസ്ഥിതി പ്രവർത്തകർക്കു വലിയ ആവേശമാണ് നൽകിയത്.

കോവിഡ് മഹാമാരിയിൽ ലോകം പകച്ചു നിൽക്കുമ്പോൾ പോപ്പ് ഫ്രാൻസിസ് സന്ധ്യാസമയങ്ങളിൽ സെൻറ് പീറ്റേഴ്സ് ബസലിക്കയുടെ മുന്നിൽ വന്ന് ആശങ്കാകുലമായ ലോകത്തെ മുഴുവൻ സമർപ്പിച്ച് പ്രാർഥിക്കുന്നത് പതിവായിരുന്നു. സഭാ സ്ഥാപനങ്ങൾ നവീകരിക്കപ്പെടേണ്ടതാണെന്ന ചിന്ത അദ്ദേഹത്തിനുണ്ടായിരുന്നു. കുടിയേറ്റക്കാരോടും പ്രകൃതി ദുരന്തങ്ങൾ നേരിടുന്ന ജനതകളോടും കാണിച്ച കരുണയുടെയും കരുതലിന്റെയും സഹാനുഭൂതിയുടെയും സമീപനം പാപ്പായെ വ്യത്യസ്തനാക്കുന്നു. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും പ്രവാചകന് പ്രാർത്ഥനകളോടെ വിട.

സഭ പാവപ്പെട്ടവർക്കുവേണ്ടി നിലകൊള്ളണമെന്നും പാർശ്വവൽക്കരിക്കപ്പെട്ടവരേയും സമൂഹം പുറം തള്ളിയവരേയും ചേർത്തുപിടിച്ച് അവരെയും ഒപ്പം കൂട്ടിയുള്ള യാത്രയാണ് ക്രിസ്തു വിഭാവനചെയ്ത യഥാർത്ഥ സഭാശുശ്രൂഷയെന്ന് നിരന്തരം പഠിപ്പിക്കുകയും സ്വജീവിതംകൊണ്ട് സാക്ഷ്യപ്പെടുത്തുകയും ചെയ്തു എന്നതാണ്, ഫ്രാൻസിസ് പാപ്പായുടെ പരമാചാര്യ ശുശ്രൂഷയുടെ ഏറ്റവും തിളക്കമാർന്ന മുഖമുദ്ര.

ഒരുപക്ഷേ, ഭാഗ്യസ്മരണാർഹനായ വിശുദ്ധ ജോൺ 23-ാമൻ പാപ്പയ്ക്കുശേഷം, നവീകരണത്തിനും മാറ്റത്തിനും ഐക്യത്തിനും വേണ്ടി സഭയുടെ വാതായനങ്ങൾ ദൃഢനിശ്ചയത്തോടെ മലർക്കെ തുറന്നിട്ട പരിശുദ്ധ പിതാവ്, ഫ്രാൻസിസ് പാപ്പ ആയിരിക്കും എന്ന് ചരിത്രം രേഖപ്പെടുത്തിയാലും അതിൽ അതിശയോക്തിയില്ല.

ഫ്രാൻസിസ് പാപ്പയുടെ ദേഹവിയോഗം ലോകരാഷ്ട്രങ്ങൾ എങ്ങനെ പ്രതികരിച്ചു എന്ന് ഈ ദിവസങ്ങളിൽ നാം കണ്ടു. ഒരുപക്ഷേ, സമകാലീന ചരിത്രത്തിൽ ഒരു വ്യക്തിയുടെ, ഒരു മതാചാര്യന്റെ, ഒരു രാഷ്ട്രത്തലവന്റെ വിയോഗത്തിൽ ഇത്രയധികം ലോകരാഷ്ട്രങ്ങൾ പ്രതികരിക്കുകയും അനുശോചനം രേഖപ്പെടുത്തുകയും ദേശീയ ദുഃഖാചരണമായി ആചരിക്കുകയും ചെയ്തു മറ്റൊരു അവസരം ഉണ്ടായിട്ടുണ്ടോ എന്നത് ചിന്തനീയമാണ്. അത്രയേറെ സ്വാധീനം ഫ്രാൻസിസ് പാപ്പയുടെ വാക്കുകൾക്കും പ്രവർത്തികൾക്കും രാഷ്ട്രത്തലവന്മാരുടെയും ലോക മനസ്സാക്ഷിയുടെയും മേൽ ഉണ്ടായിരുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്.

തന്റെ ആഗ്രഹപ്രകാരം ഫ്രാൻസിസ് പാപ്പയുടെ ഭൗതികശരീരം പരിശുദ്ധ അമ്മയുടെ അരികിലാണ് അന്ത്യവിശ്രമം കൊള്ളുക. ഫ്രാൻസിസ് പാപ്പ; തന്റെ മരണപത്രത്തിൽ ഇപ്രകാരം കുറിച്ചുവച്ചു;

"എന്റെ ജീവിതകാലം മുഴുവനും ഒരു പുരോഹിതനായും മെത്രാനുമായുള്ള ശുശ്രൂഷയുടെ കാലത്തും ഞാനെപ്പോഴും നമ്മുടെ രക്ഷകന്റെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ സംരക്ഷണത്തിന് സ്വയം സമർപ്പിച്ചിരുന്നു. ഈ കാരണത്താൽ, എന്റെ ഭൗതികാവശിഷ്ടങ്ങൾ ഉയിർപ്പിന്റെ ദിനം പ്രതീക്ഷിച്ച് പരിശുദ്ധ മാതാവിന്റെ പേപ്പൽ ബസിലിക്കയായ സെൻറ് മേരി മേജറിൽ വിശ്രമിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. എന്റെ ഈ ഭൂമിയിലെ അവസാനയാത്ര, ഈ പുരാതന മരിയൻ തീർത്ഥാടന കേന്ദ്രത്തിൽത്തന്നെ അവസാനിപ്പിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു."

പരിശുദ്ധ പിതാവേ, അങ്ങയുടെ ജീവിതയാത്ര അവസാനിച്ചു, സ്വർഗ്ഗോന്മുഖമായ യാത്ര ആരംഭിച്ചു. ഞങ്ങളുടെ ജീവിതയാത്രയിൽ അങ്ങ് ഞങ്ങളിൽ ചൊരിഞ്ഞ വാത്സല്യത്തിനും കരുതലിനും സ്നേഹത്തിനും കരുണയ്ക്കും ഞങ്ങൾ നന്ദി പറയുന്നു. അങ്ങേയ്ക്കുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

# ഓഖിയുടെ നാളിൽ വന്ന ആ ഫോൺവിളി

## ആർച്ച്ബിഷപ് ഇമെരിറ്റസ് ഡോ.എം. സൂസപാക്യം



വർഷങ്ങൾക്കു മുൻപാണ്, സഭയുടെ സിനഡ് സമ്മേളനത്തിൽ പങ്കെടുക്കാൻ തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ആർച്ച് ബിഷപ് എന്ന നിലയിൽ ഞാൻ വത്തിക്കാനിൽ പോയി. സമ്മേളനത്തിൽ എന്റെയടുത്ത് ഇറ്റലിയിൽ നിന്നുള്ള ആർച്ച് ബിഷപ്പാണ് ഇരുന്നത്. ഞങ്ങളുടെ മുന്നിലായിരുന്നു കർദിനാൾമാരുടെ നിര. അതിലൊരാളെ ചൂണ്ടിക്കാട്ടി ഇറ്റാലിയൻ ആർച്ച് ബിഷപ് എന്നോടു ചോദിച്ചു – 'ഇദ്ദേഹത്തെ അറിയാമോ?' ഇല്ല എന്നു ഞാൻ മറപടി നൽകി. 'ഇദ്ദേഹമാണ് കർദിനാൾ ബർഗോളിയോ. അർജന്റീനക്കാരനാണ്. ബനഡിക്ട് പതിനാറാമൻ പാപ്പയെ തിരഞ്ഞെടുത്ത കോൺക്ലേവിൽ ഇദ്ദേഹത്തിനും ഒട്ടേറെ വോട്ട് ലഭിച്ചിരുന്നു' – ആർച്ച് ബിഷപ് പറഞ്ഞു. കർദിനാൾ ബർഗോളിയോ എന്ന അർജന്റീനക്കാരനെ, പിന്നീട് നമ്മുടെ പാപ്പയായ ഫ്രാൻസിസ് പിതാവിനെ, അന്നാണ് ഞാൻ ആദ്യമായി കാണുന്നത്.

ഏതാനും വർഷങ്ങൾക്കു ശേഷം ഞാൻ വീണ്ടും വത്തിക്കാനിൽ പോയി. 'മാർത്താസ്' എന്നു പേരുള്ള കെട്ടിടത്തിലാണ് ഞാനടക്കമുള്ളവർക്കു മുറി ലഭിച്ചത്. പാപ്പ താമസിച്ച അതേ കെട്ടിടത്തിൽ. എനിക്കത് വലിയ അതിശയമായിരുന്നു. രാത്രി ഭക്ഷണം കഴിക്കാൻ ഹാളിലേക്കു പോയപ്പോൾ അവിടെ പാപ്പ നിൽക്കുന്നു; കയ്യിൽ 2 റൊട്ടിക്കഷണവുമായി. അത് സ്വയം ചൂടാക്കിയെടുത്ത് അദ്ദേഹം കഴിച്ചു. പാപ്പയുള്ളതിനാൽ വളരെ ശ്രദ്ധിച്ചു നിൽക്കണമെന്ന് അവിടത്തെ അധികൃതർ ഞങ്ങൾക്കു നിർദേശം നൽകിയിരുന്നു. പക്ഷേ, പാപ്പ ഭക്ഷണവുമെടുത്ത് ഞങ്ങൾക്കരികിലേക്കു വന്നു. എല്ലാവർക്കുമൊപ്പമിരുന്നു കഴിച്ചു. എല്ലാവരോടും വളരെ ഊഷ്മളതയോടെ അദ്ദേഹം ഇടപെട്ടു.

നമ്മുടെ തീരത്ത് ഓഖി കൊടുങ്കാറ്റ് ആഞ്ഞടിച്ച സമയം. ഒരു ദിവസം എനിക്കൊരു ഫോൺകോൾ വന്നു. പാപ്പയുടെ ഓഫീസിൽ നിന്നായിരുന്നു ആ വിളി. പാപ്പ നിർദേശിച്ചതനുസരിച്ച് വിവരങ്ങൾ അന്വേഷിക്കാൻ വിളിച്ചതാണ്. ദുരന്തത്തിന്റെ വിവരങ്ങളെല്ലാം അദ്ദേഹത്തോടു പറഞ്ഞു. എല്ലാ കാര്യങ്ങളും പാപ്പയെ എഴുതിയറിയിക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. എല്ലാവരെയും ചേർത്തുപിടിച്ച പാപ്പയ്ക്ക് അന്ന് ഞാൻ എഴുതി. ലോകത്ത് എവിടെ അപകടമുണ്ടായാലും പാപ്പയുടെ ശ്രദ്ധയും കരുതലും അവിടേക്കെത്തി. ഓഖി ദുരന്തത്തിലകപ്പെട്ടവർക്കു വേണ്ടിയും അദ്ദേഹം പ്രാർഥിച്ചു.

# ജീവിതരേഖ: ഫ്രാൻസിസ് പാപ്പ




ജനനം: 1936 ഡിസംബർ 17

പിതാവ്: മാരിയോ ജോസ് ബർഗോളിയോ (റെയിൽവേ ജീവനക്കാരൻ)

മാതാവ്: റജീന സിവോറി (വീട്ടമ്മ)

സഹോദരങ്ങൾ: ആൽബർട്ടോ, ഓസ്കർ, മാർത്ത റജീന, മരിയ എലെന

- » 1949: ബ്യൂനസ് ഐറിസിലെ റാമോസ് മെജിയ സലേഷ്യൻ കോളജിൽ പഠനം ആരംഭിച്ചു. ബ്യൂനസ് ഐറിസ് സർവകലാശാലയിൽനിന്നും രസതന്ത്രത്തിൽ ബിരുദാനന്തര ബിരുദം.
- » 1957: ഗുരുതര രോഗം ബാധിക്കുന്നു. ശ്വാസകോശത്തിന്റെ ഒരു ഭാഗം നീക്കം ചെയ്തു.
- » 1958 മാർച്ച് 11: വൈദിക വിദ്യാർഥിയായി ഈശോസഭയിൽ.
- » 1958-63: ചിലെയിലെ സാന്തിയാഗോ പാദ്രേ ഹുർത്താദോയിൽ ഹ്യൂമാനിറ്റീസ് പഠനം.
- » 1963 : ബ്യൂനസ് ഐറിസിലെ സാൻ മിഖുവേൽ സെമിനാരിയിൽ ഫിലോസഫി പഠനം.
- » 1964-65 അർജന്റീനയിലെ സാന്താഫോ ജെസ്യൂട്ട് സെക്കൻഡറി സ്കൂളിൽ അധ്യാപകൻ.
- » 1966: ബ്യൂനസ് ഐറിസിലെ കൊളജിയോ ഡെൽ സാൽവദോർ സെക്കൻഡറി സ്കൂളിൽ അധ്യാപകൻ.
- » 1967-70: സാൻ മിഖുവേൽ സെമിനാരിയിൽ ദൈവശാസ്ത്ര പഠനം.
- » 1969 ഡിസംബർ 13: വൈദികപട്ടം.
- » 1970-71: സ്പെയിനിലെ അൽകലാ ഡി ഹെനാറസ് സർവകലാശാലയിൽ പഠനം.
- » 1973 ജൂലൈ 31: ഈശോസഭ അർജൻറീന, യുറഗ്വായ് പ്രൊവിൻഷ്യൽ സുപ്പീരിയർ.
- » 1980-86: കൊളജിയോ മാക്സിമോ സെമിനാരി റെക്ടർ
- » 1986: ഡോക്ടറൽ പഠനം പൂർത്തിയാക്കാൻ ജർമനിയിലേക്ക്
- » 1992 മേയ് 20: ബ്യൂനസ് ഐറിസ് സഹായ മെത്രാൻ (1992-97).
- » 1997 ജൂൺ 3: ബ്യൂനസ് ഐറിസ് കോഡ്ജൂറ്റർ ആർച്ച് ബിഷപ്.
- » 1998 ഫെബ്രുവരി 28: ബ്യൂനസ് ഐറിസ് ആർച്ച് ബിഷപ്.
- » 2001 ഫെബ്രുവരി 21: കർദിനാൾ പദവി.
- » 2001 -2013: കർദിനാൾ പ്രീസ്റ്റ് സാൻ റോബർട്ടോ ബല്ലാർമിനോ.
- » 2005: ജോൺ പോൾ രണ്ടാമൻ ദിവംഗതനായ ശേഷം നടന്ന പാപ്പ തിരഞ്ഞെടുപ്പിൽ അവസാന റൗണ്ടുവരെ പരിഗണിക്കപ്പെട്ടു.
- » 2005-11: അർജൻറീന കാത്തലിക് ബിഷപ് കോൺഫറൻസ് അധ്യക്ഷൻ.
- » 2013 മാർച്ച് 13: കത്തോലിക്കാ സഭയുടെ 266-ാം പാപ്പയായി.
- » 2013 മാർച്ച് 19: പാപ്പയായി സ്ഥാനാരോഹണം.









ലേഖനം





# അവകാശ സമരങ്ങളുടെ കേരളത്തെ അതല്ലാതാക്കി മാറ്റുന്നതാര്?

**ആർ. ബിജു**

റാങ്ക് ലിസ്റ്റ് കാലാവധി തീർന്നതോടെ സിവിൽ പോലീസ് വനിതാ ഉദ്യോഗാർത്ഥികളുടെ എല്ലാ പ്രതീക്ഷകളേയും തകർക്കുന്ന കാര്യത്തിൽ ഈ സർക്കാരും വിജയിച്ചിരിക്കുന്നു! പതിനെട്ട് ദിവസം സെക്രട്ടേറിയറ്റിനു മുന്നിൽ സമരമിരുന്ന അവർ നിരാശയോടെ മടങ്ങി.

"ഈ ജോലി ഞങ്ങളുടെ ജീവനും ജീവിതവുമാവുമെന്നാണ് കരുതിയത്. അത് എരിഞ്ഞുതീർന്നിട്ടാണ് പോവുന്നത്."

" ഇനിയെന്ത് പ്രതീക്ഷ. ഉള്ള പ്രതീക്ഷ - അത് ഞങ്ങളിവിടെ ചാരത്തിൽ മൂടിവച്ചിരിക്കയാണ്."

"ഞങ്ങളെന്തായാലും വീട്ടിൽ പോവുകയാണ്. മുഖ്യമന്ത്രി സാറേ ഞങ്ങൾ പോവുകയാണ്."

"കുറച്ച് ദിവസം ഡിപ്രഷൻ സ്റ്റേജിലൂടെ കടന്നുപോകും. ആരോടും ഒന്നും സംസാരിക്കാൻ പറ്റില്ല. നാട്ടുകാരുടെ മുഖത്ത് നോക്കാൻ പറ്റില്ല. കുറച്ചുദിവസം കഴിയുമ്പോൾ ശരിയാകും. ശരിയാകണമല്ലോ. ലൈഫല്ലേ!" സമരത്തിൽനിന്നും മട



ങ്ങുന്ന പെൺകുട്ടികൾ അധികാരികളുടെ മുഖത്തുനോക്കി പറഞ്ഞ അവസാനത്തെ വാക്ക്

'ശരിയാകണമല്ലോ - ലൈഫല്ലേ' എന്നത്, ഞങ്ങൾക്ക് പിൻവാങ്ങാൻ പറ്റില്ല ഇത് ജീവിതമാണ് എന്ന ഓർമ്മപ്പെടുത്തൽ കൂടിയാണത്.

രണ്ടാം പിണറായി സർക്കാരിന്റെ നാലാംകൊല്ലം ആഘോഷിക്കാൻ നൂറ് കോടിയുടെ ഒരുക്കങ്ങൾ തുടങ്ങിയ ദിവസങ്ങളിലായിരുന്നു ഇതൊക്കെ നടന്നത്. സമരകേരളമെന്ന് പുകൾപെറ്റ നാട്ടിലിപ്പോൾ സമര വിരുദ്ധമായ ഭരണത്തിന്റെ ഒൻപതാം വർഷവുമാണ്.

പണിയെടുത്തിട്ടും ശമ്പളവും പെൻഷനുമില്ലാത്ത കെ എസ് ആർ ടി സി യുടെ അവസ്ഥ നാം കാണുകയാണ്. KSEB യിലും ഇതേപാത തുടരുകയാണ്. ഓരോ മേഖലയിലും തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധികളെയും സമരത്തിന്റെ ആവശ്യകതയും പൊതുജനങ്ങളെയും ബോധ്യപ്പെടുത്തി പിന്തുണ നേടിയെടുക്കുന്ന സംഘടനാ രീതി പ്രബലരെന്നു കരുതുന്ന യൂണിയനുകൾ ഉപേക്ഷിച്ചുകഴിഞ്ഞു. എങ്കിലും ആൾബലവും ധാർഷ്ട്യവും വെല്ലുവിളികളും മാത്രമായി അവർ നമ്മുടെ മുമ്പിൽ ഇപ്പോഴും വന്നു നിൽക്കുന്നുമുണ്ട്.

കടലും കടൽസമ്പത്തും മത്സ്യത്തൊഴിലാളികളുടെ ജീവിതവും സംരക്ഷിക്കാൻ വിഴിഞ്ഞത്ത് നടന്ന ജനകീയ സമരം നമ്മുടെ ഓർമ്മയിലുണ്ടല്ലോ! ആ സമരത്തെ തകർത്തുകളയുന്നതിൽ വിജയിച്ചവരാണ് ഞങ്ങളെന്ന് അഭിമാനപൂർവ്വം പറയുന്ന ഒരു "ഇടതുപക്ഷ" ഗവണ്മെന്റാണ് നമ്മുടെ നാടുഭരിക്കുന്നത്. ഉപജീവനമാർഗ്ഗവും തങ്ങളുടെ ആവാസഭൂമിയും നഷ്ടപ്പെട്ടുകൊണ്ടിരുന്ന മത്സ്യത്തൊഴിലാളികൾ അഞ്ചു മാസം തുടർച്ചയായി നടത്തിയ ബഹുജന സമരത്തെ എങ്ങനെയാണ് ഈ സർക്കാർ സമീപിച്ചതെന്നും നാം കണ്ടു.

സമരക്കാരുമായി ഗൗരവമായ ഒരു ചർച്ചയ്ക്കും ഇടം കൊടുക്കാതെ ഒഴിഞ്ഞുമാറി നടക്കുകയായിരുന്നു മുഖ്യമന്ത്രിയും സംഘവും. സമരം കൂടുതൽ കരുത്തോടെ ജനപിന്തുണ നേടിക്കൊണ്ടിരിക്കുമ്പോൾ അതിനെ തകർക്കാൻ സമാന്തരമായി വിഭാഗീയതയുടെ വിത്തു പാകി കാത്തിരിക്കുകയായിരുന്നു സമര വിരുദ്ധ സർക്കാർ പക്ഷം.

ലത്തീൻ സുദായത്തിന്റെ മാത്രം സമരമായി അവർ നിരന്തരം പറഞ്ഞുകൊണ്ടിരുന്നു. ക്രമേണ അദാനിക്കുവേണ്ടി CPM ഉം BJP യും കൈകോർക്കുന്ന കാഴ്ചയും സെക്രട്ടേറിയറ്റിനു മുന്നിൽ നാം കണ്ടു. കേരളം നേരിടാൻപോകുന്ന അപകടകരമായ ഒരു അപ്രഖ്യാപിത ഐക്യമുന്നണിയുടെ തുടക്കമായിരുന്നു അത്. അവർ ഒരുക്കിയ കെണികളിൽ വീഴാതെ സമരസമിതിക്ക് ഒടുവിൽ സമരം അവസാനിപ്പിക്കേണ്ടിവന്നു.

രാജ്യദ്രോഹമെന്നും വികസന വിരുദ്ധമെന്നും സമരത്തിനെതിരെ നിരന്തരം ആക്ഷേപം ചൊരിഞ്ഞ് കുത്തക മുതലാളിമാർക്കു വേണ്ടി തൊഴിലാളിവിരുദ്ധ നിലപാട് എടുക്കാൻ ഈ സർക്കാരിന് ഒരു മടിയുമുണ്ടാവില്ലെന്ന പുതിയ സന്ദേശം നൽകുകയായിരുന്നു അവർ. സാമ്പത്തിക പ്രതിസന്ധികളിലൂടെയാണ് സർക്കാർ കടന്നുപോകുന്നതെന്ന് പറഞ്ഞു കൊണ്ടിരിക്കുമ്പോഴും അദാനി തുറമുഖം ആവശ്യപ്പെടുന്ന കോടികൾ സംഘടിപ്പിച്ചു കൊടുക്കാൻ എന്നുംകാണിക്കുന്ന വേഗത, അത് മുതലാളിത്തക്കൂറല്ലാതെ മറ്റൊന്നുമല്ല.

വിഴിഞ്ഞം സമരം, സി എ എ സമരം, കർഷക സമരം.... ഈ കെട്ട കാലത്തെ പ്രതീക്ഷകളായിരുന്നു. സങ്കുചിതമായ ജാതി - മത - കക്ഷി രാഷ്ട്രീയങ്ങൾക്ക് അപ്പുറം ജനങ്ങളുടെ ഐക്യപ്പെടൽ അവിടെ നാം കണ്ടു. ഇന്ന്, അവകാശ നിഷേധങ്ങളിൽ ശ്വാസംമുട്ടിപ്പിടയുന്ന തൊഴിലാളികൾക്ക് ആത്മവീര്യം പകർന്നുകൊണ്ട് ആയിരക്കണക്കിന് നിർദ്ധനരായ ആശമാർ കീഴടങ്ങാത്ത പോരാട്ടത്തിന്റെ മാർഗ്ഗം നമുക്ക് കാട്ടിത്തരുകയാണ്.

സംസ്ഥാനത്തെ ഇരുപത്താറായിരത്തിൽപ്പരം ആശാ വർക്കർമാർ അടിസ്ഥാന ആവശ്യങ്ങൾ ഉന്നയിച്ച്

**കോർപ്പറേറ്റുകളെ സേവിച്ചുകൊണ്ടിരിക്കുന്ന ഈ ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം ഇനി ഒരു സമരവും ഡിമാന്റുകൾ നേടി വിജയിക്കാൻ പാടില്ല. അതുകൊണ്ട് എന്തു വില കൊടുത്തും സമരങ്ങളെ പരാജയപ്പെടുത്തുക എന്നതായി മാറിയിരിക്കുന്നു സർക്കാർ നിലപാട്.**



സെക്രട്ടേറിയറ്റിനു മുന്നിൽ സമരം തുടങ്ങുന്നത് 2025 ഫെബ്രുവരി 10 ന്.

സർക്കാർതന്നെ പ്രഖ്യാപിച്ചിരിക്കുന്ന പ്രതിദിന മിനിമം കൂലിയായ 700 രൂപയാണ് അവരുടെ ഒരാവശ്യം. 233 രൂപയെന്ന അപമാനകരമായ അവസ്ഥയിൽനിന്നും മാറ്റം ആവശ്യപ്പെട്ട സമരം മനുഷ്യ സ്നേഹികളുടെയെല്ലാം വികാരമായി മാറിക്കഴിഞ്ഞു. ഒരു ട്രേഡ് യൂണിയനിലും അഫിലിയേറ്റ് ചെയ്തിട്ടില്ലാത്ത കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ എന്ന സ്വതന്ത്ര സംഘടനയുടെ നേതൃത്വത്തിലാണ് സമരം നടന്നുവരുന്നത്.

കഴിഞ്ഞ 11 വർഷമായി കേരളത്തിൽ പ്രവർത്തിക്കുന്ന ഈ സംഘടനയുടെ നേതൃത്വത്തിൽ സംസ്ഥാന സർക്കാരിനെതിരെയും കേന്ദ്ര ഗവൺമെന്റിനെതിരെയും നിരവധി തവണ സമരങ്ങളിലൂടെ തങ്ങളുടെ ആവശ്യങ്ങളായ ഓണറേറിയവും ഇൻസന്റീവും വർദ്ധിപ്പിക്കണമെന്ന് ഉന്നയിച്ചതാണ്. ഈ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ആശമാരുടെ വേതനത്തിലെ പ്രധാന പങ്ക് ഓണറേറിയമാണ്. അത് സംസ്ഥാന സർക്കാരിന്റെ ചുമതലയിലുള്ളതാണ്.

ഇൻസെന്റീവ് കേന്ദ്ര ഗവൺമെന്റാണ് നൽകുന്നത്. സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന്റെകീഴിൽ നിർവ്വഹിക്കേണ്ട ഉത്തരവാദിത്തങ്ങളാണ് ആശമാരെ ഏൽപിക്കുന്നത്. അവരെ നിയമിക്കുന്നത് സംസ്ഥാന സർക്കാരിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. ഇവർ കൂലി കൂട്ടണമെന്ന് ആവശ്യപ്പെട്ടപ്പോൾ, പിരിച്ചു വിടുമെന്നും കേന്ദ്രത്തോടാണ് സമരം ചെയ്യേണ്ടതെന്നും പറയുന്നതിന്റെ യുക്തിയെന്താണ്? പണിയെടുക്കുന്നവർക്ക് ന്യായമായ കൂലിയും മാനുഷിക പരിഗണനയും നൽകാതെ ആശമാരെ പെരുവഴിയിൽ ഇപ്പോഴും ഇരുത്തിയിരിക്കുന്നത് എന്തിനുവേണ്ടി?

ആശമാർ ഉയർത്തിയ അടിസ്ഥാന ആവശ്യങ്ങളെ ബഹുജനങ്ങളും മാധ്യമങ്ങളും പിന്തുണച്ചപ്പോൾ അധികാരികളും നേതാക്കളും മന്ത്രിമാരും അധിക്ഷേപങ്ങളുമായാണ് അതിനെ നേരിട്ടത്. സമരത്തെ പിന്തുണയ്ക്കാനെത്തിയ പ്രമുഖർ ഉൾപ്പെടെയുള്ളവർക്കെതിരെ പോലീസ് കേസ് ചുമത്തി. സമരക്കാരെ ചർച്ചക്കെന്നു പറഞ്ഞു വിളിച്ചിട്ട് സമരം പിൻവലിക്കാനുള്ള സാരോപദേശം നൽകുകയാണ് ആരോഗ്യ മന്ത്രി ചെയ്തത്. സമരംചെയ്ത് കാര്യം നേടാനാവുമെന്ന വാശി വേണ്ടെന്ന് മുഖ്യമന്ത്രിയും! തുടക്കം മുതൽ അധിക്ഷേപവുമായി വന്ന സി ഐ ടി യു നേതാക്കൾ സമരം പൊളിക്കാൻ ബദൽസമരവും നടത്തി.

വിഴിഞ്ഞം സമരകാലത്ത്, ആ സമരം പൊളിക്കാൻ ബദൽ സമരവുമായി ബി ജെ പി യും സിപിഎം ഉം ഒത്തുചേർന്നത് ഓർക്കുക! സമരങ്ങളെല്ലാം ഏതെങ്കിലും പാർട്ടിയുടെ അല്ലെങ്കിൽ മുന്നണിയുടെ ലേബലിൽ മാത്രം മതിയെന്ന കാലം കഴിയുകയാണ്. ചടങ്ങുസമരങ്ങൾക്ക് അവസാനമുണ്ടായേ മതിയാവൂ. സംഘടനയുടെ വലിപ്പവും സാമ്പത്തിക ശേഷിയും ഭരണത്തിലുള്ള സ്വാധീനവും അല്ല ശരിതെറ്റുകളുടെ മാനദണ്ഡം.

അധികാര കസേരകൾക്ക് വേണ്ടിയുള്ള കസർത്തുകൾ നിയമസഭയ്ക്കകത്തും പുറത്തും പയറ്റുന്നവർക്ക് ശരിയായ സമരരീതികൾ പോലും മറന്നിരിക്കുന്നു! ഞങ്ങൾ ഭരിക്കുമ്പോൾ ഒരു സമരവും പാടില്ലെന്ന് ഇടതുപക്ഷത്തിന്റെ പേരിൽ ഭരിക്കുന്നവർ പറഞ്ഞാൽ അനുസരിച്ചു തരാൻ മനസ്സില്ലായെന്ന് പറയുന്ന തൊഴിലാളികൾ ഇവിടെ ഉണ്ടെന്നു തെളിയിക്കുകയാണ് ആശമാർ.

പണിയെടുത്തു ജീവിക്കുന്നവരാകെ അവകാശങ്ങൾ നഷ്ടപ്പെട്ട് അടിമ സമാനമായ സ്ഥിതിയിലേക്ക് പോകുമ്പോൾ, സമരവിരുദ്ധ മനോഭാവം സമൂഹത്തിന്റെ ജനാധിപത്യ അന്തരീക്ഷത്തെ തകർത്തുകളയുമെന്ന യാഥാർത്ഥ്യം വിസ്മരിച്ചവർക്കുള്ള മറുപടി ആശാസമരം കാണിച്ചുതരുന്നു. കോർപ്പറേറ്റുകളെ സേവിച്ചുകൊണ്ടിരിക്കുന്ന ഈ ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം ഇനി ഒരു സമരവും ഡിമാന്റുകൾ നേടി വിജയിക്കാൻ പാടില്ല.

അതുകൊണ്ട് എന്തു വിലകൊടുത്തും സമരങ്ങളെ പരാജയപ്പെടുത്തുക എന്നതായി മാറിയിരിക്കുന്നു സർക്കാർ നിലപാട്. സ്വന്തം സംഘടനയുടെ അടിമണ്ണ് കാൽച്ചുവട്ടിലൂടെ ഒലിച്ചു പോകുന്നത് കണ്ടുകൊണ്ടുതന്നെയാണ് അവർ ഈ നിലയിൽ ഉറച്ചു നിൽക്കുന്നത്. ഈസ് ഓഫ് ഡൂയിങ് ബിസിനസിന് നിരക്കാത്ത ഒന്നും, വൻ ഉടമകൾക്ക് ഇഷ്ടമാകാത്തതൊന്നും അവർ ചെയ്യില്ല. അതുകൊണ്ടാണ് ഇവർ സാർവ്വദേശീയ തൊഴിലാളി ദിനം ഒരു ചടങ്ങായി ആഘോഷിച്ചിട്ട് തൊട്ടടുത്ത ദിവസം, മെയ് രണ്ടിന് പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും തോളിൽ കയ്യിട്ട് നമ്മുടെ വിഴിഞ്ഞം തുറമുഖം അദാനിക്ക് എഴുതിക്കൊടുക്കുന്നത്.

എം കെ സാനുമാഷ് ഉൾപ്പെടെ ആദരണീയരായ നിരവധി പ്രമുഖർ ആശമാരോടൊപ്പമാണെന്ന് പ്രഖ്യാപിച്ചു കഴിഞ്ഞു. കേരള സാഹിത്യ അക്കാദമി ചെയർമാൻ കൂടിയായ കവി സച്ചിദാനന്ദന്റെ നീണ്ട വാക്കുകൾ മലയാളികൾ ഏറ്റെടുത്തു കഴിഞ്ഞു; "നമുക്ക് അറിയാം മുടിമുറിച്ചും പട്ടിണികിടന്നും നടത്തുന്ന തീർത്തും അഹിംസാത്മകവും നീതിപൂർവ്വകവുമായ സമരമാണ് ഇത് എന്ന്. ഈ അവസ്ഥയുടെ ഉത്തരവാദിത്തം കേന്ദ്ര ഗവൺമെന്റും കേരള ഗവൺമെന്റും ഒപ്പം വഹിക്കേണ്ടതാണ് എന്ന് കരുതുന്ന അനേകം സാധാരണ മനുഷ്യരിൽ ഒരാളാണ് ഞാൻ. കോർപ്പറേറ്റ് - ഫാഷിസ്റ്റ് കേന്ദ്രഭരണകൂടത്തിൽ നിന്ന് 2005 ൽ മൻമോഹൻസിംങ് ആരംഭിച്ച ഈ ആരോഗ്യപരിപാലന പദ്ധതിക്കും അതിലെ പ്രവർത്തകർക്കും വലിയ ആനുകൂല്യങ്ങൾ ഒന്നും ലഭിക്കും എന്ന പ്രതീക്ഷ വെച്ചുപുലർത്തിക്കൂടാ. അതേസമ

യം അതിനുവേണ്ടിയുള്ള സമ്മർദ്ദം കേന്ദ്ര ഗവൺമെന്റിൽ ചെലുത്താൻ നമുക്ക് കഴിയുകയും വേണം. തികച്ചും കേന്ദ്ര ഗവൺമെന്റിനെക്കുറിച്ച് ഹതാശരായ ആശ വർക്കർമാരാണ് ഇന്ന് കേരള ഗവൺമെന്റിനോട് അല്പം എങ്കിലും വർധന, തങ്ങൾക്ക് അവർ നൽകിവരുന്ന ഓണറേറിയത്തിൽ ഉണ്ടാക്കി ഈ സമരം അവസാനിപ്പിക്കാൻ സഹായിക്കണം എന്ന് അഭ്യർത്ഥിക്കുന്നത്.

കേരള ഗവൺമെന്റിന്റെ മറുപടികൾ നാം എല്ലാദിവസവും കണ്ടുകൊണ്ടിരിക്കുന്നു. അത് പലതരത്തിൽ നിർഭാഗ്യകരമാണ്. എങ്കിലും ഒരു ഇടതുപക്ഷ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമ്പോൾ അത് അങ്ങേയറ്റം അപലപനീയം തന്നെയായി മാറുന്നു. ഇത് ഒരു കേന്ദ്ര പദ്ധതിയാണ് എന്നതാണ് ഒന്നാമത്തെ മറുപടി, അതുകൊണ്ട് ഡൽഹിയിൽ പോയി സമരം ചെയ്യൂ എന്നാണ് ഈ ഹതാശകളായ, ഹതഭാഗ്യരായ ആശാവർക്കർമാരോട് നമ്മുടെ ഗവൺമെന്റ് പറയുന്നത്.

പക്ഷേ, ആരാണ് ഓണറേറിയം നൽകുന്നത്, ഇതേ ആളുകൾ പറയുന്ന ഓണറേറിയം 7000 രൂപ വരെ വർദ്ധിപ്പിച്ചത് കേരളത്തിലെ സർക്കാർ ആണ് എന്ന്. എങ്കിൽ എന്തുകൊണ്ട് അവർക്ക് ഒരു ചെറിയ വർധനവുകൂടി നൽകി, ഈ ഓണറേറിയം കൂട്ടി നൽകി, സമരം അവസാനിപ്പിച്ചുകൂടാ. നമുക്കറിയാം കേരളം എല്ലാത്തരത്തിലും ജീവിത ചെലവുകൾ കൂടിയ ഒരു സ്ഥലമാണ്. ഒരു തൊഴിലാളിക്ക് വിശേഷിച്ചും ഒരു ആൺ തൊഴിലാളിയാണെങ്കിൽ 1000 രൂപയെങ്കിലും കൂലി കേരളത്തിൽ എമ്പാടും തന്നെയുണ്ട്. അത്തരമൊരു സ്ഥലത്ത് വളരെ നിസ്സാരമായ ഒരു ഓണറേറിയം നൽകിക്കൊണ്ട് ഈ സമരത്തിന് കാരണക്കാർ ആവുക എന്ന കാര്യമാണ് കേരള ഗവൺമെന്റ് ചെയ്തിട്ടുള്ളത്. കാരണം ആ തൊഴിലാളികൾക്കുപോലും സമയനിഷ്ടയുണ്ട്. ഒരു പ്രത്യേക സമയം മുതൽ ഒരു പ്രത്യേക സമയം വരെയാണ് അവർ ജോലി ചെയ്യുന്നത്. എന്നാൽ ഈ ആശാവർക്കർമാർ ആകട്ടെ യാതൊരു സമയനിഷ്ഠതയുമില്ലാതെ ഏതുസമയത്ത് വിളിച്ചാലും സഹായം ലഭ്യമാകുന്ന തരത്തിൽ ജോലിചെയ്യുന്ന ആളുകളാണ്. കേരളത്തിന്റെ ആരോഗ്യരംഗത്തെക്കുറിച്ച് നാം അഭിമാനം കൊള്ളുന്നുവെങ്കിൽ അതിനുള്ള കാരണക്കാരിൽ പ്രധാനികളായ ഒരു കൂട്ടരാണ് ആശാവർക്കർമാരെന്ന് നമുക്കറിയാം.



**ഒരു ജനാധിപത്യ സർക്കാർ ജനങ്ങളുടെ താൽപര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കാൻ ബാധ്യസ്ഥമാണ്.**



ഇവർ സ്ത്രീകളാണ് എന്ന കാര്യം പോലും ഈ സമരത്തിൽ പരിഗണിക്കപ്പെടുന്നില്ല എന്നത് വളരെയധികം വേദനിപ്പിക്കുന്നു. അതിദയനീയമായ അവസ്ഥയിൽ ആത്മഹത്യയുടെ വക്കിൽ എന്ന് പറയുന്നതുപോലെ കഴിയുന്ന മനുഷ്യരാണ് ഇവർ. അതേസമയം തങ്ങൾ ആത്മഹത്യ ചെയ്യുകയില്ലെന്നും തങ്ങൾക്ക് നീതി കിട്ടുന്നതുവരെ അവസാനംവരെ പൊരുതുമെന്നും പ്രഖ്യാപിക്കാനുള്ള ആന്തരികമായ കരുത്തുള്ള മനുഷ്യർ കൂടിയാണ് ഇവർ. അതുകൊണ്ടുതന്നെ സ്ത്രീകൾ എന്ന നിലയിലും തൊഴിലാളികൾ എന്ന നിലയിലും ആരോഗ്യരംഗത്തിന് ഏറ്റവും വലിയ സംഭാവന നൽകിയ ആളുകൾ എന്ന നിലയിലും ഈ ആശാവർക്കർമാരുടെ വേതനം അഥവാ ഓണറേറിയം നിശ്ചയമായും വർധിപ്പിക്കേണ്ടതുണ്ട്. കാരണം ആശാവർക്കർമാരുടെ പരിശീലനവും നിയമനവും അവരുടെ പ്രവർത്തന മേഖലയും അവരുടെ പ്രതിഫലവും നിശ്ചയിക്കാനുമുള്ള അവകാശം ആദ്യംമുതൽ, 2005 ൽ പദ്ധതി ആരംഭിച്ച കാലം മുതൽ സംസ്ഥാന സർക്കാരുകൾക്ക് ഉള്ളതാണ്. അതിൽനിന്ന് ഏതെങ്കിലും തരത്തിലുള്ള ക്ഷമാപണം പറഞ്ഞ് രക്ഷപ്പെടാൻ ശ്രമിക്കുന്നത് ഒട്ടുംതന്നെ സത്യസന്ധമല്ല, ഒരു ഇടതുപക്ഷ സർക്കാരിന് അൽപംപോലും ഭൂഷണവുമല്ല.

അവകാശംപോലും ചോദിക്കാൻ അവകാശമില്ലാത്ത അഭയാർത്ഥികൾ ആണോ ഈ ആശാവർക്കർമാർ? ആരോഗ്യ മേഖലയിലെ ഒരു അവശ്യ ഘടകമല്ലേ അവർ? ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരും ഇപ്പോൾ അവരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കേണ്ടതില്ലേ? അത് ഡോക്ടർമാരാകട്ടെ, മറ്റ് നേഴ്സുമാരാകട്ടെ, ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന ജോലിക്കാരോ ഇതര ഉദ്യോഗസ്ഥരോ ആകട്ടെ...

ഭരണവും സമരവും എന്ന് ഇം.എം.എസ് മുന്നോട്ടു വച്ച മുദ്രവാക്യം വളരെക്കാലം കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുദ്രാവാക്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട മുദ്രാവാക്യങ്ങളിൽ ഒന്നായിരുന്നു. പക്ഷേ അധികാരം ആ മുദ്രവാക്യത്തെ നിശബ്ദമാക്കിയിരിക്കുന്നു.

അതുകൊണ്ടാണ് ഒരു ന്യൂനപക്ഷത്തിന്, എല്ലാവരുടെയും അവകാശങ്ങൾക്ക് വേണ്ടി, അവരുടെ മാത്രം അവകാശങ്ങൾക്ക് വേണ്ടിയല്ല, എല്ലാ ആശാവർക്കർമാരുടെയും അവകാശ

ങ്ങൾക്കുവേണ്ടി രംഗത്ത് ഇറങ്ങേണ്ടി വന്നിരിക്കുന്നത്. അതേസമയം അവർ ഒരു ന്യൂനപക്ഷമാണ് എന്നുള്ള വാദം ഇന്നത്തെ ഹിന്ദുത്വവാദികളെ പൂർണമായും അനുസ്മരിപ്പിക്കുന്നവയാണ്. കാരണം ജനാധിപത്യത്തിന്റെ യഥാർത്ഥ നിർവചനം ന്യൂനപക്ഷത്തിന് എത്രമാത്രം നീതി ലഭിക്കുന്നുണ്ട്? അവർക്ക് എത്രമാത്രം പരിഗണന ലഭിക്കുന്നുണ്ട്? വികസന പദ്ധതികൾ കൊണ്ട് പുരോഗതി എന്ന് പറയപ്പെടുന്ന സാമ്പത്തികമായ മുന്നേറ്റംകൊണ്ട് എന്ത് തരത്തിലാണ് ന്യൂനപക്ഷത്തിന് ഗുണം ലഭിക്കുന്നത് എന്നതാണ് ജനാധിപത്യത്തിലെ ഏറ്റവും പ്രധാനമായ ഒരു മാനദണ്ഡം എന്ന് ജവഹർലാൽ നെഹ്റു വരെയുള്ള അനേകം ചിന്തകരും ഭരണാധികാരികളും ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്.

അതുകൊണ്ട് അവർ ന്യൂനപക്ഷമാണ് എന്നത് ഒരു വാദമേയല്ല. അൽപംപോലും അതൊരു ഇടതുപക്ഷ വാദവും അല്ല. അവരുടെ ഈ ഓണറേറിയത്തെ മാത്രം നമ്മുക്ക് വേതനം എന്ന തന്നെ വിളിക്കുന്നതിൽ തെറ്റില്ല എന്ന് പറയാം, കാരണം ഈ 1500, 2000 രൂപ അവർക്ക് ഇൻസെന്റീവ് എന്ന നിലയിലാണ് കേന്ദ്ര ഗവൺമെന്റ് നൽകുന്നത്. അപ്പോൾ അടിത്തട്ടിലെ മനുഷ്യർ, പ്രത്യേകിച്ചും സ്ത്രീകൾ, തൊഴിലാളികൾ ഒരു സമരവുമായി ഒരു പ്രക്ഷോഭവുമായി ഉയർന്നു വരുമ്പോൾ അവരുടെ ശബ്ദം കേൾക്കുക എന്നത് അതിനോട് കേവലമായ മാനുഷികതയോടെ പ്രതികരിക്കുക എന്നത് ഇടതുപക്ഷത്തിന്റെ പ്രാഥമികമായൊരു ധർമമാണ്.

അരുന്ധതി റോയ് മുതൽ മേധാ പട്കർ വരെയുള്ള എത്രയോ പേർ, കേരളത്തിലെ അനേകം സാംസ്കാരിക നേതാക്കളും പ്രവർത്തകരും എല്ലാംതന്നെ ഈ ആവശ്യത്തിന്റെ കൂടെ നിൽക്കുന്നുണ്ട്. അവരെല്ലാവരുംതന്നെ അവരുടെതായ പ്രസ്താവനകൾ പല സ്ഥലങ്ങളിലായി, രീതികളിലായി നടത്തി കഴിഞ്ഞിട്ടും ഉണ്ട്. അതുകൊണ്ട് അധികാര രാഷ്ട്രീയം കൊണ്ട് മുരടിച്ചുപോയ കേരളീയ സമൂഹത്തിലെ തൊഴിലാളി രാഷ്ട്രീയത്തെ തിരിച്ചുകൊണ്ടുവരിക എന്നൊരു വലിയ ധർമത്തിന്റെ ആദ്യ പടവുകൂടിയാണ് ഈ സമരം എന്ന് മനസിലാക്കി അവരോട് നീതിപൂർവ്വം, അനുഭാവപൂർവ്വം പെരുമാറണമെന്ന് ഈ ഗവൺമെന്റിനോട് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

"ജനാധിപത്യമര്യാദകളുടെയും കീഴ്‌വഴക്കങ്ങളുടെയും മഹത്തായ പാരമ്പര്യമുള്ള നാടാണ് നമ്മുടെ കേരളം. തൊഴിലവകാശങ്ങൾക്കും പൗരാവകാശങ്ങൾക്കുംവേണ്ടി സന്ധിയില്ലാതെ പൊരുതി മുന്നേറിയ നാട്. ഈ പ്രബുദ്ധഭൂമിയിൽ, അതിജീവനത്തിനുള്ള ന്യായമായ കൂലിവർദ്ധനവിനുവേണ്ടി രണ്ടരമാസമായി, സ്ത്രീ തൊഴിലാളികളായ ആശാപ്രവർത്തകർ ഈ ഭരണസിരാകേന്ദ്രത്തിനു മുന്നിൽ പൊള്ളുന്ന വെയിലിൽ, മഴയിൽ, തെരുവിൽ പൊരുതുകയാണ്. ഈ അവകാശസമരത്തെ കേരളം നെഞ്ചേറ്റിക്കഴിഞ്ഞു. സമൂഹമനഃസാക്ഷി വൈകാരികമായി ഏറ്റെടുത്ത സമരമാണിത്. സകലമാനമനുഷ്യരും മനസ്സുകൊണ്ടും ഏറെപ്പേർ സർവ്വാർത്ഥത്തിലും ഐക്യപ്പെട്ടുകഴിഞ്ഞ ജനാധിപത്യസമരവുമാണിത്. സംസ്ഥാനത്തെ പണി യെടുക്കുന്ന എണ്ണമറ്റ തൊഴിലാളികളുടെ ആശാകേന്ദ്രമായി മാറിയിരിക്കുന്നു ഇന്ന് ഈ സമരഭൂമി.

ആശാ സമരമുയർത്തിയ നിലയ്ക്കാത്ത സന്ദേശം നമ്മുടെ സമൂഹത്തിൽ ഒരു പുത്തൻ ഉണർവ് കതിരുകൾ ഭേദിച്ച് പ്രവഹിക്കുമെന്ന് ഉറപ്പിക്കാം.

•





# കാനോൻ നിയമം

## വിവാഹാഘോഷത്തിനുവേണ്ട അജപാലന പരിചരണവും മുന്നുപാധികളും / വ്യവസ്ഥകളും



ഫാ. ജോസ് ജി. (അതിരൂപത ചാൻസിലർ)

ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 1063 1072, കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം (CCC) 1621-1624 എന്നിവയാണ് വിവാഹാഘോഷത്തിനുവേണ്ട അജപാലന പരിചരണവും മുന്നുപാധികളും വിശദീകരിക്കുന്നത്. നാല് തരത്തിലുള്ള അജപാലന പരിചരണവും മുന്നുപാധികളുമാണ് വിവാഹാത്തിനുവേണ്ടി സഭ നിർദ്ദേശിക്കുന്നത്:

### വിവാഹത്തിന് തയ്യാറെടുക്കുന്ന കത്തോലിക്ക വധു-വരന്മാർ പാലിക്കേണ്ട കാര്യങ്ങൾ

പ്രധാനമായും നാലു കാര്യങ്ങളാണ് വിവാഹത്തിന് ഒരുങ്ങുന്ന വധു-വരന്മാർ പാലിച്ചിരിക്കേണ്ടത്:

i) സ്ഥൈര്യലേപന കൂദാശ സ്വീകരിച്ചിരിക്കണം. വിവാഹത്തിനുമുമ്പ് സ്ഥൈര്യലേപന കൂദാശ സ്വീകരിക്കാൻ ഗൗരവമായ അസൗകര്യമുണ്ടെങ്കിൽ ഇളവ് നല്കാവുന്നതാണ് (CIC 1065-1).

ii) കുമ്പസാരം, ദിവ്യകാരുണ്യം എന്നീ കൂദാശകൾ സ്വീകരിച്ച് ഒരുങ്ങുക (CIC 1065- 2) CCC 1622, 1621).

iii) പുതിയ (വിവാഹ) ജീവിതാവസ്ഥയുടെ വിശുദ്ധിയിലും കടമകളിലും താൽപര്യമുണ്ടാകാൻ വേണ്ട വ്യക്തിപരമായ ഒരുക്കം നടത്തുക (CIC 1603, 2).

iv) വിവാഹ തടസ്സമുണ്ടെങ്കിൽ, അക്കാര്യം മറച്ചുവയ്ക്കാതെ, ഇടവക വികാരിയെയോ പ്രാദേശിക സഭാധികാരിയെയോ അറിയിക്കുക (CIC 1069).

### ആത്മപാലകർ/ ഇടവക വികാരിമാർ/ സഹവികാരിമാർ തുടങ്ങിയവർ പാലിക്കേണ്ട കാര്യങ്ങൾ:

പ്രധാനമായും ആറു കാര്യങ്ങളാണ് ആത്മപാലകർ / ഇടവക വികാരിമാർ/സഹവികാരിമാർ ചെയ്യേണ്ടത്:

i) ക്രിസ്തീയ വിവാഹത്തിന്റെ അർത്ഥവും, ക്രിസ്തീയ ദമ്പതികളുടെയും മാതാപിതാക്കളുടെയും കടമകളും പ്രസംഗം, മതബോധനം, സാമൂഹിക സമ്പർക്ക മാധ്യമങ്ങൾ എന്നിവയുടെ സഹായത്തോടെ വധു-വരന്മാരെ പഠിപ്പിക്കുക.

ii) ക്രിസ്തുവും സഭയും തമ്മിലുള്ള ഐക്യത്തിന്റെയും സ്നേഹത്തിന്റെയും പ്രതീകമാകുന്ന ദമ്പതികളാകാൻ വധു-വരന്മാരെ ഒരുക്കുക.

iii) വിവാഹത്തിന്റെ വിശുദ്ധിയും കടമകളും പാലിക്കാനുള്ള വ്യക്തിപരമായ താൽപര്യം വധു-വരന്മാരിൽ വളർത്തുക.

iii) വിവാഹ ഉടമ്പടി വിശ്വസ്തതയോടെ പാലിക്കാൻ സഹായിക്കുന്ന ഒരുക്കം വധു-വരന്മാർക്ക് നല്കുക.

iv) സാധുവും നിയമപരവുമായ വിവാഹാഘോഷത്തിന് എതിരായ തടസ്സങ്ങളില്ലെന്ന് ഉറപ്പുവരുത്തുക.

v) മെത്രാൻ സമിതിയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് വധു-വരന്മാരുടെ തയ്യാറെടുപ്പ്, വിവാഹ പരസ്യം, വിവാഹ മുന്നൊരുക്ക അന്വേഷണം എന്നിവ പാലിച്ചുകൊണ്ടുള്ള വിവാഹ നടപടികൾ ഉറപ്പുവരുത്തുക.

### പ്രാദേശിക സഭാധികാരികൾ ചെയ്യേണ്ട കാര്യങ്ങൾ:

വധു-വരന്മാർക്ക് വിവാഹ ഒരുക്കത്തിന് ആവശ്യമായ സഹായം ആത്മപാലകർ/ ഇടവക വികാരിമാർ/ സഹവികാരിമാർ തുടങ്ങിയവർ ശരിയായ രീതിയിൽ ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

### മെത്രാൻ സമിതി ചെയ്യേണ്ട കാര്യങ്ങൾ:

വധു-വരന്മാരുടെ വിവാഹത്തിനുള്ള തയ്യാറെടുപ്പ്, വിവാഹപരസ്യം, വിവാഹമുന്നൊരുക്ക അന്വേഷണം മുതലായ കാര്യങ്ങളിൽ രൂപതകളും ഇടവകകളും പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കുക.

•








# നഷ്ട സൗന്ദര്യമേ വിട!

ലോറൻസ് ഫെർണാണ്ടസ്

സ്നേഹോപാസകാ നന്ദി!
വിശ്വത്തെയത്രമേൽ
ചാരുതയേകി
ഈ ഞങ്ങളെ സ്നേഹിച്ചതിനൊക്കെയും

ചുറ്റിലുമാലയമണികൾ മുഴങ്ങുന്നു
റോമതൻ കണ്ണീർ വിലാപ
സ്വരംപോലെ
തൻ ഭൂമിജീവിത അസ്തമയം വന്നെ -
ന്നലിവിന്റെ അജപാലനോതിയപോലെ
അജപാലനോതിയപോലെ

സ്നേഹോപാസകാ നന്ദി!
ഞങ്ങൾക്കായുരുകിയ
യാമങ്ങൾക്കൊക്കെയും

ഒരു തേങ്ങലുള്ളിലൊതുക്കിയിരിക്കുന്നു
സാന്താമാർത്തയാമൊരു ചെറുമന്ദിരം
എന്നും തഴുകുന്ന മുറ്റത്തെ മന്ദാരം
തേങ്ങലായൊരുമാത്ര
വാടിത്തളർന്നുവോ!

ഇനിയില്ല അമ്മയെകാണുവാൻ
പൈതലായ്
ചെന്നെത്തും മരിയ തന്നാലയപീഠത്തിൽ
നിത്യത പൂകുവാൻ നിൻമടിത്തട്ടിലീ
ഇടയനെ നൽകുന്നു ഞങ്ങൾ
ഭക്ത്യാദരാൽ

ഇനിയില്ല വെടിയൊച്ചക്കിടനെഞ്ചു
പൊട്ടുന്ന
വ്യഥിതന്റെ മുറിവേറ്റ കനിവിന്റെ മാനസം
മൗനം മരിക്കുന്നൊരിടനാഴികൾക്കുള്ളിൽ
ഒത്തിരി നന്മയും വെളിച്ചവുമേകി നീ

സ്നേഹോപാസകാ നന്ദി!
ഞങ്ങൾക്കായ് രുകിയ
കണ്ണീരിനൊക്കെയും

മൃത്യുവല്ലുയിർപ്പാണ് അനശ്വരവാഴ് വെന്ന
അവസാന സന്ദേശമലതല്ലുമൂഴിയിൽ
എന്തൊരു ലാളിത്യമുഖമുദ്രചാർത്തുന്നു
നീ ബാക്കിവച്ചൊരീ ജീവിതപാഠങ്ങൾ

എളിമതൻ  നിൻമുഖ
സൂര്യോദയത്തിനായ്
പ്രത്യാശയോടിവർ നിൻവഴിത്താരയിൽ
തേനിളം പുഞ്ചിരി, സ്നേഹ
സാന്ത്വനസ്പർശം
കാത്തുനിൽക്കുന്നവർക്കിടയിൽ
നിൻ ദർശനം

മറക്കുവതെങ്ങു നിൻ മായാസ്മരണകൾ
ഒലിവില തേടുമീ മാനവഹൃദയത്തിൽ
മായട്ടെ രണഭൂമിയുണരട്ടെ സാമഗീതം
നിറയട്ടെ ചുറ്റിലും നിന്നാത്മ സൗരഭം

നിൻ മാതൃഭക്തിക്കൊരാഴി തന്നാഴവും
നിൻ സ്നേഹകാന്തിക്കൊരാരാമ വർണ്ണവും
നിന്നാത്മ ചിന്തയ്ക്കൊരാകാശ വീഥിയും
നൽകിയ ദൈവത്തിനേകുന്നു വന്ദനം!

കരുണ തൻ കാർമികാ എളിമ തൻ
താതനേ
കനിവാർന്ന കാലമേ ഓതുകയാം വിട!

ഗതകാല സ്മരണ



# വണക്കപ്പുരയിലെ വണക്കമാസം

**ഫാ. ഇമ്മാനുവേൽ**

കുറേ വർഷങ്ങൾക്കുമുമ്പ്, അതായത് ഇന്നു കാണുന്ന കുരിശടികൾ അത്രകണ്ട് പ്രശസ്തങ്ങളാകുന്നതിനുമുമ്പ് ഞങ്ങളുടെ തീരപ്രദേശങ്ങളിൽ കാറ്റാടി കഴകൾ നാട്ടി അതിൽ മുളക്കീറുകൾകൊണ്ടുകെട്ടി, മെടഞ്ഞെടുത്ത ഓലക്കീറുകൾ മുകളിലും മൂന്നുവശങ്ങളിലും മറച്ച് അതിനകത്ത് യൗസേപ്പിതാവിന്റെയോ മാതാവിന്റെയോ രൂപം പ്രതിഷ്ഠിച്ച് വൈകുന്നേരങ്ങളിൽ അതിനു മുന്നിൽ ജപമാലകളും വണക്കങ്ങളും വിശുദ്ധരുടെ ചരിതങ്ങളും ആത്മീയ നിറവോടെ നടന്നുവന്നിരുന്ന ഇടങ്ങളാണ് വണക്കപ്പുരകൾ. വീട്ടിൽനിന്നും കടപ്പുറത്തേക്ക് പോകുന്നവരും മത്സ്യബന്ധനത്തിനു പോകുന്നവരും അല്പസമയം കണ്ണുകൾപൂട്ടി അവിടെ നിന്നു പ്രാർത്ഥിച്ചുപോകുന്ന പതിവുമുണ്ടായിരുന്നു.

ആ പ്രദേശങ്ങളിലുള്ള കുട്ടികൾ മുതൽ പ്രായമായവർവരെ ജപമാലയും വണക്കവും കഴിഞ്ഞ് വിശുദ്ധരുടെ ചരിത്രം വായിച്ചുകേൾക്കാൻ കാതുകൾ കൂർപ്പിച്ചിരിക്കുമായിരുന്നു. തമിഴ് ഭാഷയിലുള്ള വിശുദ്ധ ചരിതങ്ങൾ വായിച്ച് അതിന്റെ അർത്ഥം പറഞ്ഞു തരുന്ന ഒരാളുണ്ടാകും. ഒരു ദിവസം വണക്കത്തിനു പോയില്ലെങ്കിൽ വിശുദ്ധരുടെ ചരിത്രങ്ങൾ അറിയാനാവില്ലല്ലോ എന്ന വിഷമം ഉണ്ടാകാതിരിക്കാൻ മിക്കവരും അവിടെ ഒത്തുകൂടി പ്രാർത്ഥിക്കുന്ന പതിവ് ആത്മീയതയുടെ നിറവ് തന്നെയായിരുന്നു. മാതാവിന്റെയോ യൗസേപ്പിതാവിന്റെയോ നാമധേയത്തിൽ സ്ഥാപിതമായിരിക്കുന്ന വണക്കപ്പുരകളിൽ വർഷത്തിൽ മൂന്നു ദിവസത്തെ തിരുനാൾ ആഘോഷം ഉണ്ടാകാറുള്ളതും പ്രദേശവാസികൾ അത്യുത്സാഹത്തോടെ പങ്കുചേരുന്നതും ഹൃദ്യമായ അനുഭവങ്ങളെന്നുവേണം പറയാൻ.



പഴമക്കാരുടെ വിശ്വാസത്തിന്റെ ഉറവയും ഊർജ്ജവുമായിരുന്നു വണക്കപ്പുരകൾ. ജീവിതനൊമ്പരങ്ങൾക്ക് സൗഖ്യം പകരുന്ന. . . ജീവനോപാധികൾക്ക് പ്രതിഫലം ലഭിക്കുന്ന. . . കുടുംബബന്ധങ്ങൾക്ക് പ്രത്യാശ പകരുന്ന . . . ആത്മീയതയുടെ ഇല്ലങ്ങളായിരുന്ന വണക്കപ്പുരകൾ.

•



ലേഖനം

# വിഴിഞ്ഞം ഒന്നാംഘട്ടം പൂർത്തിയാവുമ്പോൾ കടലിൽ എന്ത് സംഭവിച്ചു?


റോബർട്ട് പനിപ്പിള്ള

Friends of Marine Life


**കടലും തീരവും കോർപ്പറേറ്റുകളുടെ വ്യാവസായിക മൂലധന നിക്ഷേപ മേഘലകളായി തീറെഴുതുമ്പോൾ തലമുറകളായി ഈ മേഖല സ്വന്തം പണിയിടമായി കണ്ട് പരിപാലിച്ചു വന്ന ജനത എങ്ങനെ വികസനത്തിന്റെ ഇരകളായി മാറുന്നുവെന്നുകൂടി വിഴിഞ്ഞം തുറമുഖ നിർമാണം ഒന്നാം ഘട്ടം പൂർത്തിയാവുന്നുമ്പോൾ നമുക്ക് കാട്ടിത്തരുന്നു.**

കടൽത്തീര സമൂഹങ്ങളുടെ പ്രത്യേകത അവർ അവർക്കഭിമുഖമായ കടൽപ്രകൃതിയിൽ നേരിട്ട് പണിയെടുക്കുന്ന എന്നതാണ്. സാധാരണ ഗതിയിൽ കടൽ എന്ന പ്രകൃതിയുടെ ജൈവപരമായ പ്രത്യേകത അത് ചലനാത്മകം (dynamic) ആയ ഒന്ന് എന്നതാണ്. എന്നാൽ കടൽപ്രകൃതിയെ നാം അടുത്തറിയുമ്പോൾ അതിൽ സ്ഥായിയായ (stable) ചില ആവാസയിടങ്ങളുമുണ്ടെന്ന് മനസിലാവും. പ്രത്യേകിച്ച് കടലടിത്തട്ടിലെ ഇത്തരം geo-physical features-നെയും Biological Diversity - യെയുമാണ് കടൽപണിക്കാർ പാര് എന്ന് പേരിട്ട് വിളിക്കുന്നത്. അതിൽതന്നെ തീരത്തോട് ചേർന്ന പാരുകൾ ജൈവവൈവിധ്യ സമ്പന്നമാണ്. കാരണം സൂര്യ പ്രകാശത്തിന്റെ സാന്നിദ്ധ്യവും അതിലൂടെയുള്ള അനുകൂല ഘടകങ്ങളും തന്നെ. ഇത്തരം തീരക്കടൽ പാരുകളുള്ളയിടങ്ങളെ പാരിസ്ഥിതികമായി ഏറെ പ്രാധാന്യത്തോടെയാണ് ലോകം സംരക്ഷിക്കപ്പെടുന്നത്.



78 km കടൽത്തീരമുള്ള തിരുവനന്തപുരത്ത് 66 km മണൽ തീരവും ബാക്കി 12 km -ൽ മൺകുനകളായോ, പാറക്കെട്ടുകളായോ, ഉയർന്നു നിൽക്കുന്ന cliffed തീരങ്ങളോ, കടലിലേയ്ക്ക് തള്ളി നിൽക്കുന്ന കോടിമുനമ്പുകൾ ഉള്ള promontory കളോ

ഉള്ളയിടങ്ങളാണ്. ഇതിൽ ഏതാണ്ട് 5 km ഇടവ മുതൽ വർക്കല വരെയും 7 km കോവളം മുതൽ അടിമലത്തുറ വരെയുമാണ്. ഇവിടങ്ങളിലെ ഭൂപ്രകൃതിയുടെ പ്രത്യേകത കണക്കിലെടുത്ത് നമ്മുടെ രാജ്യത്ത് CRZ നിയമങ്ങളുണ്ടാക്കിയപ്പോൾ മേൽ പറഞ്ഞ രണ്ടു പ്രദേശങ്ങളെയും മനുഷ്യ ഇടപെടലുകൾക്കും നിർമിതികൾക്കും വിലക്ക് കല്പിക്കുന്ന CRZ ഒന്നിലാണ് ഉൾപ്പെടുത്തിയിരുന്നത്. തുടർന്ന് തുറമുഖ നിർമാണത്തിന്റെ നീക്കങ്ങൾ അണിയറയിൽ നടന്നപ്പോൾ 2011-ൽ വിഴിഞ്ഞം മേഖലയെ നിർമാണങ്ങൾക്ക വിലക്കില്ലാത്ത CRZ മൂന്നിലേയ്ക്കു മാറ്റി ഉൾപ്പെടുത്തുകയായിരുന്നു.

## തിരുവനന്തപുരത്തെ സമുദ്ര ജൈവവൈവിധ്യം

2013-2015 കാലയളവിലാണ് കേരളസ്റ്റേറ്റ് ബയോഡൈവേർസിറ്റി ബോർഡ് (KSBB) പരമ്പരാഗത കടൽ പണിക്കാരുടെ സജീവ പങ്കാളിത്തത്തോടെ തിരുവനന്തപുരം കടലിലെ ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നത്. ഇന്ത്യയിൽ ആ നിലയിൽ ആദ്യത്തെ ചുവടുവയ്പ്പായിരുന്നു അത്. 2016- ൽ പബ്ലിഷ് ചെയ്ത 200 പേജുകളുള്ള ഈ രജിസ്റ്ററിലെ 15-ാമത്തെ പേജിൽ കോവളം മുതൽ അടിമലത്തുറ വരെ തീരത്തോട് ചേർന്ന 28 സമുദ്ര ആവസായിടങ്ങളെ (പാരുകൾ) അടയാളപ്പെടുത്തിയിട്ടുള്ള ഒരു മാപ്പുണ്ട്. അതിൽ 13 എണ്ണം കോവളം മുതൽ വിഴിഞ്ഞം വരെയും 15 പാരുകൾ വിഴിഞ്ഞം മുതൽ അടിമലത്തുറ വരെയും ഉള്ളവയാണ്. KSBB പ്രോജെക്ടിൽ underwater documentation-ന് നാമമാത്രമായ പ്രാധാന്യം മാത്രം നല്കിയിരുന്നതിനാൽ അതിന് ശേഷം Friends of Marine Life (FML) സ്വന്തം നിലയിൽ ഈ Near Inshore Reef കളുടെ underwater documentation നടത്തുകയായിരുന്നു. ഇന്ന് തുറമുഖ നിർമ്മാണം രണ്ടാം ഘട്ടത്തിലേയ്ക്കു കടക്കുമ്പോൾ വിഴിഞ്ഞം മുതൽ അടിമലത്തുറ വരെയുള്ള 15 പാരുകളിൽ ഭൂരിഭാഗവും മണലിട്ട് മൂടിയും dredging- ലൂടെയുള്ള പൊടിപടലങ്ങൾ അടിഞ്ഞും നശിച്ചു കഴിഞ്ഞു. ഇതിൽ dredging തുടങ്ങി ഏതാനും ആഴ്ചകൾക്കുള്ളിൽ നശിച്ച Neosebellaria gladenstina എന്ന ഇനം tube worm കളുടെ കോളനിയുടെ ചിത്രം FML 2016-ൽ തന്നെ പുറത്തുവിട്ടിരുന്നു. മറ്റു പാരുകളുടെ ഇന്നത്തെ സ്ഥിതി ഇനി പറയുംവിധമാണ്.


കോവളത്തെ ചിപ്പി കോളനി


കൃത്രിമ പാര്

ചെങ്കാലിക്കര കല്ല് , കുളത്തങ്കല്ല് , കരിമ്പള്ളിക്കരകല്ല്, കുന്ന് പാര്, മാടം പാര് , ഇടിച്ചപറിച്ചാൻ കല്ല്, കോഴിപ്പാര്, അദവാകല്ല്, വെള്ളയം കല്ല്, ആനക്കല്ല്, ഇടക്കല്ല്, ആവണങ്കല്ല്, ഇടഓച്ചം, ഓച്ചം, പെരുമാക്കല്ല് , എന്നിവയാണ് മേൽ പറഞ്ഞ 15 പാരുകൾ .ചിപ്പി, ശംഖ് ഞണ്ടുകൾ കണവ ,റാൾ lobster, വർണ്ണ മത്സ്യങ്ങൾ, sea urchin ,sea Cucumber തുടങ്ങി പാരുകളിലെ അഥിതി മത്സ്യങ്ങളായ caranx ,barracuda, grouper മുതലായവ സുലഭമായി ലഭിച്ചിരുന്ന പാരുകളാണിവ . കടലിന്റെ പരിസ്ഥിതി സന്തുലിതാവസ്ഥയെ സ്വാധീനിച്ചിരുന്ന ഈ പാരുകളിൽ ആദ്യത്തെ 9 എണ്ണം പൂർണ്ണമായും മണ്ണടിയുകയും അവിടെ ഇപ്പോൾ തുറമുഖത്തിന്റെ ഭാഗമായ കെട്ടിടങ്ങളും ഹൈമാസ്റ്റ് ലാമ്പുകളും , തുറമുഖ നിർമ്മാണത്തിന് ആവശ്യമായ സാധനങ്ങൾ സൂക്ഷിക്കുന്ന ഇടവും ആയി മാറ്റപ്പെട്ടു. 10 മുതൽ 15 വരെയുള്ള പാരുകൾ ഭാഗികമായി മൂടപ്പെട്ടുകയും നേരത്തെ ഉണ്ടായിരുന്ന ആഴത്തിന്റെ പാകുതിയിലേറെ നഷ്ടപെട്ട അവസ്ഥയിലുമാണ്. ഇതുകൂടാതെ വിഴിഞ്ഞം ഫിഷിംഗ് ഹാർബറിലെ പുലിമുട്ടിൽ ഉണ്ടായിരുന്ന ഇരുപതോളം ഇനം കോറലുകൾ അതിനുള്ളിലെ മണ്ണടിയൽ കാരണം പകുതിയായി കുറഞ്ഞിട്ടുണ്ട്.

ഇപ്പറഞ്ഞത് Near Inshore Reef കളുടെ കാര്യമാണ്. അതായത് പ്രധാനമായും ചിപ്പിത്തൊഴിലാളികളുടെ പണിയിടങ്ങൾ. അടിമലത്തുറയുടെ തെക്ക് മണൽ തീരമാണെങ്കിലും കരുങ്കുളത്തിനു നേരെ കടലിൽ 13 മീറ്റർ ആഴം മുതൽ ഉള്ളിലേയ്ക്ക് നാലഞ്ചു പാറപാരുകളുണ്ട്. Barracuda ,Caranx, Grouper മുതലായ ഇനം ഇരപിടിയൻ മീനുകൾ കൂട്ടമായി സഞ്ചരിച്ചെത്തുന്ന കടൽ ആവാസയിടങ്ങളാണ് കരുങ്കുളത്തെ പാറപ്പാരുകൾ. ഇതുകൂടാതെ പൂവാർ വരെയുള്ള കടലിൽ നിറയെ ക്ലാത്തിപ്പാരുകളുണ്ട്. ഈ മേഖലയിലെ കടൽ പണി കുടുംബങ്ങളെ തലമുറകളായി നിലനിർത്തിപ്പോരുന്നതാണ് ഈ ക്ലാത്തിപ്പാരുകൾ. ഇപ്പോൾ തുറമുഖത്തിന്റെ ഒന്നാം ഘട്ടം പൂർത്തിയാകുമ്പോൾതന്നെ അടിമലത്തുറയിലെയും പുല്ലുവിളയിലെയും കടലിൽവരെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കഴിഞ്ഞു. ഈ കടലിൽ കടൽപണി ചെയ്യുന്നവരെ നിയമലംഘനം ആരോപിച്ച് Coastal Police അറസ്റ്റു ചെയ്തുകൊണ്ടു പോകുന്ന സംഭവങ്ങൾ പോലും ഉണ്ടായിട്ടുണ്ട്. ഇപ്പോൾ ഉള്ള 3.1 km breakwater അടുത്ത ഘട്ടങ്ങൾ പൂർത്തിയാവുമ്പോൾ 4.5 km വരെ നീളും. അതോടെ പൂവാർ വരെയുള്ള കടൽപണിക്കാരുടെ തൊഴിൽ സ്വാതന്ത്ര്യം നഷ്ടപ്പെടും.

കടലും തീരവും കോർപ്പറേറ്റുകളുടെ വ്യാവസായിക മൂലധന നിക്ഷേപ മേഘലകളായി തീറെഴുതുമ്പോൾ തലമുറകളായി ഈ മേഖല സ്വന്തം പണിയിടമായി കണ്ട് പരിപാലിച്ചു വന്ന ജനത എങ്ങനെ വികസനത്തിന്റെ ഇരകളായി മാറ്റുന്നവെന്നുകൂടി വിഴിഞ്ഞം തുറമുഖ നിർമാണം ഒന്നാം ഘട്ടം പൂർത്തിയാവുന്നമ്പോൾ നമുക്ക് കാട്ടിത്തരുന്നു. കടലോരത്തെ എല്ലാ കുടുംബങ്ങളിലേയും ഓരോ അംഗത്തിന് ജോലി എന്നും പറഞ്ഞ് തുറമുഖത്തിന് വഴിയൊരുക്കാൻ പെരുമ്പറകൊട്ടി വള്ളംകളി നടത്തിയവർക്ക് ഇപ്പോൾ മിണ്ടാട്ടമില്ല. വികസനത്തിന്റെ ഗീർവ്വാണങ്ങൾ വാനോളം മുഴക്കുന്നവർ അതിനായി കടലോരജനത നൽകേണ്ടി വരുന്നത് അവരുടെ ജീവിതമാണ്, ജീവനാണ് എന്നു കൂടി മനസിലാക്കണം.

•

ചരിത്രപഥം



# തിരുവനന്തപുരം രൂപത സ്ഥാപിച്ചുകൊണ്ട് പരിശുദ്ധ പിതാവ് 11-ാം പീയൂസ് പാപ്പ പുറപ്പെടുവിച്ച ഉത്തരവ്

സമ്പാദനം: **ഇഗ്നേഷ്യസ് തോമസ്**



കേരളക്കരയിൽ കത്തോലിക്ക വിശ്വാസത്തിന്റെ ശീഘ്രമായ പ്രചാരത്താൽ അവിടെ അധിവസിക്കുന്ന ക്രിസ്തീയ വിശ്വാസികളുടെ ആത്മീയ നന്മയെ പുലർത്തുന്നതിനും, അവരുടെ ഭരണം സുഖകരമാക്കുന്നതിനും കൊല്ലം രൂപതയുടെ വിസ്താരമേറിയ പ്രദേശത്തെ വിഭജിച്ചും അവിടെ വസിക്കുന്ന ലത്തീൻ കത്തോലിക്കർക്കായി ഒരു പുതിയ രൂപത സ്ഥാപിക്കുന്നത് ഉചിതമാണെന്നു നാം തീരുമാനിച്ചു. ആകയാൽ വേദപ്രചാരസംഘത്തിന്റെ ആദ്ധ്യക്ഷം വഹിക്കുന്ന അഭിവന്ദ്യ സഹോദരന്മാരായ കർദ്ദിനാളന്മാരോട് ആലോചിച്ചുകൊണ്ട് ഇപ്പോൾ പ്രസ്തുത രൂപതയുടെ നിയുക്തമെത്രാനായ നമ്മുടെ വന്ദ്യ സഹോദരൻ വിൻസെൻറ് ദെരീരെയുടെ ആനുകൂല്യത്തോടും, സലമീനായുടെ മെത്രാപ്പോലീത്തയും പൗരസ്ത്യ ഇന്ത്യയുടെ ദെലഗേറ്റ് അപ്പസ്തോലിക്കയുമായ നമ്മുടെ വന്ദ്യസഹോദരനായ പീറ്റർ പി. കിയർക്കൽസിന്റെ സ്ഥിരീകരണാഭിപ്രായത്തോടുംകൂടി കൊല്ലം രൂപതയുടെ മെത്രാനായിരുന്ന വന്ദ്യസഹോദരൻ അലോഷ്യസ് മരിയ ബെൻസിഗറിന്റെ ഉപദേശത്തെ സസന്തോഷം സ്വീകരിച്ച് തദനുസരണം പ്രവർത്തിക്കുന്നതിനു നാം നിശ്ചയിച്ചു.

കൊല്ലം രൂപതയിൽ നിന്നും, തിരുവനന്തപുരം സിവിൽ വിഭാഗത്തിൽ ഉൾപ്പെടുന്ന സ്ഥലം മുഴുവനും, അതായത് ചിറയിൻകീഴ്, നെടുമങ്ങാട്, തിരുവനന്തപുരം, നെയ്യാറ്റിൻകര എന്നീ ഉപവിഭാഗങ്ങളെ അഥവാ താലൂക്കുകളെ വേർതിരിച്ച്, ആ വിഭജിക്കപ്പെട്ട പ്രദേ ശത്തെ ലത്തീൻ റീത്തനുസരിക്കുന്ന കത്തോലിക്കർക്കായി ഒരു പുതിയ രൂപതയായി ഏർപ്പെടുത്തുകയും സ്ഥാപിക്കുകയും ചെയ്യുന്നു. ഈ ലിഖിതത്താൽതന്നെ അതിനെ തിരുവനന്തപുരം

പട്ടണത്തിന്റെ പേരിനാൽ തിരുവനന്ത പുരം ലത്തീൻ രൂപതയെന്ന വിളിക്കുന്ന തിനു തീരുമാനിക്കുകയും, ഇതിനാൽത ന്നെ, പൗരസ്ത്യ ഇൻഡ്യയിൽ മിഷ്യൻ വേലയിൽ പ്രദ്യോതരായ ഫ്ളാണ്ടേഴ്സി ലെ കർമ്മലീത്ത നിഷ്പാദുക സഭക്കാർക്കു അപ്പോസ്തോലിക സിംഹാസനത്തിന്റെ കല്പനയ്ക്കും ഇഷ്ടത്തിനും വിധേയമാക്കി അതിനെ ഭരമേല്പിക്കുകയും ചെയ്യുന്നു. സ്ഥലവിഭജനത്താൽ ചെറുതാക്കപ്പെട്ട കൊല്ലം രൂപതയെ കാർമ്മിക വൈദി കരുടെ ഭരണത്തിന് മേലിൽ വിട്ടുകൊടു ത്തിരിക്കുന്നതായി നാം തീരുമാനിക്കുന്നു.

തിരുവനന്തപുരം രൂപതയുടെ സിംഹാസനത്തെ നാം തിരുവനന്തപുരം പട്ടണത്തിൽ സ്ഥാപിക്കുകയും, മുൻപ്ര സ്താവിച്ചതുപോലെ ആ പട്ടണത്തിൽനി ന്നും രൂപതയുടെ നാമം സിദ്ധിക്കുകയും ചെയ്യുന്നു. അതേ പട്ടണത്തിൽതന്നെ സ്ഥിതിചെയ്യുന്ന വിശുദ്ധ യൗസേപ്പിന്റെ നാമത്തിൽ ദൈവത്തിനു പ്രതിഷ്ഠിക്കപ്പെ ട്ടിരിക്കുന്ന ദേവാലയത്തിൽ മെത്രാന്റെ സിംഹാസനം നാം സ്ഥാപിക്കുന്നു. ആ പള്ളിയെ ഒരു മെത്രാസനപ്പള്ളിയുടെ സ്ഥാനത്തിലേക്കും പദവിയിലേക്കും നാം ഉയർത്തുകയും, അതുകൊണ്ട് ആ പള്ളിയ്ക്കും അതിന്റെ അതാതുകാലത്തെ മെത്രാന്മാർക്കും, മറ്റു മെത്രന്മാരും മെ ത്രാസനപ്പള്ളികളും സാമന്യ നിയമാനു സരണം കൈവശം വച്ചനുഭവിക്കുന്ന സകല അവകാശങ്ങളും ബഹുമതികളും സ്ഥാനചിഹ്നങ്ങളും ആനുകൂല്യങ്ങളും അനുഗ്രഹങ്ങളും സ്വനിയമങ്ങളും, നാം നൽകുന്നു. ഇതുമെന്നിയെ മറ്റു മെത്രാസ നപ്പള്ളികളെയും മെത്രാന്മാരെയും നിയ ന്ത്രിക്കുന്ന ഭാരങ്ങളേയും ചുമതലകളെയും നാം പുതിയ മെത്രാസനപ്പള്ളിമേലും അതാതുകാലത്തെ അതിന്റെ മെത്രാ ന്റെമേലും നിക്ഷേപിക്കുന്നു.

തിരുവനന്തപുരത്തെ പുതിയ രൂപതയെ നാം വരാപ്പുഴ മെത്രാപ്പോ ലീത്ത അതിരൂപതയുടെ സാമന്തരൂപ തയായി സ്ഥാപിക്കുകയും, അതിന്റെ അതാതു കാലത്തെ മെത്രാന്മാരെ വരാ പ്പുഴ അതിമെത്രാന്റെ മെത്രാപ്പോലീത്ത ൻ അധികാരത്തിനു വിധേയരാക്കുകയും ചെയ്യുന്നു. ഇപ്പോൾ തിരുവനന്തപുരം മെ ത്രാസനപ്പള്ളിയിൽ കാനോനാ സംഘം ഏർപ്പെടുത്തുന്നതിന് നിർവ്വാഹമില്ലാ ത്തതിനാൽ അതിനു പകരം കനോന നിയമാനുസരണം രൂപതാലോചന സംഘക്കാരെ തല്ക്കാലം തെരഞ്ഞെടുക്കു ന്നതിനു നാം അനുവദിക്കുന്നു. പുതിയ രൂപതയുടെ ഭരണം, കൈകാര്യം നട





പിറ്റർ പി. കിയർക്കൽസ്



അലോഷ്യസ് മരിയ ബെൻസിഗർ



വിൻസെന്റ് ദെരേരാ

ത്തൽ, സിംഹാസനഒഴിവിൽ കപ്പിത്തു ലർ വികാരിയുടെയോ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കിന്റെയോ തെരഞ്ഞെടു പ്പ്, വൈദികാന്തസ്സിലേക്കു തെരഞ്ഞെ ടുക്കപ്പെട്ട യുവാക്കന്മാരുടെ അഭ്യസനം, വൈദികരുടെയും അല്മായരുടെയും അവകാശങ്ങളും ചുമതലകളും, ഇത്യാദി സംഗതികളും അഭിമുഖീകരിക്കേണ്ടുന്ന വിഷയത്തിൽ വിശുദ്ധകാനോന നിയമ ങ്ങൾ വിധിക്കുന്ന പ്രകാരം അനുഷ്ഠിക്കു ന്നതിന് നാം ആജ്ഞാപിക്കുന്നു. എല്ലാ സംഗതികളും ഇപ്രകാരം ക്രമീകരിച്ചും തീരുമാനിച്ചും കഴിഞ്ഞതിനു ശേഷം അവ യെല്ലാം നടപടിയിൽ വരുത്തുന്നതിനാ യി നമ്മുടെ വന്ദ്യ സഹോദരൻ പൗരസ്ത്യ ഇന്ത്യകളുടെ ഡലഗേറ്റ് അപ്പോസ്തലി ക്കായ ലെയോകിയർക്കിയൽസിനെ നാം നിയോഗിക്കുന്നു.

വിഭജനത്തിന്റെയും സ്ഥാപന ത്തിന്റെയും പ്രദാനത്തിന്റെയും നിയമന ത്തിന്റെയും സംഹരണത്തിന്റെയും അനു ക്രണത്തിന്റെയും നമ്മുടെ മനസ്സിന്റെയും ലക്ഷ്യമായിരിക്കുന്ന ഈ ലേഖനത്തെ ആരും ലംഘിക്കയോ പ്രതിബന്ധിക്കു കയോ ചെയ്യാതിരിക്കട്ടെ.

ആയിരത്തിത്തൊള്ളായിരത്തി മുപ്പത്തിയേഴാമാണ്ട് ജൂലായ് മാസം ഒന്നാം തീയതി നമ്മുടെ മഹാചാര്യ ത്വത്തിന്റെ പതിനാറാം വർഷത്തിൽ ഗൊണ്ടൊൾഫൊ കോട്ടയിൽ വച്ച് നൽകപ്പെട്ടത്.

1937 ജൂലൈ 1-ാം തീയതിയിലെ 'ഓരാമലബാറിക്കാ' എന്ന അപ്പസ്തോ ലിക ലിഖിതപ്രകാരം നമുക്കു ലഭിച്ചിരിക്കു ന്ന അധികാരം അനുസരിച്ച്, അതായത്, ഈ ഉത്തരവു ലഭിച്ച്, ആറുമാസത്തിനു ള്ളിൽ, ഇതിൽ നിർദ്ദേശിച്ചിരിക്കുന്ന എല്ലാ സംഗതികളും നടപ്പിൽ വരുത്തു ന്നതിന്, ഈ പ്രവർത്തന പ്രമാണ രേഖ പ്രകാരം താഴെ പ്രസ്താവിക്കുന്നവ പ്രയോഗത്തിൽ വരുത്തണമെന്ന് നാം ആജ്ഞാപിക്കുന്നു.

1. ചിറയിൻകീഴ്, നെടുമങ്ങാട്, നെയ്യാറ്റിൻകര എന്നീ സിവിൾ ഉപവി ഭാഗങ്ങൾ അല്ലെങ്കിൽ താലൂക്കുകൾ (ബ്രി ട്ടീഷു വിഭാഗമായ അഞ്ചുതെങ്ങുൾപ്പെടെ) അടങ്ങിയ തിരുവനന്തപുരം സിവിൾ ഡി സ്ട്രിക്ടിലുള്ള എല്ലാ ഭാഗങ്ങളും, കൊല്ലം രൂപതയിൽനിന്നു വേർതിരിക്കുകയും ഇപ്രകാരം വിഭജിക്കപ്പെട്ട വിഭാഗം ലത്തീൻ റീത്തുകത്തോലിക്കർക്ക് ഒരു പുതിയ രൂപതയായി സ്ഥാപിക്കുകയും, ഈ രൂപതയെ തിരുവനന്തപുരം പട്ടണ ത്തിൽ നിന്നുള്ള 'തിരുവനന്തപുരം ലത്തീൻ രൂപത'യെന്നു നാമകരണം ചെയ്യണമെന്നു തീരുമാനിക്കുകയും, തിരുസിംഹാസനത്തിന്റെ ഇച്ഛാനുസ രണം 'ഫ്ളാൻഡേഴ്സ് പ്രാവിൻസി'ലെ കർമ്മലീത്താ സഭക്കാരെ ഏല്പിക്കുകയും ചെയ്യുന്നു.

2. ഇപ്രകാരം ഭൂവിഭാഗത്തിൽ കു റയ്ക്കപ്പെട്ട കൊല്ലംരൂപതയെ മേലാൽ തദ്ദേശീയ വൈദികരുടെ ഭരണത്തി

നായി ഭരമേല്പിച്ചിരിക്കുന്നു. കൊല്ലം രൂപതയിൽ പരിശുദ്ധ പ്രേഷകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന മിഷനറിമാർ, ബിഷപ്പിന്റെയും സന്യാസ സഭാമേലധികാരികളുടെയും ഇച്ഛാനുസരണം അവിടെത്തന്നെ ജോലി തുടർന്നുകൊള്ളുന്നതായിരിക്കും.

3. പുതിയ തിരുവനന്തപുരം രൂപതയുടെ ആസ്ഥാനം, തിരുവനന്തപുരം പട്ടണത്തിൽ സ്ഥാപിക്കുകയും, തന്മൂലം ഇപ്രകാരം നാമകരണം ചെയ്യുകയും ചെയ്തിരിക്കുന്നു. അതേ നഗരത്തിൽതന്നെ വിശുദ്ധ യൗസേപ്പിന്റെ നാമത്തിൽ ദൈവത്തിനു സമർപ്പിക്കപ്പെട്ടിരിക്കുന്ന ദേവാലയത്തിൽ മെത്രാസനം സ്ഥാപിച്ചിരിക്കുന്നു. അതുകൊണ്ട് ആ ദേവാലയം ഭദ്രാസനപ്പള്ളിയുടെ പദവിയിലേക്കും സ്ഥാനത്തിലേക്കും ഉയർത്തപ്പെട്ടിരിക്കുന്നു. ഇതര വൈദികമേലദ്ധ്യക്ഷന്മാരും അവരുടെ ഭദ്രാസനപ്പള്ളികളും അനുഭവിക്കുന്നതും, കാനോനാച്ചട്ടം അനുവദിക്കുന്നതുമായ സകല അവകാശങ്ങളും അധികാരങ്ങളും, ആനുകൂല്യങ്ങളും, ബഹുമതികളും പ്രസ്തുത ദേവാലയത്തിനും, അതിന്റെ അധികാരം വഹിക്കുന്ന മെത്രാന്മാർക്കും അനുവദിച്ചിരിക്കുന്നു. അതോടൊന്നിച്ച് മറ്റു മെത്രാസനപ്പള്ളികളെയും അവയിലെ മെത്രാന്മാരെയും പോലെയുള്ള കടമകൾക്കും ചുമതലകൾക്കും ബാദ്ധ്യതപ്പെട്ടിരിക്കയും ചെയ്യുന്നു.

4. പുതിയ തിരുവനന്തപുരം രൂപത വരാപ്പുഴ അതിരൂപതയുടെ സാമന്തരൂപതയായിരിക്കുന്നതും അതിന്റെ അധികാരം വഹിക്കുന്ന മെത്രന്മാർ വരാപ്പുഴമെത്രാപ്പോലീത്തായുടെ അതിമെത്രാസനാവകാശങ്ങൾക്ക് അധീനപ്പെട്ടിരിക്കുന്നതുമാകുന്നു.

5. എന്നാൽ താൽക്കാലികമായിട്ട് തിരുവനന്തപുരം മെത്രാസനപ്പള്ളിയിൽ കാനോൻസിന്റെ ചാപ്റ്റർ സ്ഥാപിക്കാൻ സാധിക്കാത്തതിനാൽ അതുവരെ തൽസ്ഥാനത്തേക്ക്, നിയമാനുസൃതമായ വിധത്തിൽ രൂപത ഉപദേശക സമിതിയെ തിരഞ്ഞെടുക്കാവുന്നതാണ്.

6. പുതിയ രൂപതയുടെ ഭരണസമിതിയേയും ഭരണത്തെയും സംബന്ധിച്ചും, സിംഹാസനം ഒഴിവുവരുന്ന കാലത്ത് "വിക്കർ ക്യാപ്പിറ്റലറിന്റെയോ' 'അഡ്മിനിസ്റ്റേറ്റർ' അപ്പസ്തോലിക്കിന്റെയോ തിരഞ്ഞെടുപ്പിലും വൈദികാന്തസ്സിലേക്കു വിളിക്കപ്പെടുന്ന യുവജനങ്ങൾക്കായുള്ള സ്ഥാപനത്തിലും വൈദികരുടെയും വിശ്വാസികളുടെയും അവകാശത്തിലും കടമകളിലും, അതുപോലുള്ള മറ്റു സംഗതികളിലും പരിശുദ്ധ കാനോനാച്ചട്ടം നിർദ്ദേശിക്കുന്നത് അനുസരിക്കണമെന്നും കല്പിക്കുന്നു.

7. ഇതു കൂടാതെ, തിരുവനന്തപുരം ലത്തീൻ രൂപതയെ സംബന്ധിക്കുന്ന എല്ലാ പ്രമാണങ്ങളും നടപടിക്കുറിപ്പുകളും എത്രയും വേഗത്തിൽ കൊല്ലം രൂപത ചാൻസലറിയിൽ നിന്നു മാറ്റി അദ്ധ്യാത്മിക ചൈതന്യത്തോടുകൂടി അതിന്റെ ഭണ്ഡാഗാരത്തിൽ സൂക്ഷിക്കത്തക്കവണ്ണം പുതിയ രൂപതയുടെ മെത്രാസനകൂരിയായിൽ ഏല്പിക്കേണ്ടതുമാകുന്നു.

8. അവസാനമായി, കാനോനാച്ചട്ടം വകുപ്പനുസരിച്ച്, സെമിനാരി, മറ്റു സഖ്യതകൾ തുടങ്ങിയ പ്രത്യേക സ്ഥാപനങ്ങൾക്കുള്ള വസ്തുവകകൾ ഒഴികെ, നാളിതുവരെ രൂപതയുടെ ഉപയോഗത്തിനു നിശ്ചയിച്ചിരുന്ന പൊതുമുതൽ, ഇരുമെത്രാന്മാരുടെയും നന്മനസ്സും ന്യായവും അനുസരിച്ച്, താരതമ്യേന വിഭജിക്കേണ്ടതാണ്.

9. കൊല്ലം, തിരുവനന്തപുരം മെത്രാസന ദേവാലയങ്ങളിൽ പ്രസ്തുത "ബൂളായും" നമ്മുടെ ഈ ഡിക്രിയും പരസ്യം ചെയ്യുന്നതുമുതൽ, ഈ വക സംഗതികൾ നടപ്പിൽ വരുത്തേണ്ടതാണെന്നു നാം ആജ്ഞാപിക്കുന്നു. ഈ പരസ്യം യഥാവിധി നിർവ്വഹിക്കപ്പെട്ടു എന്ന് ഔദ്യോഗികമായി നമ്മെ അറിയിക്കുന്നതിനായി, നിതാന്ത വന്ദ്യ ദിവ്യശ്രീ ഡാക്ടർ വിൻസെൻറ് ദെരേരാ പിതാവിനെ ഈ എഴുത്തുപ്രകാരം നാം നിയോഗിക്കുന്നു.

•



കഥ



# അപ്പവും വെളിച്ചവും

ധർമ്മരാജ് മടപ്പള്ളി

അവന്റെ മുറിവിനാൽ നാം സൗഖ്യപ്പെട്ടു. അഥവാ അവന്റെ വിശപ്പിനാൽ നാം അപ്പം രുചിച്ചു.' ഇങ്ങനെ ഓരോരോ വിചാരങ്ങളുമായി, പുൽക്കൂട്ടിൽ വിതാനിക്കുവാനുള്ള രൂപങ്ങൾ തേടിയാണ് ഞാൻ കടയിലേക്ക് കയറിയത്. കാൽനടപ്പാത കടയിലൂടെ കടന്നുപോകുന്നതുപോലെ രണ്ടറ്റവും തുറന്ന വിധമായിരുന്നു കട. അതിലേക്ക് എനിക്കെതിർവഴിയിലൂടെ അയാളും വന്നുകയറി. പാതയോരങ്ങളിൽ കഥപറഞ്ഞുതീർന്ന മനുഷ്യരേപ്പോലെ ഏകാകികളായ മരങ്ങൾ... അവയുടെ ഇലകളറ്റുവീണ് നഗ്നമായ ചില്ലകളിൽ മഞ്ഞിന്റെ പഞ്ഞിക്കെട്ടുകൾ. അതോ ആകാശത്തിന്റെ ഒരടര് മരക്കൊമ്പുകളിൽ വിരിയുന്നതോ എന്നു ഞാൻ സന്ദേഹപ്പെട്ടു.



കടയിൽ, ചിത്രമാലകൾപോലെ തൂങ്ങിക്കിടക്കുന്ന പ്രകാശഹാരങ്ങൾക്കിടയിലൂടെ ഞങ്ങൾ അവനവനുവേണ്ടും ജംഗമങ്ങൾതേടി ഉലാത്തി. യേശുവിന്റെ വിവിധങ്ങളായ രൂപങ്ങൾ, രൂപകങ്ങൾ... സർവ്വതിലും നന്ദ്യാർവട്ട ഇതളുപോലുള്ള അവന്റെ മിഴികൾ! ഞാനൊരു ചിത്രത്തോട് പുഞ്ചിരിച്ചു. പൊടിപിടിച്ച ഏതോ തെരുവിലെ തേൻവില്പനക്കാർക്കിടയിൽനിന്ന് അവൻ ഇറങ്ങിവന്ന് എന്നോട് ചിരിച്ചു. ഞാൻ മറ്റൊരു ദിവ്യരൂപത്തിൽ തൊട്ടു. ആണിത്തുളവീണ പെരുംകൈനീട്ടി അയാളെന്നെ ആശ്ലേഷിച്ചു. തലക്കുമീതേ, തോരണങ്ങൾക്കിടയിൽ കാറ്റുനിറച്ചു വീർപ്പിച്ചുകെട്ടിയൊരു ബലൂൺ അന്നേരം പൊട്ടി. അതിന്റെ ചെറുശബ്ദത്തിൽ ഭയന്ന ഞാൻ എന്നോടുതന്നെ അമ്പരന്നു.

പലപല സാമഗ്രികളിലൂടെ കണ്ണോടിച്ചുള്ള നടപ്പിൽ ഞങ്ങൾ പലവട്ടം അഭിമുഖീകരിക്കപ്പെട്ടു. അന്നേരമൊക്കെയും അയാളോട് മന്ദഹസിക്കണമോ എന്ന് ഞാൻ സന്ദേഹിയായി.

"ആരെങ്കിലും ഉപയോഗിച്ച് മറിച്ചുവിറ്റ രൂപങ്ങൾ കിട്ടുമോ, ചെറുവിലയ്ക്ക്?"

മെഴുകുതിരികൾ അടുക്കിവെക്കുന്ന പെൺകുട്ടിയോട് അയാൾ ചോദിക്കുന്നത് കേട്ടു. അവൾ അയാളെ തുറിച്ചുനോക്കി. അയാളാകട്ടെ ഒരിക്കൽക്കൂടി അതേ പല്ലവി ആവർത്തിച്ചു.

" ആരെങ്കിലും ഉപയോഗിച്ച... പുതിയത് വാങ്ങാനുള്ളത്ര പണം കയ്യിലില്ല. കുഞ്ഞുങ്ങൾ കുറച്ചുദിവസങ്ങളായി പുല്ക്കൂടൊരുക്കണമെന്ന് പറഞ്ഞ് പിന്നാലെ കൂടിയിട്ട്."

പെൺകുട്ടി മെഴുകുതിരികൾ തിരികെവച്ച് അല്പം ധൃതിയിൽ നടന്നുപോയി

മറ്റാരേയോ കൂട്ടിക്കൊണ്ടുവന്നു. കടയുടെ ഉടമസ്ഥനാവണം.

"ആരെങ്കിലും ഉപയോഗിച്ച..." അയാൾ അതേ പല്ലവിയിൽ തറഞ്ഞു കിടന്നു. അതിന്റെ അവസാനം ഈവിധമായിരുന്നു.

"അത്രയൊന്നും വിലയില്ലാത്തത്..."

കടയുടമയും പെൺകുട്ടിയും അയാളെ അടിമുടി കണ്ണാലുഴിഞ്ഞുനോക്കി. ഞാനും നോട്ടംവശാൽ അവർക്കൊപ്പം കൂടി. പിഞ്ഞിത്തുടങ്ങിയ നീളൻ കമ്പിളിക്കുപ്പായം. വിരലുകളുടെ അറ്റം തേഞ്ഞുകീറിയ കയ്യുറകൾ. അതിൽനിന്ന് എത്തിനോക്കുന്ന വിരൽത്തുമ്പുകൾ. നീണ്ടുകരുവാളിച്ച മുഖത്ത് ക്രമംതെറ്റി നീണ്ട രോമങ്ങൾ. 'അലച്ചിൽ' എന്ന വാക്ക് മനുഷ്യരൂപം പ്രാപിച്ചതുപോലെ' എന്നു ഞാൻ അയാളെ നിരൂപിച്ചു.

കടയുടമ അയാളോടു ചോദിച്ചു:

"ഉപയോഗിച്ച് മറിച്ചുവിറ്റ ദൈവരൂപമോ! നിങ്ങൾക്ക് ബുദ്ധിക്ക് വല്ല തകരാറുമുണ്ടോ?"

"അത്തരമൊന്ന് വാങ്ങാനെത്തുന്ന എന്നേപ്പോലെ, വിൽക്കുവാനും എത്തിയേക്കാവുന്ന ഗതികെട്ട ആരെങ്കിലുമുണ്ടാവില്ലേ?" അയാൾ പതിഞ്ഞ ശബ്ദത്തിൽ ചോദിച്ചു.

കടയുടമ ഒരു ഞൊടി നിശബ്ദനായി. ശേഷം പറഞ്ഞു: "ഏതായാലും അത്തരം ഗതികെട്ടവർക്ക് വന്നുകയറാനുള്ള ഇടമല്ലിത്. മാന്യന്മാർ വന്നുകയറുന്ന സമയമാണിത്. താങ്കൾ ഇറങ്ങിപ്പോകണം."

മാലാഖമാരുടെ രൂപങ്ങൾ ചട്ടയിൽ കൊത്തിയ ചെറുകണ്ണാടിയിൽ ഞാൻ എന്നെ കണ്ടു. മാന്യൻതന്നെ!

അയാൾ ഒരു വട്ടംകൂടി കടയിലൂടൊന്ന് ചുറ്റിക്കറങ്ങി തീരേ ചെറിയ ഒരു ചുവന്ന നക്ഷത്രത്തിൽ തൊട്ട് വില ചോദിച്ചു. കടയുടമ അരിശത്തോടെ പറഞ്ഞു: "വില എത്രതന്നെയായാലും നിങ്ങൾക്ക് വില്ലവാനുള്ളതല്ല. പൊയ്ക്കോളൂ..." 'ഒരു നക്ഷത്രമെങ്കിലും എന്റെ കുഞ്ഞുങ്ങൾക്കായി...' എന്നു വിതുമ്പിക്കൊണ്ട്, അപ്പോളേക്കും പൂർണ്ണമായും മഞ്ഞു കീഴടക്കിയ പാതയിലേക്ക് അയാളിറങ്ങി.

കന്യാമറിയത്തിന്റെ ചെറുരൂപത്തിൽ അഭിനിവേശപ്പെട്ട് ഞാനത് കയ്യിലെടുത്തു. ഒരേസമയം ആത്മനിർവൃതിയും പീഡയും ഏറ്റുവാങ്ങുന്ന മുഖം. 'പിറവി എന്ന വാക്കിന് അമ്മ എന്ന ആലയം നിർമ്മിച്ചവളേ...' എന്നു ഞാൻ അകമേ സ്നാനപ്പെട്ടു.

വിചാരങ്ങളുടെ വെളിച്ചം എന്നെ പുതഞ്ഞു. അതിൽ 'ഉപയോഗിക്കപ്പെട്ട ദൈവം' എന്ന പ്രയോഗത്താൽ ഞാൻ സഞ്ചരിക്കപ്പെട്ടു. ഉപയോഗിക്കപ്പെട്ട ദൈവമല്ലേ ശക്തനും നീതിമാനും! ഇതേവരെ ഉപയോഗിക്കപ്പെടാത്ത ഒന്നിൽ എന്താണ് വിശ്വാസ്യത?

കന്യാമറിയത്തിന്റെ രൂപത്തിനപ്പുറം കുഞ്ഞാടിൻപറ്റങ്ങളുടെ മെഴുകുരൂപങ്ങൾ കണ്ടു. അതിൽനിന്ന് വഴിതെറ്റിപ്പോയ ആ ഒന്ന് എങ്ങായിരിക്കുമെന്ന് ഞാനോർത്തു. കടയിൽ ആവശ്യക്കാരുടെ തിരക്ക് കൂടിവന്നു. ഒന്നും വാങ്ങാതെ, 'ഉപയോഗിക്കപ്പെട്ട ദൈവം' എന്ന ഒറ്റൊരുവാക്കും ചുമന്ന് ഞാൻ പാതയിലേക്കിറങ്ങി.

പുകമഞ്ഞു പടർന്ന ആൾത്തിരക്കുള്ള പാത. അവയ്ക്കിരുവശവും മരങ്ങൾ, കഥയൊഴിഞ്ഞ മനുഷ്യർ. തിരക്കിന്റെ അങ്ങേ അതിരിൽ തലയെടുപ്പോടെ ഞാനയാളെകണ്ടു. മുമ്പേ കടയിൽ വന്നുകയറിയ അതേ ആൾ. അയാൾ കയ്യുറകൾ ഊരി ആകാശത്തേക്കെറിഞ്ഞു. രണ്ടു വെൺപ്രാവുകളായി അവ മരച്ചില്ലകൾക്കുമീതേ ഒച്ചയുണ്ടാക്കി ചിറകടിച്ചു പറന്നു. അയാളതാ എനിക്കുനേരെ കൈവീശുന്നു. കൈവെള്ളകളിൽ ചോരനനവിനാൽ പുതഞ്ഞ ആണിത്തുളകൾ! സൂക്ഷിച്ചു നോക്കെ അയാളുടെ ചുമലിൽ വെൺമഞ്ഞുകട്ടപോലൊരു കുഞ്ഞാട്!

നിന്നോളം ഉപയോഗിക്കപ്പെട്ട ദൈവമെങ്ങ്! എന്റെ ദൈവമേ... എനിക്ക് കരയണമെന്ന് തോന്നി. ഞാൻ കരഞ്ഞു. ●



ലേഖനം

# വിശ്വാസോത്സവം

ജോയിസ് ലാംബെർട്ട്



വിശ്വാസം എന്നത് പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ് (ഹെബ്രാ 11:1). ദൈവീകദാനമായ വിശ്വാസം വളരുന്നത് ഓരോരുത്തരുടെയും ജീവിതത്തിലൂടെയാണ്. ഒരു മനുഷ്യന്റെ ജീവിതത്തിൽ അവൻ കടന്നുപോകുന്ന ഓരോ സാഹചര്യവും വിശ്വാസത്തിന്റെ കനലിനെ ജ്വലിപ്പിക്കുകയോ മന്ദീഭവിപ്പിക്കുകയോ ചെയ്യാം. എന്നാൽ ഒരു വ്യക്തിയുടെ വിശ്വാസ ചൈതന്യത്തെ പൂർണ്ണമായും എടുത്തുമാറ്റാൻ ആർക്കും കഴിയില്ല.

ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവത്രികവുമായ സഭയിലാണ് വിശ്വാസ ജീവിതം വളരുന്നതും കരുത്താർജ്ജിക്കുന്നതും പൂവണിയുന്നതും. ഈ പ്രക്രീയ സാധ്യമാകുന്നത് ക്രമാനുസൃതമായ ദൈവവചന ശ്രവണത്തിലൂടെയും കൂദാശ സ്വീകരണത്തിലൂടെയും ദൈവപ്രമാണത്തിലധിഷ്ഠിതമായ ജീവിതചര്യകളിലൂടെയുമാണ്. വിശ്വാസം തലമുറകളിലേക്ക് കൈമാറ്റപ്പെടുന്നത് കുടുംബത്തിലൂടെയാണ്. മാതാപിതാക്കളിലൂടെയും സഹോദരങ്ങളിലൂടെയും പകർന്നുകിട്ടുന്ന വിശ്വാസം ഒരുവനെ ശക്തിപ്പെടുത്തുന്നു. യഥാർത്ഥത്തിലുള്ള വ്യക്തിജീവിതം ആഴമേറിയ വിശ്വാസത്തിന്റെ വ്യക്തമായ പ്രതിഫലനം തന്നെയാണ്. കുടുംബത്തെപ്പോലെ ശക്തമായ സ്വാധീനശക്തിയുള്ള മേഖലയാണ് സമൂഹം. സാമൂഹിക ജീവിയായ മനുഷ്യന് മാതൃകയാക്കാൻ കഴിവുള്ള വ്യക്തിത്വങ്ങൾ വിശ്വാസജീവിതത്തിന് പ്രചോദനമേകും.



വിശ്വാസത്തിലൂടെ കടന്നുപോകുമ്പോഴും ഓരോ വർഷവും നമ്മുടെ ഇടവകകളിൽ നടക്കുന്ന വിശ്വാസോത്സവത്തെ നാം എപ്രകാരമാണ് നോക്കിക്കാണുന്നത്. എപ്പോഴും അവധിക്കാലത്താണ് വിശ്വാസോത്സവം നടത്തുന്നത്. അതായത് നോമ്പുകാല യാത്രയിലൂടെ കർത്താവിനോട് കൂടുതൽ ദൃഢമായി ഐക്യപ്പെ



ട്ടുകൊണ്ട് തന്റെപീഠാനുഭവത്തിന്റെയും തിരുഉത്ഥാനത്തിന്റെയും ദിവ്യരഹസ്യങ്ങളിൽ നാം പങ്കാളികളായിത്തീരുന്നു. ഓരോ വർഷവും മതബോധനത്തിന്റെകീഴിലാണ് വിശ്വാസോത്സവം നടത്തുന്നത്. ഇത് സമ്പൂർണ്ണ വിജയമെന്ന് പറയാൻ നമുക്ക് സാധിക്കുമോ? എങ്കിൽ എന്തുകൊണ്ടാണ് നമ്മുടെ യുവതലമുറ വിശ്വാസത്തിൽ ആഴപ്പെടാത്തത്. അതോ നമ്മൾ കാലഘട്ടത്തിനനുസരിച്ച് സഞ്ചരിക്കാത്തതാണോ?

ഓരോ വർഷവും വിശ്വാസോത്സവം നടത്തപ്പെട്ടുമ്പോൾ സംഗീതം, നൃത്തം, വിവിധയിനം പ്രവർത്തനങ്ങൾ, സ്കിറ്റുകൾ, ബൈബിൾ പാരായണം, ക്വിസ് എന്നിവയൊക്കെ നടത്തപ്പെടുന്നുണ്ട്. അധ്യാപകർ, അവരുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്ന് സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നു. എന്നിട്ടും നമ്മുടെ മക്കൾക്ക് എന്തൊക്കെയോ കുറവുകളുണ്ട്. ഓരോ വിശ്വാസോത്സവവും ആടിയും പാടിയും കളിച്ചും ചിരിച്ചും അഭിനയപാടവം കാഴ്ചവച്ചും കടന്നുപോകുന്നു. ഇതിന് ഒരു തുടർച്ചയുണ്ടോ? ഇതിന്റെ തുടർച്ച ഓരോ മാതാപിതാക്കളിലും മതബോധന അധ്യാപകരിലുമാണ്.

സ്വാർത്ഥത വെടിഞ്ഞ് ഓരോ മക്കൾക്കുവേണ്ടിയും ഈറ്റുനോവനുഭവിച്ച് പ്രാർത്ഥിക്കണം. നല്ല ഫലം കിട്ടണമെങ്കിൽ നിലം അറിഞ്ഞ് വിതയ്ക്കണം. കാരണം തിന്മയുടെ ശക്തികൾ ചുറ്റിനടക്കുന്ന ഒരു കാലഘട്ടമാണിത്. പ്രലോഭനങ്ങളായും ചതിക്കുഴികളായും സുഖഭോഗങ്ങളായും യുവതലമുറയെ വീഴിക്കാൻ സദാ പ്രവർത്തനനിരതമാണ് അവ. മദ്യം, മയക്കുമരുന്ന്, മറ്റ് ലഹരി പദാർത്ഥങ്ങൾ, തെറ്റായ സൗഹൃദങ്ങൾ, ആത്മഹത്യാപ്രവണത, സോഷ്യൽ മീഡിയായുടെ സ്വാധീനം ഇവയെല്ലാം നാടിന്റെ സമ്പത്തായ ഒരു തലമുറയെയാണ് നശിപ്പിക്കുന്നത്. ഇതിന്റെദൂഷ്യഫലങ്ങളെക്കുറിച്ച് അറിഞ്ഞാലും പിൻതിരിയാനാവാതെ വരുന്നു. അതിനാൽ നമ്മുടെ മക്കളെ ഇതിനെക്കുറിച്ച് വിശ്വാസോത്സവത്തിലൂടെ ബോധവന്മാരാക്കിയെടുക്കണം. ഉറച്ച നല്ല തീരുമാനങ്ങൾ കൈക്കൊള്ളാൻ ഉതകുന്ന വ്യക്തിത്വ വികസന ക്ലാസ്സുകൾ, ലഹരിക്കെതിരെയുള്ള ക്ലാസ്സുകൾ, വായനാശീലത്തിന്റെപ്രാധാന്യം, ബൈബിൾ പാരായണം, കൂദാശാസ്വീകരണം, പ്രാർത്ഥന എന്നിവയുടെ ആവശ്യകത ഇവയെക്കുറിച്ചൊക്കെ വ്യക്തമായി അറിയുമ്പോൾ മാറ്റം സംഭവിച്ചു തുടങ്ങും.

യുവജനങ്ങളിൽ അലസത മാറണം. അലസമായ മനസ്സ് പിശാചിന്റെപണിപ്പുരയാണെന്ന് പറയുന്നതുപോലെ വ്യായാമമില്ലാത്ത ശരീരം രോഗങ്ങളുടെ കലവറയാണ്. കായിക വിനോദങ്ങളിൽ ഏർപ്പെടുന്നത് ഉന്മേഷവും ആരോഗ്യവും പ്രദാനം ചെയ്യും. ഒപ്പം വീട്ടിലെ ജോലികളിൽ ആൺപെൺ വ്യത്യാസമില്ലാതെ ചെയ്യുക. മാതാപിതാക്കൾ അതിന് ചുക്കാൻ പിടിക്കുക. ഒരു വൈറസിനെതിരെ ഒത്തൊരുമിച്ച് പോരാടിയ ജനതയാണ് നാം. ജീവനെന്ന അമൂല്യദാനത്തിന്റെ വില തിരിച്ചറിഞ്ഞ ജനത. ജീവിതത്തിൽ നല്ല മൂല്യങ്ങൾ മുറുകെ പിടിച്ചുകൊണ്ട് നല്ലൊരു നാളെ സ്വപ്നം കണ്ടുകൊണ്ട് അത് പൂവണിയിക്കാൻ ഒരുമിച്ച് കൈകോർക്കാം. എല്ലാസാധ്യതകളും അവസാനിച്ചുവെന്ന് തോന്നുമ്പോഴും ദൈവത്തിന് ഒന്നും അസാധ്യമല്ലെന്ന തിരിച്ചറിവന്റെ പ്രകാശത്തിലേയ്ക്കാണ് യഥാർത്ഥ വിശ്വാസം നമ്മെ വഴി നടത്തുന്നത്.


പ്രാർത്ഥനാഞ്ജലി





MEDICAL SISTERS OF ST. FRANCIS OF ASSISI

യേശുവിനെ സ്നേഹിക്കുവാൻ, യേശുവിനുവേണ്ടി പ്രവർത്തിക്കുവാൻ, മെഡിക്കൽ സിസ്റ്റേഴ്സ് ഓഫ് സെന്റ്. ഫ്രാൻസിസ് ഓഫ് അസ്സിസി സന്യാസ സഭയിലേക്ക് SSLC – യോ അതിലുപരിയോ വിദ്യാഭ്യാസമുള്ള കുഞ്ഞനുജത്തിമാരെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

Vocation Promotor
**ST. FRANCIS CONVENT**
Valia Veli, Trivandrum
Kerala - 695021



# ബ്രിജിറ്റൈൻ സന്യാസ സഭയിലേക്ക് സ്വാഗതം

യേശുവിനെ സ്നേഹിക്കുവാൻ,
യേശുവിനുവേണ്ടി പ്രവർത്തിക്കുവാൻ,
1911–ൽ വിശുദ്ധ മദർ എലിസബത്തിനാൽ
റോമിൽ സ്ഥാപിതമായ ബ്രിജിറ്റൈൻ സന്യാസ
സഭയിലേക്ക് SSLC–യോ അതിലുപരിയോ
വിദ്യാഭ്യാസമുള്ള കുഞ്ഞനുജത്തിമാരെ
സ്നേഹപൂർവ്വം

**ST. BRIDGET'S CONVENT**
**VELLAYAMBALAM, TRIVANDRUM**
**Cont. 96055 66681, 0471 - 2316734**



ഫ്രാൻസിസ് പാപ്പ
1936 - 2025

**സമാധാനത്തിന്റെ പ്രവാചകന് പ്രാർഥനാഞ്ജലി**



**CANOSSIAN**
DAUGHTERS OF CHARITY SERVANTS OF THE POOR




## ഫ്രാൻസിസ് പാപ്പയ്ക്ക് സ്നേഹ പ്രണാമം



ക്രിസ്തുവിനോട് കൂടെ ആയിരിക്കുവാനും
അയക്കപ്പെടാനും സമൂഹസേവനത്തിൽ അഗ്രഗണ്യരായ്
പ്രവർത്തിച്ച് ക്രിസ്തുവിന്റെ സാമ്രാജ്യം പണിതുയർത്തി
ലോകത്തെ രക്ഷയിലേക്ക് ആനയിക്കുവാനും
ആഗ്രഹിക്കുന്നുണ്ടെങ്കിൽ
**വരൂ... കനോഷ്യൻ സഭ നിങ്ങളെ സ്വാഗതം ചെയ്യുന്നു...**

Contact us:
Canossian Daughters of Charity
Canossian Provincialate
No 4,Harris Road, Bangalore -560006
Ph: +91 94815 05886
website: www.canossiansouthindia.org

ലേഖനം




# പൗരാവകാശ സംരക്ഷണത്തിലേക്ക് ഒരു ചുവട് വയ്പ്: ഭരണഘടനയുടെ മുല്യം വെളിപ്പെടുത്തുന്ന വഖഫ് ഭേദഗതി

**ജയ്സൺ ആദപ്പിള്ളി**

**ന്യായമായ വഴിയിലൂടെ മുനമ്പത്ത് ആയുഷ്ക്കാലം മുഴുവൻ ജീവിച്ചവരെ അന്യാധീനരായി മുദ്രകുത്തി, ഇന്ത്യൻ പൗരാവകാശത്തെ പ്രകോപ്പിക്കുന്ന ഈ സമീപനം പുതിയ വഖഫ് ഭേദഗതിയിലൂടെ നയപരമായ തിരുത്തലുകൾക്ക് വഴിവെച്ചു.**



ആയിരക്കണക്കിന് വർഷങ്ങളായി നിലനിൽക്കുന്ന വ്യത്യസ്ത മതങ്ങളും ഭാഷകളും ആശയങ്ങളും നിറഞ്ഞ ഇന്ത്യക്ക് ദീർഘവും സമ്പന്നവുമായ ഒരു ചരിത്രമുണ്ട്. ഭാരതീയ ജനതയുടെ ഏകത്വവും സമത്വവുമാണ് ഇന്ത്യൻ ഭരണഘടനയുടെ ആത്മാവുതന്നെ. അതുകൊണ്ടാണ് ഭരണഘടനയുടെ പ്രാരംഭ വാക്യങ്ങൾ “We, the people of India...” എന്ന് തുടങ്ങുന്നത്.

എന്നാൽ ദൗർഭാഗ്യവശാൽ, ഇന്ത്യയുടെ ചില നിയമങ്ങൾ, പ്രത്യേകിച്ച് പഴയ വഖഫ് നിയമങ്ങൾ ഭരണഘടനയോടും പൗരാവകാശങ്ങളോടും പൂർണ്ണമായും നിരാകരണമുള്ള നിലപാടുകൾ സ്വീകരിച്ചതായി ആക്ഷേപിക്കപ്പെടുന്നു. ഈ നിയമങ്ങൾ ഭരണഘടനയുടെ ആധാരമായ 'സ്വത്ത്വാവകാശം, തുല്യത്വം, നിയമപരമായ സുരക്ഷ' എന്നീ മൂല്യങ്ങളെ അപഹാസ്യ രൂപത്തിലാക്കി മാറ്റുകയും ചില സമൂഹങ്ങളുടേയും വ്യക്തി

കളുടേയും ജീവിതത്തെ ദുഷ്കരമാക്കുകയും ചെയ്തു.

ഇതിന്റെ ഏറ്റവും വ്യത്യസ്തമായ ഉദാഹരണമാണ് കേരളത്തിലെ മുനമ്പം പ്രദേശത്ത് ഒരു വലിയ വിഭാഗം മത്സ്യത്തൊഴിലാളികളുടെ ഭൂമി "വഖഫ് ഭൂമി" എന്നു പറഞ്ഞ് വഖഫ് ബോർഡ് അവകാശപ്പെടാൻ ശ്രമിച്ച സംഭവം. ന്യായമായ വഴിയിലൂടെ മുനമ്പത്ത് ആയുഷ്കാലം മുഴുവൻ ജീവിച്ചവരെ അന്യാധീനരായി മുദ്രകുത്തി, ഇന്ത്യൻ പൗരാവകാശത്തെ പ്രകോപിക്കുന്ന ഈ സമീപനം പുതിയ വഖഫ് ഭേദഗതിയിലൂടെ നയപരമായ തിരുത്തലുകൾക്ക് വഴിവെച്ചു.

## വഖഫ് നിയമം – ഉദ്ദേശ്യവും വാസ്തവവും തമ്മിലുള്ള വ്യത്യാസം

വഖഫ് എന്ന ആശയം സഹാനുഭൂതിയുടെയും ഉപകാരത്തിന്റെയും പേരിലാണ് തുടർന്നത്. ഇസ്ലാമിക വിശ്വാസപ്രകാരം, ധനവും സ്വത്തും ഉള്ളവർ, അതിന്റെ ഒരു ഭാഗം ജീവകാരുണ്യത്തിനായി സമർപ്പിക്കുന്നു. അത് മതപരമായി അതുല്യമായ, മഹത്വപരമായ ഒരു കർമ്മവുമാണ്.

എന്നാൽ ഇന്ത്യൻ വ്യവസ്ഥിതിയിൽ വഖഫ് നിയമം ഒരു സാമൂഹിക സേവനത്തിനോ മതപരമായ ആദർശങ്ങൾക്കോ പകരം പൗരാവകാശ ലംഘനത്തിന്റെയും ഭൂമി പിടിച്ചെടുക്കലിന്റെയും ഉപകരണമായി മാറുന്നതാണ് നാം കണ്ടത്. വ്യത്യസ്ത സംസ്ഥാനങ്ങളിൽ, പ്രത്യേകിച്ചും കേരളം, തമിഴ്നാട്, കർണ്ണാടക, ഉത്തർപ്രദേശ് തുടങ്ങിയ ഭാഗങ്ങളിൽ, 'അനധികൃതമായ ഭൂമി പിടിച്ചെടുക്കലുകൾ' ആദിവാസികളുടെ സ്ഥലങ്ങൾ വഖഫ് ഭൂമിയെന്ന പേരിൽ ഏറ്റെടുക്കുന്നത് പോലെയുള്ള സംഭവങ്ങൾക്ക് നേരെ കണ്ണടയ്ക്കുവാൻ ഒരു ഇന്ത്യൻ പൗരന് സാധിക്കുമോ?

## ഭരണഘടനാപരമായ അവകാശങ്ങളുടെയും പൗരത്വത്തിന്റെയും വിളംബരം

നമ്മുടെ ഭരണഘടന പൗരന്മാർക്ക് ഉറപ്പുനൽകുന്ന മൂല്യങ്ങൾ ഇവയാണ്:

> ആർട്ടിക്കിൾ 14: നിയമത്തിന്റെ മുന്നിൽ തുല്യ അവകാശം,

> ആർട്ടിക്കിൾ 19(1)(f) 44-ാം ഭരണഘടന ഭേദഗതിക്ക് മുമ്പ്: സ്വത്ത് ഉടമയാകാനുള്ള അവകാശം,

> ആർട്ടിക്കിൾ 21: ജീവിതവും വ്യക്തി സ്വാതന്ത്ര്യവും,

> ആർട്ടിക്കിൾ 300A: ഏതു വ്യക്തിയുടെയും സ്വത്ത്, നിയമത്തിന്റെ അധികാരമില്ലാതെ ഏറ്റെടുക്കുവാൻ പാടില്ല എന്ന വ്യക്തിയുടെ ഭൂമിയേയും അവകാശങ്ങളേയും സംരക്ഷിക്കുന്ന ആശയം.




## പഴയ വഖഫ് നിയമത്തിന്റെ പ്രശ്നം എന്തായിരുന്നു?

ഏതൊരു ഭൂമിയും, അതിന്റെ ചരിത്രം 100–200 വർഷം മുൻപുള്ളതാണെങ്കിൽ പോലും, ആ സ്ഥലത്ത് മുമ്പ് പള്ളിയുണ്ടായിരുന്നുവെന്ന തലത്തിൽ, വഖഫ് ബോർഡുകൾ അവകാശപ്പെടുന്ന വിധം നിയമപരമായ അധികാരം പ്രയോഗിക്കാമായിരുന്നു.

ഭൂമിയുടെ രേഖകളെ, വ്യക്തിയുടെ കൈവശാവകാശം, വസ്തുതകൾ എല്ലാം അവഗണിച്ച് ട്രൈബ്യൂണലുകൾക്ക് തീരുമാനമെടുക്കാമായിരുന്നു. അതിനുമേൽ ഒരു പൗരന്റെ വാദം കേൾക്കാതെ നടപടികൾ സ്വീകരിച്ചതിന്റെ നിരവധി ഉദാഹരണങ്ങൾ കേരളത്തിൽപോലും ഉണ്ട്.

## ഭേദഗതി: ഭരണഘടനയിൽ പൗരന്റെ അവകാശം പുനസ്ഥാപിക്കപ്പെടുന്നു

ഇത്തരത്തിൽ പൗരന്മാരുടെ അടിസ്ഥാന അവകാശങ്ങൾ ഭീഷണിയിലായപ്പോൾ, പുതിയ ഭേദഗതികൾ ചില സുപ്രധാന മാറ്റങ്ങൾ കൊണ്ടുവന്നു: വഖഫ് ട്രൈബ്യൂണലുകളുടെ തീരുമാനം ഇനി ഹൈക്കോടതിയിൽ അപ്പീൽ ചെയ്യാൻ കഴിയും. ഇത് 'ജുഡീഷ്യൽ റിവ്യൂ' എന്ന ആശയം പുനഃസ്ഥാപിക്കപ്പെടുന്നു.

ഇതിലൂടെ പൗരന് തന്റെ വാദം ചൊല്ലാൻ അവസരം നൽകേണ്ടത് നിർബന്ധമായിരിക്കും. വസ്തുതാപരമായ രേഖകളില്ലാതെ ഭൂമിയെ വഖഫ് സ്വത്ത് ആക്കാനാവില്ല. വഖഫ് ബോർഡുകൾക്ക്, വക ബോർഡുകൾക്ക് ഭൂമി നിയമപരമായ പോരാട്ടം ഇല്ലാതെ താൽക്കാലികമായിപോലും അവകാശപ്പെടുത്തുവാൻ സാധിക്കുന്നതല്ല

ഇവയൊക്കെയും പൗരാവകാശ സംരക്ഷണമാണ്. ഇത് ഒരു ഇന്ത്യൻ പൗരന്റെ സുരക്ഷയ്ക്ക് വേണ്ടിയുള്ള ഭേദഗതികളാണ്. ഒരു മതത്തിനും എതിരല്ല.

## മതവിരുദ്ധമാണോ ഈ ഭേദഗതി?

അല്ല. ഒരു ഇന്ത്യൻ പൗരൻ സ്വന്തം സ്ഥലത്തെ സംരക്ഷിക്കാൻ ശ്രമിക്കുന്നത് മതവിരുദ്ധമല്ല. ഒരാളുടെ സ്വത്തുക്കൾ അപഹരിക്കപ്പെടുന്നതിൽ നിന്നും അവനെ രക്ഷിക്കുന്നത് ന്യൂനപക്ഷ വിരുദ്ധമല്ല. ഇന്ത്യയിൽ എല്ലാ പൗരന്മാർക്കും 'തുല്യ അവകാശങ്ങൾ' ഉറപ്പാക്കുക എന്നതാണ് ഭരണഘടനയുടെ ആത്മാവും അഭിമാനവും.

മുനമ്പം ഉദാഹരണം നമ്മുടെ മുമ്പിലുണ്ട്. അവിടത്തെ മത്സ്യത്തൊഴിലാളികൾ ഇന്ത്യൻ ഭരണഘടനയിൽ ഉറപ്പു പറയുന്ന അവരുടെ പൗരാവകാശവും അന്തസ്സും നിഷേധിക്കപ്പെടാൻ ശ്രമിക്കപ്പെട്ടപ്പോൾ, അവർ ശബ്ദമുയർത്തി. ഒരു സമൂഹത്തിന്റെ ഭൂമി മുനിസിപ്പാലിറ്റി രേഖകളിലും റവന്യൂ രേഖകളിലും അവരുടെ പേരിലായിരുന്നിട്ടും അതിനെ കയ്യേറ്റം എന്ന് മുദ്രകുത്താൻ ശ്രമിച്ചപ്പോൾ, അവർ അതിനെതിരെ കനത്ത പ്രതിഷേധം ഉയർത്തി. പുതിയ ഭേദഗതിയില്ലാതെ, അവരുടെ നില സംരക്ഷിക്കാനാകുമായിരുന്നില്ല.

## ഭരണഘടനയുടെ ആത്മാവ് സംരക്ഷിക്കപ്പെടുന്നു.

ഇന്ത്യൻ റിപ്പബ്ലിക് ഒരു മതത്തിന്റെ പേരിൽ അല്ല, ഒരു മതവുമില്ലാത്ത ജനതയുടെ തുല്യാവകാശത്തിന്മേലാണ് നിലവിൽ വന്നത്. വഖഫ് ഭേദഗതി നിയമം അതിന്റെ ഭാഗമാണ് അതിന്റെ ലക്ഷ്യം സമൂഹവിരുദ്ധമല്ല, മറിച്ച് സമൂഹത്തെ സംരക്ഷിക്കുക എന്നതാണ്. ഇന്ത്യൻ ഭരണഘടനയും, പൗരാവകാശങ്ങളും നീതിയും സ്വാതന്ത്ര്യവും മതേതരത്വവും സംരക്ഷിക്കാൻ വേണ്ടിയുള്ള പോരാട്ടമാണ് ഈ ഭേദഗതിക്ക് പിന്നിൽ ഉള്ളത്. അത് ശക്തിപ്പെടുത്തണം, നിലനിർത്തണം.

●

നിരൂപണം




# എമ്പുരാനും കുറെ രാഷ്ട്രീയ പാഠാന്തരങ്ങളും!

സുനിൽ സി.ഇ



ചരിത്രാന്വേഷണത്തിന്റെ ഫലപ്രാപ്തി ആനന്ദമൂർച്ഛയിലാണെത്തിക്കുന്നത് എന്ന തോന്നൽ അതിനു വേണ്ടിവരുന്ന വേദനകളെ മറക്കുവാൻപോലും പ്രേരിപ്പിക്കുന്നതാണ്. ചരിത്രത്തിനുള്ളിലെ സത്യത്തെ എത്രയെങ്കിലും വെട്ടിമാറ്റിയാലും അതിന്റെ കൊട്ടും പീഢ, കഷ്ടങ്ങളെ വെറുതെ സഹിക്കാൻ പ്രാപ്തരാക്കുന്നത് ഈ ന്യൂറോൺ മായാജാലക്കളികളാണ്. അത്രയ്ക്കാണ് ചരിത്രസംബന്ധിയായ ഒരു സിനിമയുടെ മോഹനസുന്ദര വാഗ്ദാനഘോഷങ്ങൾ. അപ്രാപ്യമായ ഏത് ചരിത്ര ഖണ്ഡത്തിനും സ്വാദ് കൂട്ടുമെന്ന് എമ്പുരാന്റെ അണിയറ പ്രവർത്തകർക്കറിയാമായിരുന്നു. ഉപഭോക്താവാദത്തിന്റെ ട്രിക്കുകളിലൊന്ന് പുണ്യം, ആത്മീയത, മതം ഇവയുമൊക്കെയായി ബന്ധിപ്പിച്ച് വിപണി അനുഷ്ഠാനപരമാക്കി അതുവഴി ഫലപ്രാപ്തിയിലേക്കുള്ള നടകൾ കയറാൻ പ്രേരിപ്പിച്ച് അതോടൊപ്പം വിശ്വാസയോഗ്യത നേടുക എന്നതാണ്. ജീവനു വിലയില്ലാതാകുന്ന ചരിത്രസംബന്ധിയിൽ സമാധാനം കാത്തുസൂക്ഷിക്കുയെന്നത് ദുഷ്കരമാണ്. ഏറ്റവും വലിയ പാഴ്ച്ചെയ്തിയായ കലാപത്തെ പശ്ചാത്തലമോ കാരണമോ ആക്കിയെടുക്കുന്നതിനുപരി സ്നേഹരാഹിത്യത്തിന്റെ ഉദാത്തോദാഹരണമായും മാനുഷികാംശങ്ങളുടെ പൂർണ്ണനിരാകരണവുമായി കാണിച്ചെടുക്കാൻ വിപുലമായ ദൃശ്യങ്ങളാണ് എമ്പുരാൻ ഒരുക്കിയിട്ടുള്ളത്. കഥ ചരിത്രത്തിൽ നേരിട്ട് ഇടപെടുകയാണിവിടെ. ഗുജറാത്ത് കലാപങ്ങളുടെ കാർണിവൽ




സ്ഥലമാകുന്നതിനെയും അവിടം ദുരന്ത (മനുഷ്യ) മേളകളുടെ ഹിസ്റ്ററിയയാകുന്നതിന്റെയും പരിണാമ ഗുപ്തിയെയാണ് സിനിമ ദൃശ്യപ്പെടുത്തുന്നത്. അവ്യവസ്ഥയുടെ ഭീതിദവും ബീഭത്സവുമായ നേർക്കാഴ്ചകൾ വെറുങ്ങലിപ്പ സൃഷ്ടിക്കുമ്പോൾതന്നെ ആരാണ നിങ്ങളുടെ ജീവിതത്തിന്റെ ചരടുകൾ വലിക്കുന്നത് എന്ന ചോദ്യം സിനിമ അവശേഷിപ്പിക്കുന്നുണ്ട്.

വിശ്വാസങ്ങളിൽ അടിസ്ഥാനം ഉറപ്പിച്ച ജനതയാണ് ഇന്ത്യയിലുള്ളത്. അതിനാൽതന്നെ ദൈവവിശ്വാസത്തിൽനിന്നും വിഘടിക്കപ്പെട്ട മിത്തുകൾ നിമ്മിച്ചെടുക്കാനോ ചരിത്രത്തിൽ നുണ കലർത്താനോ നമുക്ക് താത്പര്യമില്ല. കള്ളചരിത്രഹിതം എന്നത് അതിജീവന പരീക്ഷകളിലെ തോൽവികൾക്ക് ഒഴികഴിവും സാധുതയും കല്പിച്ചരുളുന്ന ഒരു പ്രതിഭാസം മാത്രമാണെന്ന് നാം ഇതിനകം തിരിച്ചറിഞ്ഞിട്ടുമുണ്ട്. എമ്പുരാൻ നാം മറന്ന ചരിത്രത്തിന്റെ പുതു ആഖ്യാനമാണ്. പക്ഷേ അതിന് പഴമയും തറവാടിത്തവും അണയ്ക്കാൻ നടത്തിയ ചില ശ്രമങ്ങളെ സംശയദൃഷ്ടിയോടെ കണ്ടേ മതിയാകൂ. നാം മറന്ന ചരിത്രം ഇന്ത്യയിൽ പോപ്പുലർ ആകണമെങ്കിൽ ഏതെങ്കിലും ഒരു മതദ്വേഷത്തിന്റെയോ രാഷ്ട്രീയ വൈരത്തിന്റെയോ ഒത്താശയോടെ ആയിരിക്കണം എന്നത് മാർക്കറ്റിങ് തന്ത്രത്തിലെ ലളിതയുക്തിയാണ്. ഇതിനൊക്കെയുള്ള ചില മറുവായനകൾ ഇപ്പോൾ സിനിമ അവശേഷിപ്പിക്കുന്നുണ്ട്.

## എമ്പുരാൻ ഭാരതീയത കൈവിട്ടുവോ?

ചില സിനിമകൾ യുക്തിയില്ലായ്മയിലാണ് തീവ്രാനുഭവത്തിന്റെ രസക്കാമ്പ് നീട്ടുന്നത്. ഇവിടെ മുരളി ഗോപി എന്ന തിരക്കഥാകാരൻ അങ്ങേയറ്റം യുക്തിപ്രാധാന്യത്തോടെയാണ് ലൂസിഫറിൽ പറഞ്ഞു നിർത്തിയ പ്രാദേശിക രാഷ്ട്രീയത്തെ എമ്പുരാനിൽ ഗ്ലോബൽ രാഷ്ട്രീയമാക്കി ഉയർത്തുന്നത്. കലാപത്തിന്റെ ചരിത്രത്തെ ഉയർത്തിക്കാട്ടുന്ന ഒരു സിനിമ ഭാരതീയത കൈവിട്ടുവെന്നു നമുക്ക് പറയാനാവുമോ? ഒരു വൻ കെട്ടുകാഴ്ച അതിന്റെ എല്ലാ ആർഭാടത്തോടുംകൂടി പ്രേക്ഷകർക്കു സമർപ്പിക്കുക എന്നതേ എമ്പുരാൻ നിർമ്മിച്ചവർ ഉദ്ദേശിച്ചിട്ടുള്ളു എന്ന് നമുക്ക് പറയാനാവില്ല. ഇന്നും മനസ്സിൽ പൊറ്റയടർന്നു പോകാതെ സൂക്ഷിക്കുന്ന ഗുജറാത്ത് കലാപം ഇന്ത്യൻ ജനതയ്ക്ക് ഒരു സ്വാദിഷ്ടവിഭവമല്ലല്ലോ! അതുകൊണ്ടുതന്നെ കാണികളിലെ ലഘുതമ സാധാരണ ഘടകാംശത്തെ സന്തോഷിപ്പിക്കുക എന്ന ലളിത ദൗത്യം മാത്രമല്ല എമ്പുരാനുണ്ടായിരുന്നത്. എമ്പുരാൻ ഭാരതീയത കൈവിട്ടുവെന്ന ആക്ഷേപമാണല്ലോ മുഴങ്ങിനിന്നത്. എമ്പുരാൻ എന്ന സിനിമയിലെ പ്രധാനമായ ഒരു ഡയലോഗ് ഇതിന് മറുപടിയായി ഉദ്ധരിക്കാൻ ഈ ലേഖകൻ നിർബന്ധിതനാകുന്നു.

ഇന്ത്യാ മഹാരാജ്യത്തിന്റെ താഴേക്കോണിൽ കിടക്കുന്ന കേരളമെന്ന ഒരു തുരുത്തിൽ, ഇവിടെ എവിടെയാണ് ദേശീയതയ്ക്കും പ്രാദേശികതയ്ക്കും ഒക്കെ ഉടവ് തട്ടുന്നത്. എമ്പുരാൻ സിനിമയുടെ പോരായ്മയായി മുഴങ്ങി കേൾക്കുന്ന മറ്റൊരു സംഗതി അതിന്റെ രചനാവഴിയാണല്ലോ. ആഗോള രാഷ്ട്രീയത്തെ തന്നെ മറഞ്ഞിരുന്നു നിയന്ത്രിക്കുന്ന, ആയുധ വ്യാപാരത്തിനും ലഹരിമരുന്ന് കച്ചവടത്തിനും നേതൃത്വം നൽകുന്ന ആഫ്രോ-ചൈനീസ് ശക്തികളായ ഷെൻട്രയാഡിനെ നേർക്കുനേർക്ക് നിന്ന് പോരിന് വിളിക്കാൻ ശേഷിയുള്ള ഒരു സംഘം പക്ഷേ ഉണ്ടാകുന്നത് ഈ മഹാരാജ്യത്തുനിന്നുതന്നെയല്ലേ. അതിനു നേതൃത്വം നൽകുന്നത് കേരളം എന്ന തുരുത്തിലെ ഒരു മലയാളിയല്ലേ. കള്ളവണ്ടി കയറി ബോംബെയിൽ എത്തി അവിടെ ഗല്ലികളിൽ അടിതട പഠിച്ച് അധോലോക തലവന്മാരാകുന്ന നായകന്മാരെ കുറിച്ച് നാം നിരവധി സിനിമകൾ കണ്ടിട്ടുണ്ട്. പക്ഷേ ഇവിടെ അതൊന്നും അസംഭവ്യമല്ല. കാരണം ഖുറേഷി അബ്രാമിന്റെ സാധ്യതകളുടെ വലിപ്പത്തിന്റെ സൂചന നാം ലൂസിഫർ എന്ന ചിത്രത്തിൽ അനുഭവിച്ചിട്ടുണ്ട്. കെ.എ. നെക്സസിന് നേതൃത്വം നൽകുന്നത് മോഹൻലാലാണ്.

തട്ടുകേടുകളേതുമില്ലാതെ ആഭ്യന്തര - അന്താരാഷ്ട്ര വിഷയങ്ങളിലെ ഒരു ബാലൻസിങ് എമ്പുരാൻ നിലനിർത്തുന്നുണ്ട്. ആഭ്യന്തര വിഷയങ്ങളിൽ ശ്രദ്ധിക്കുന്ന സ്റ്റീഫനിൽനിന്ന് കെ.എ. നെക്സസിനു നേതൃത്വം നൽകുന്ന ഖുറേഷി അബ്രാമിലേക്കുള്ള പരിണാമമാണ് എമ്പുരാൻ പറയുന്നത്. സിനിമ തുടങ്ങുന്നതു തന്നെ ഒരു ബ്ലാസ്റ്റ് കാണിച്ചുകൊണ്ടാണ്. രാഷ്ട്രീയ - മത പ്രതീകങ്ങളെ ആക്ഷേപിച്ചും നിന്ദിച്ചും ഇന്ത്യൻ സൈക്കിൽ സിനിമയ്ക്ക് വേറിട്ട ഇടവും പ്രാധാന്യവും നേടിയ എമ്പുരാൻ ക്രൈസ്തവരോട് കാട്ടിയതും മാപ്പർഹിക്കാത്ത തെറ്റാണ്. ക്രൈസ്തവന്റെ വിശ്വാസ പരിരക്ഷയുടെ കേന്ദ്രബിന്ദുവായ കുരിശിനെയും സിനിമ അവഹേളിക്കുന്നുണ്ട്. സിനിമാതാരങ്ങൾക്കും കഥാപാത്രങ്ങൾക്കും അമ്പലം പണിയുന്നവരാണ് ഇന്ത്യയിലെ സിനിമാസ്വാദകർ എന്നതുകൊണ്ടാണ് മതവിശ്വാസങ്ങൾക്കുനേരെയുള്ള അധിക്ഷേപങ്ങളോട് നാം കലഹിക്കാതിരിക്കുന്നത്. എമ്പുരാൻ എന്ന സിനിമ ആഡംബരപരതയും ബ്രഹ്മാണ്ഡൻ സ്വരൂപവിലാസവും പേറുന്നുവെന്നതുകൊണ്ടുമാത്രം എതിർക്കപ്പെടേണ്ടതില്ലായെന്നു പറയാൻ കഴിയില്ല. സമൂഹനീതിയുടെ അപചയം കാരണം സിനിമ എന്ന ഭാവനാലോകം ഭാരതീയരുടെ ജീവിതത്തിലേക്കു കടന്നുകയറും. എമ്പുരാൻ ഭാരതീയത കൈവിടുന്നോ എന്ന ചോദ്യം ഇവിടെ അപ്രസക്തമാണ്.

•



ലേഖനം

# അവധിക്കാലം ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ

**രജിത. വൈ. ആർ**
**ഹയർ സെക്കൻഡറി സ്കൂൾ, പള്ളിത്തുറ**

മാഞ്ചുവടും മൈതാനവും കുട്ടികളെക്കൊണ്ടു നിറഞ്ഞിരുന്ന കാലം... പഴയ കളിവണ്ടിയും സൈക്കിളും പൊടി തട്ടിയെടുത്ത് നാട്ടുവഴിയിൽ ഇറക്കിയ കാലം... കണ്ണുപൊത്തിക്കളിയും ഗോലികളിയും വട്ടുകളിയും കൊണ്ട് ഉത്സാഹത്തിമിർപ്പിൽ ആനന്ദിച്ച കാലം... തോട്ടിലും കുളത്തിലും കൂട്ടുകാരോടൊപ്പം ഒന്നിച്ചിറങ്ങി വാശിയോടെ നീന്തൽ പഠിച്ച കാലം... അമ്മാമ്മയുടെ വീട്ടിലേക്ക് നീണ്ടനാളത്തെ ഉല്ലാസങ്ങൾ തേടിയുള്ള യാത്രയുടെ കാലം... കറുത്ത ബോർഡും ബെഞ്ചും പുസ്തകവും ചൂരലും ഒന്നുമില്ലാത്ത രണ്ടുമാസത്തെ അവധിക്കാലം... പണ്ട് ഇതൊക്കെയായിരുന്ന അവധിക്കാലം വന്നാൽ കുട്ടികളുടെ സന്തോഷം.



എന്നാൽ ഇന്ന് ഈ സ്ഥാനത്ത് ടിവിയും മൊബൈലും വന്നതോടെ നമ്മുടെ കുഞ്ഞുങ്ങൾക്ക് സാമൂഹ്യപാഠങ്ങളുടെ പ്രായോഗിക ജീവിതമാണ് ഇല്ലാതായത്. നാല് ചുവരുകൾക്കുള്ളിൽനിന്ന് ഒരൊറ്റ സ്ക്രീനിലേക്ക് മാത്രം തലകുനിച്ച് നമ്മുടെ കുഞ്ഞുങ്ങൾ ഇരിപ്പുതുടങ്ങിയപ്പോൾ വർണ്ണവൈവിധ്യലോകത്തിന്റെ യാഥാർത്ഥ്യ നിറക്കാഴ്ചകളാണ് അവർക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്നത്. സ്വയം വളരാനും ചുറ്റുപാടുകളെ അറിയാനും അവർക്ക് അവസരം ഒരുക്കേണ്ടത് രക്ഷാകർത്താക്കളുടെ കടമയാണ്. അവധിക്കാലം അടിച്ചുപൊളിച്ച് ആഹ്ലാദിക്കുന്നതിനോടൊപ്പം ക്രിയാത്മകമായി ചെലവഴിക്കാനും സാധിക്കണം.

## പുറം കാഴ്ചകൾ ആസ്വദിക്കുക

വീട്ടിൽനിന്ന് പുറത്തേക്ക് ഇറങ്ങി ഗ്രാമീണതയുടെ സൗന്ദര്യവും നഗരക്കാഴ്ചകളുടെ വിസ്മയവും നമ്മുടെ കുട്ടികൾ അനുഭവിക്കട്ടെ. ബന്ധു വീട്ടിലേക്കും സുഹൃത്തുക്കളുടെ വീട്ടിലേയ്ക്കും സന്ദർശനം നടത്തുന്നത് കുട്ടികൾക്കും രക്ഷിതാക്കൾക്കും പുതിയ അനുഭവമായിരിക്കും. അവധിക്കാലത്ത് മുത്തശ്ശിക്കും മുത്തശ്ശനും കൂട്ടുകാർക്കുമൊപ്പം അവർ ആനന്ദിക്കട്ടെ. മാമ്പഴത്തിന്റെയും ചക്കയുടെയും പറങ്കിമാങ്ങയുടെയും കാലമായതിനാൽ ഇഷ്ടംപോലെ തിന്ന് രസിക്കാം. നിങ്ങളുടെ കുട്ടികളെ പുറത്തുകണ്ടാൽ മറ്റു കുട്ടികളും അവർക്കൊപ്പം കൂടും. ജീവിതകാലം



മുഴുവൻ കൊണ്ടുനടക്കാനും അഭിമാനിക്കാനും കഴിയുന്ന അവിസ്മരണീയമായ ഓർമ്മയായി മാറും.

## പുസ്തകങ്ങൾ വായിക്കുക

പാഠപുസ്തകങ്ങൾക്ക് പുറമേ മറ്റ പുസ്തകങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക. വിനോദത്തോടൊപ്പം ഈ അവധിക്കാലം വിജ്ഞാനം നിറഞ്ഞതുമാകാൻ പുസ്തകവായന പ്രയോജനപ്പെടും. ഒരു പുസ്തകം വായിച്ചതിനുശേഷം അനുഭവക്കുറിപ്പ് എഴുതാനും അവരെ പരിശീലിപ്പിക്കുക. കുട്ടികളുടെ പദാവലിയും സൃഷ്ടിപരമായ എഴുത്തുകഴിവുകളും വികസിപ്പിക്കാൻ ഇതിലൂടെ സാധിക്കും. സർഗാത്മകതയുടെ വിശാലമായ ലോകത്ത് കുട്ടികളെ കൈപിടിച്ചുയർത്താനും കഴിയും.

## അവധിക്കാലം കലയിലൂടെ

നിങ്ങളുടെ ഒഴിവുസമയം നിങ്ങളുടെ ഇഷ്ടാനുസരണം സൃഷ്ടിപരമായ കാര്യങ്ങൾക്ക് ഉപയോഗിക്കുക. സംഗീതം, നൃത്തം, സംഗീതോപകരണങ്ങൾ വായിക്കുക, ക്രാഫ്റ്റ്, പാചകം, കളിമൺ മോഡലിംഗ്, വെജിറ്റബിൾ പ്രിന്റിംഗ്, തുടങ്ങി നിങ്ങളുടെ മനസ്സ് ഇഷ്ടപ്പെടുന്ന ഏതെങ്കിലും ഒന്നോ രണ്ടോ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ കൊടുത്ത് പരിശീലിക്കുക. ഈ വരുന്ന അക്കാദമിക് വർഷത്തിൽ ശാസ്ത്രമേളയിലും കലോത്സവത്തിലും തിളങ്ങാൻ ഈ പരിശീലനം പ്രയോജനപ്പെടും.

## കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുക

അവധിക്കാലം കൂടുതൽ സജീവമാകാൻ കായിക വിനോദങ്ങളിൽ ഏർപ്പെടുക. ക്രിക്കറ്റ്, ബാഡ്മിന്റൺ, ഫുട്ബോൾ, സൈക്ലിംഗ് തുടങ്ങിയവ പരിശീലിക്കുക.

## മറ്റുള്ളവരെ സഹായിക്കുക

എല്ലാദിവസവും പുസ്തക ചുമടുമായി ഒരു യന്ത്രംപോലെ പ്രവർത്തിക്കുന്ന നിങ്ങൾ ഈ വേനൽ അവധിക്കാലം മറ്റുള്ളവരെ സഹായിക്കുന്നതിൽ താല്പരരാകുക. അമ്മയെ/അച്ഛനെ/ചുറ്റുമുള്ളവരെയൊക്കെ സഹായിക്കാൻ പറ്റുന്ന അവസരമാണിത്. രാവിലെ അടുക്കളയിൽ അമ്മയെ സഹായിക്കുക. ഇനി സഹായിക്കാൻ പറ്റിയില്ലായെങ്കിൽ അമ്മയോട് സ്നേഹത്തോടെ സംസാരിച്ചിരിക്കുക. അച്ഛനെ സഹായിക്കുക. പൂന്തോട്ടം നനയ്ക്കുക, വീടും മുറിയും അടുക്കും ചിട്ടയും ഉള്ളതായി വയ്ക്കുക...

## പ്രിയപ്പെട്ടവരോടൊപ്പം സമയം ചെലവഴിക്കുക

നിങ്ങളുടെ മുത്തശ്ശൻ/മുത്തശ്ശിയോടൊപ്പം സമയം ചെലവഴിക്കുക. വളർത്തുമൃഗങ്ങളോടൊപ്പം സമയം ചെലവഴിക്കുക. അയൽപക്കത്തുള്ളവരെ കാണുക, കുശലാന്വേഷണം നടത്തുക. സുഹൃത്തുക്കളോടൊപ്പം സമയം ചെലവഴിക്കുക. അമ്മയ്ക്കും അച്ഛനുമൊപ്പമിരുന്ന് ഭക്ഷണം കഴിക്കുക. കുടുംബാംഗങ്ങളോടൊപ്പം സിനിമയ്ക്ക് പോവുക. ചെറിയ യാത്രകൾ പ്ലാൻ ചെയ്യുക. ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുക.

## സന്നദ്ധ സേവനം നടത്തുക

സമൂഹത്തിന് തിരികെ നൽകാനും നല്ല സ്വാധീനം ചെലുത്താനുമുള്ള ഒരു മികച്ച മാർഗ്ഗമാണ് സന്നദ്ധസേവനം. റോഡ് വൃത്തിയാക്കൽ, ഇടവക പ്രവർത്തനങ്ങളിലെ സജീവ പങ്കാളിത്തം, നാട്ടിൽ നടക്കുന്ന മെഡിക്കൽ ക്യാമ്പിൽ വോളന്റിയർ ആയി സേവനം ചെയ്യുക. സംഘടനയിലോ കമ്മ്യൂണിറ്റി സെന്ററിലോ സന്നദ്ധ സേവനം ചെയ്യുക.

കുട്ടികളുടെ ഉള്ളറിഞ്ഞ കവി കുഞ്ഞുണ്ണി മാഷ് പറയുന്നത് ഇങ്ങനെയാണ്; "കുട്ടികൾക്ക് കളികൾ വളരെ പ്രധാനപ്പെട്ടതാണ്. ബൗദ്ധികവും വൈകാരികവും സാമൂഹികവുമായ വളർച്ചക്ക് കളികൾ ആവശ്യമാണ്. അവർ പുറത്ത് മണ്ണിൽ കളിക്കണം. കുട്ടികൾ കളിച്ച് ചിരിച്ച് മണ്ണിൽ നടക്കണം. മണ്ണിൽ തൊടാതെ വളരുന്നതാണ് എല്ലാ പ്രശ്നങ്ങളുടെയും കാരണം. അങ്ങനെയുള്ള കുട്ടികൾക്ക് പലതിനോടും അലർജിയാണ്. കഞ്ഞിയോടും ചോറിനോടും അലർജി."

നമ്മുടെ മക്കൾ ഈ അവധിക്കാലത്ത് മനുഷ്യസ്നേഹികളും പ്രകൃതിസ്നേഹികളും ആകട്ടെ... സ്നേഹമാണ് ലഹരി എന്നും സ്നേഹിക്കപ്പെടുന്നതാണ് ആനന്ദമെന്നും മനസ്സിലാക്കട്ടെ... വരാനിരിക്കുന്ന അധ്യയനവർഷത്തേക്ക് വളരാനും പഠിക്കാനും പുനരുജ്ജീവിപ്പിക്കാനും അവരെ ഇത് സഹായിക്കും. എല്ലാ കുഞ്ഞുമക്കൾക്കും നല്ലൊരു അവധിക്കാലം ആശംസിക്കുന്നു... •

# വചനജ്വാല

(അടിസ്ഥാന ക്രൈസ്തവ സമൂഹ യോഗക്രമ സഹായി)

**2025 മേയ്, ജൂൺ മാസങ്ങളിലെ ഉപയോഗത്തിനായി ബി.സി.സി.കമ്മിഷൻ തയ്യാറാക്കിയത്**

## "പുരോഹിതരെ സ്നേഹിച്ച്, പൗരോഹിത്യ ദൈവവിളികൾ പ്രോത്സാഹിപ്പിച്ച്, ആത്മീയതയുടെ കുറുക്കുവഴിയിലൂടെ പ്രത്യാശയുടെ തീർത്ഥാടകരാകാം"



1) പരിശുദ്ധാത്മാവിന്റെ ഗാനം, ബൈബിൾ വന്ദനം, സ്വാഗതം

2) ആമുഖം

സ്നേഹമുള്ളവരേ, സഭയിൽ നമുക്ക് ഏറെ ആനന്ദം പകർന്ന ഇരട്ട ജൂബിലി വർഷമാണ് 2025. പ്രത്യാശയുടെ ജൂബിലിയും, വിശുദ്ധ കൊച്ചുത്രേസ്യയുടെ വിശുദ്ധ പദവിയുടെ നൂറാം വാർഷിക ജൂബിലിയും. ഈ അവസരത്തിൽ സഭയിലെ പൗരോഹിത്യത്തേയും, പുരോഹിതരേയും പറ്റി നമുക്ക് ധ്യാനിക്കാം. പുരോഹിതരുടെ ദൈവവിളിയുടെ മഹത്വവും അതിനുള്ളിലെ ഭാരിച്ച ഉത്തരവാദിത്വവും മനസ്സിലാക്കുകയും, പൗരോഹിത്യത്തോടും, പുരോഹിതരോടും അത്യഗാധമായ സ്നേഹവും ബഹുമാനവും പ്രകടിപ്പിച്ചിരുന്ന, "ആത്മീയതയുടെ കുറുക്കുവഴി"യിലൂടെ വിശുദ്ധി കൈവരിച്ച വേദപാരംഗതയായിരുന്ന ഒരു മഹാവിശുദ്ധയാണ് പ്രേഷിതപ്രവർത്തകരുടെ മദ്ധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യ. ക്രിസ്തു ശിരസ്സായിരിക്കുകയും, സഭാംഗങ്ങൾ എല്ലാവരും സ്ഥാനമാനഭേദമെന്യേ വിശ്വാസത്താലും കൂദാശകളാലും ഈ ആത്മീയ ശരീരത്തിലെ അവിഭാജ്യ ഘടകങ്ങളായിരിക്കുകയും ചെയ്യുന്ന ഒരു മൗതിക ശരീരമാണ് സഭ. വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെയും വ്യക്തികളിലൂടെയും സഭ ദൈവത്തിന്റെ രക്ഷാകര പ്രവർത്തനങ്ങൾ എല്ലായിടങ്ങളിലും വ്യാപിപ്പിക്കുന്നു. ആധുനിക ലോകത്തിൽ എല്ലാ മനുഷ്യരുടേയും ആത്മീയ ദാഹം ശമിപ്പിക്കുവാനും ആത്മീയ വളർച്ച പ്രോത്സാഹിപ്പിക്കുവാനും സഹായകമായ കൂദാശകളുടെ പരിപാവനമായ പരികർമ്മം ഭരമേല്പിക്കപ്പെട്ടിരിക്കുന്ന, പുരോഹിതരില്ലാതെ വിശുദ്ധകുർബാനയോ, കുമ്പസാരത്തിലെ സൗഖ്യദായകമായ പാപപ്പൊറുതിയോ, ആത്മീയപാതകാണിക്കലോ സാധ്യമാകില്ലായെന്ന് ആഴമായി മനസ്സിലാക്കിയവളായിരുന്നു വിശുദ്ധ കൊച്ചുത്രേസ്യ. ദൈവത്തിന്റെ കരുണയും കൃപയും ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ഉപകരണങ്ങളാണ് പുരോഹിതർ എന്നുള്ള ബോധ്യം പുണ്യവതിക്കുണ്ടായിരുന്നു. ദിവ്യബലികളിൽ സംബന്ധിച്ച് ദിവ്യകാരുണ്യം സ്വീകരിക്കുന്നതിലൂടെ, അനുരഞ്ജനകൂദാശ കൈകൊള്ളുന്നതിലൂടെ, ബന്ധങ്ങൾ നേരെയാകുന്നതിലൂടെ പൗരോഹിത്യത്തേയും പുരോഹിതരേയും സ്നേഹിച്ചുകൊണ്ടും പൗരോഹിത്യ ദൈവവിളികൾ പ്രോത്സാഹിപ്പിക്കപ്പെടുന്ന കുടുംബ പശ്ചാത്തലം ഒരുക്കികൊണ്ടും പ്രത്യാശയുടെ തീർത്ഥാടകരായി മാറുന്നതിനുവേണ്ടി നമുക്കും പരിശുദ്ധപിതാവിനോടൊപ്പം ഒരുങ്ങാം

3) യേശുവിനെ ക്ഷണിക്കൽ 4) ദൈവവചന പാരായണം (ഹെബ്രാ. 5:1-10) 5) വചനഭാഗം പങ്കുവയ്ക്കൽ 6) നിശബ്ദധ്യാനം 7) വചനാനുഭവം പങ്കുവയ്ക്കൽ

**8) വചനവിചിന്തനം**

യേശുവിൽ എത്രയും സ്നേഹം നിറഞ്ഞവരേ, ആഴമായ സാംസ്കാരിക മാറ്റങ്ങളുടേയും, സാങ്കേതിക പുരോഗതികളുടേയും, ദ്രുതഗതിയിൽ വളരുന്ന മതേതരത്വത്തിന്റെ നേർക്കാഴ്ച അനുദിനം സമ്മാനിക്കുന്ന ഇന്നത്തെ ലോകത്തിൽ, ഒരല്പം പോലും പ്രാധാന്യം കുറയാതെ, മാറ്റത്തിന്റെ പോറലേൽക്കാതെ, അത്യന്താപേക്ഷിതമായ ആത്മീയപ്രേഷിതത്വത്തിന്റെ നെടുംതൂണായും രക്ഷാകര രഹസ്യത്തിന്റെ പ്രഘോഷക വേദിയായും വിശുദ്ധ പൗരോഹിത്യം സഭയിലും സഭേതര വേദികളിലും പ്രവർത്തനനിരതമായി നിലകൊള്ളുന്നു. പുരോഹിതൻ, ദൈവജനമദ്ധ്യത്തിൽ ക്രിസ്തുവിന്റെ സഹന സാന്നിദ്ധ്യമായി, കൗദാശിക അടയാളമായി, മറ്റൊരു ക്രിസ്തുവായി പ്രത്യേകിച്ച് വിശുദ്ധ കുർബാനയുടെ പരികർമ്മത്തിലൂടെയും, ഇതര കൂദാശകളുടെ ശുശ്രൂഷകളിലൂടെയും ഇന്നും നിലനിൽക്കുന്നു. വ്യക്തിത്വ തിരിച്ചറിയൽ സംഘർഷങ്ങൾ നേരിടുന്ന, അതിവേഗം മുറിഞ്ഞുപോകുന്ന ബന്ധങ്ങൾ നിലനിൽക്കുന്ന, ജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവും നഷ്ടപ്പെടുന്ന, മിഥ്യാബോധ്യങ്ങളിലേക്ക് ഇയ്യാമ്പാറ്റകളെപ്പോലെ കുതിക്കുന്ന ഇന്നത്തെ ലോകത്തിൽ നല്ലൊരു ആത്മീയ ഗുരുവായും, ആത്മാക്കളെ സൗഖ്യപ്പെടുത്തുന്നവനായും, സത്യത്തിന്റെ പ്രഘോഷകനായും, സത്യത്തിലേക്ക് ദൈവജനത്തെ നയിക്കുന്നവനായും, നിത്യജീവന്റെ പ്രഘോഷകനായും പുരോഹിതൻ നിലകൊള്ളുന്നു. ആധുനികതയുടെ വശീകരണങ്ങൾ ഒരു പരിധിവരെ പൗരോഹിത്യത്തിലേക്കും നുഴഞ്ഞുകയറുന്നുണ്ടാവാം എന്നാലും പൗരോഹിത്യം, ഒരു ദൈവവിളിയും ദൈവദാനവും ദൈവനിവേശിതവും ദൈവസ്ഥാപിതവുമാണ്. പുരോഹിതരെ സ്നേഹിക്കുവാനും പുരോഹിതർക്കുവേണ്ടി പ്രാർഥിക്കുവാനും, പുരോഹിതരോടൊപ്പം പ്രവർത്തിക്കുവാനുമുള്ള ഉത്തരവാദിത്വം നമുക്കെല്ലാവർക്കുമുണ്ട്. വിമർശനത്തിന്റെ മറുവശമാണ് സംവാദം. സഭാഗാത്രത്തിലെ വിവിധ അവയവങ്ങളായ അൽമായ-സന്യസ്ത-പൗരോഹിത്യ സ്നേഹാധിഷ്ഠിതകൂട്ടായ്മ വളർത്തി, ക്രിയാത്മകമായ, പ്രവർത്തനനിരതമായ, പ്രത്യാശാനിർഭരമായ ഒരു നവസഭ വളർത്തിയെടുക്കാൻ നമുക്കെല്ലാവർക്കും പരിശ്രമിക്കാം, നമ്മെ സഹായിക്കട്ടെ.

9) ദൗത്യമേറ്റെടുക്കൽ 10) സ്വയം പ്രേരിതപ്രാർഥന 11) കർത്തൃപ്രാർഥന

**12) സമാപനപ്രാർഥന**

സ്നേഹപിതാവായ ദൈവമേ, ഈ വർഷം പ്രത്യാശയുടെ ജൂബിലിയാഘോഷിക്കുവാനും, ശിശുസഹജമായ പ്രത്യാശയോടും വിശ്വാസത്തോടുംകൂടി ആത്മീയതയുടെ കുറുക്കുവഴിയിലൂടെ വിശുദ്ധിയുടെ പടവുകൾ നടന്നുകയറിയ കൊച്ചുത്രേസ്യ വിശുദ്ധയായതിന്റെ നൂറാം വാർഷികം ആഘോഷിക്കുവാനും അങ്ങ് ഞങ്ങൾക്ക് അനുഗ്രഹം നൽകിയല്ലോ. ദൈവമേ ആധുനിക ലോകത്തിൽ തീക്ഷ്ണതയോടും വിശുദ്ധിയോടുംകൂടി സുവിശേഷജോലി ചെയ്യുവാൻ ധാരാളം പുരോഹിതരെ ഞങ്ങൾക്ക് നൽകണമേ. പൗരോഹിത്യത്തെ സ്നേഹിക്കുകയും പ്രാർഥനയിലൂടെ ശക്തിപ്പെടുത്തുകയും ചെയ്ത കൊച്ചുത്രേസ്യയെപ്പോലെ പൗരോഹിത്യത്തെ ബഹുമാനിക്കുവാനും ആദരിക്കുവാനും ഞങ്ങളുടെ പ്രാർഥനകളിലൂടെ അവരെ ശക്തിപ്പെടുത്തുവാനും ഞങ്ങളെ അങ്ങ് പ്രാപ്തരാക്കണമേ. അങ്ങനെ പൗരോഹിത്യ-സന്യസ്ത-അൽമായ കൂട്ടായ്മയോടും കൂട്ടുത്തരവാദിത്വത്തോടും പങ്കാളിത്തത്തോടുംകൂടി സഭ അനുദിനം അഭിവൃദ്ധി പ്രാപിക്കുവാൻ അനുഗ്രഹിക്കണമേ എന്നെന്നും ജീവിച്ചു വാഴുന്ന അങ്ങ് ഞങ്ങൾ സമർപ്പിക്കുന്ന ഈ പ്രാർഥന കേട്ടരുളണമേ. ആമ്മേൻ!

**രണ്ടാം ഭാഗം**

1) റിപ്പോർട്ട് അവതരണം (കഴിഞ്ഞ യോഗത്തിലെ റിപ്പോർട്ട്) 2) വരവ് ചെലവ് കണക്ക് അവതരണം 3) ശുശ്രൂഷാ പ്രവർത്തനങ്ങളെ കുറിച്ചുള്ള അവതരണം

*(യൂണിറ്റിൽ നിന്നുള്ള ബി.സി.സി. ലീഡർ, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, അല്മായം, യുവജനം, മത്സ്യമേഖല എന്നീ ശുശ്രൂഷാ പ്രതിനിധികളെ ഇടവകയിലെ തന്മാസത്തെ ശുശ്രൂഷ പ്രവർത്തനങ്ങളെപ്പറ്റി സംക്ഷിപ്തമായി അവതരിപ്പിക്കാൻ ക്ഷണിക്കുന്നു)*

4) ചർച്ചയും പങ്കുവയ്ക്കലും 5) ഹാജർ 6) രഹസ്യപ്പിരിവ് 7) അറിയിപ്പുകൾ 8) നന്ദി 9.) സമാപനഗീതം

തയ്യാറാക്കിയത്: **ഫാ. തിയോഡേഷ്യസ് ഡിക്രൂസ്**

## വചനജ്വാല | 2025 ജൂൺ

## "ഹൃദയത്തിൽ നിന്ന് ഹൃദയത്തിലേക്ക്"




**ആമുഖം**

പ്രത്യാശയുടെ തീർഥാടനം എന്ന ആപ്തവാക്യവുമായി ആഗോള കത്തോലിക്കാ സഭ മഹാജൂബിലി ആഘോഷിക്കുമ്പോൾ ക്രൈസ്തവ ആധ്യാത്മികതയും തിരുഹൃദയഭക്തിയും നിറഞ്ഞ 'ദിലെക്സിത് നോസ്' എന്ന ചാക്രിക ലേഖനം ഫ്രാൻസിസ് പാപ്പ നമുക്ക് സമ്മാനിക്കുകയുണ്ടായി. "ദൈവം തന്റെ ജനത്തോട് അനവരതം കാണിച്ച സ്നേഹത്തിന്റെ ഉറവിടമാണ് യേശുവിന്റെ തുളയ്ക്കപ്പെട്ട ഹൃദയം" എന്ന് പാപ്പ നമ്മെ ഉദ്ബോധിപ്പിക്കുന്നു. ഈ ഹൃദയത്തെ കരുണയുള്ള ഹൃദയം, ക്ഷമയുള്ള ഹൃദയം, ആർദ്രതയുള്ള ഹൃദയം എന്നൊക്കെയാ








ണ് വിശേഷിപ്പിക്കാറുള്ളത്. വചനാധിഷ്ഠിത ജീവിതത്തിലൂടെ മാത്രമേ നമ്മുടെ ഹൃദയവും തിരുഹൃദയത്തിനനുരൂപമാക്കാൻ സാധിക്കൂ. ഈശോയുടെ ജീവനുള്ള ഹൃദയത്തിന്റെ തുടിപ്പുകൾ തൊട്ടറിഞ്ഞ നിരവധി വിശുദ്ധർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചിട്ടുണ്ട്. "ദിവ്യസ്നേഹത്തിന്റെ തീച്ചൂളയിൽ ഞാൻ ആനന്ദം കണ്ടെത്തുന്നു" എന്നാണ് വി. മാർഗ്രറ്റ് മേരി അലക്കോക്ക് പറഞ്ഞത്. വി. ഡാമിയൻ പീറ്റർ പറയുന്നു: "യേശുവിന്റെ തിരുഹൃദയത്തിൽ നമ്മെ രക്ഷിക്കുവാനുള്ള എല്ലാ സ്രോതസുകളും ഉണ്ട്. കണ്ണീരിന്റെ താഴ്വരയിൽ ശുദ്ധമായ ആനന്ദമാണ് ആ ഹൃദയം". 1907-ൽ ഫാ. മത്തെയോ ക്രൊണിയാണ് ഈശോയുടെ തിരുഹൃദയത്തിൽ കുടുംബങ്ങളെ പ്രതിഷ്ഠിക്കുന്ന പാരമ്പര്യം തിരുസഭയിൽ ആരംഭിച്ചത്. ഇന്ന് എല്ലാ ക്രിസ്തീയ സേവനങ്ങളുടേയും ദൗത്യങ്ങളുടേയും പിന്നിലെ പ്രേരക ശക്തിയാണ് ഈശോയുടെ തിരുഹൃദയം. എല്ലാ ക്രിസ്തീയ ഭവനങ്ങളിലും കുട്ടികൾ, മാതാപിതാക്കളോടൊപ്പം തിരുഹൃദയ രൂപത്തിന് മുമ്പിൽ കൈകൂപ്പി പ്രാർഥനകൾ അർപ്പിക്കുന്നത് അവരുടെ വിശ്വാസത്തിന്റെയും ഭക്തിയുടെയും നല്ല ഓർമ്മകളാണ്. ഓരോ വർഷവും തിരുഹൃദയ പ്രതിഷ്ഠ നടത്തി നമ്മുടെ കുടുംബങ്ങളെ, സമൂഹങ്ങളെ, വ്യക്തികളെ ഈശോയുടെ തിരുഹൃദയത്തിന് സമർപ്പിക്കാം. അതുവഴി ലഭിക്കുന്ന തിരുഹൃദയനാഥന്റെ സ്നേഹവും, സംരക്ഷണവും നമ്മുടെ നൊമ്പരങ്ങളിൽ അനുഭവിക്കാൻ സാധിക്കും. ആ സ്നേഹജ്വാലയിൽ ചലിക്കുന്ന, ജ്വലിക്കുന്ന, തിളങ്ങുന്ന നല്ല ക്രിസ്തുശിഷ്യരായി നമുക്കു വളരാം.

**ദൈവവചന പാരായണം (മത്തായി 11:25, 30)**

**വചനവിചിന്തനം**

പ്രിയമുള്ളവരെ, ജൂൺ മാസം നമ്മെ സംബന്ധിച്ചിടത്തോളം തിരുഹൃദയ വണക്കമാസമാണ്. വചനവിചിന്തനത്തിനായി നാം തിരഞ്ഞെടുത്ത ഭാഗത്തിൽ, യേശു, ഭാരം വഹിച്ച് ക്ഷീണിച്ച മനുഷ്യർക്ക് ആശ്വാസമേകുവാനായാണ് ആളുകളെ തന്നിലേക്ക് ക്ഷണിക്കുന്നത്. കൂടാതെ, തന്റെ സാന്നിധ്യം കൊണ്ട് മറ്റുള്ളവർക്ക് ശാന്തി പകരുന്ന ഒരു കരുണാമയൻ. അതിനാൽ ദൈവത്തെക്കുറിച്ചുള്ള യഥാർഥ അറിവ് മനുഷ്യർക്ക് ആശ്വാസമേകുന്ന ഒന്നാണ്. അതൊരിക്കലും ഒരു ഭാരമല്ല. എന്നാൽ യേശുവിന്റെ കാലത്ത് നിയമജ്ഞരും ഫരിസേയരും മോശയുടെ സിംഹാസനത്തിൽ ഇരുന്നുകൊണ്ട് ഭാരമുള്ള ചുമടുകൾ അജ്ഞതയുടെയും, നിയമത്തിന്റെ ദുർവ്യാഖ്യാനങ്ങളുടെയും, തെറ്റായ അറിവിന്റെയുമൊക്കെ ഭാരം സാധാരണ മനുഷ്യരുടെ ചുമലിൽ വച്ച് കൊടുക്കുന്നതിനെപ്പറ്റി സുവിശേഷത്തിൽ നമുക്ക് കാണാം. എന്നാൽ, യേശു മുന്നോട്ടു വയ്ക്കുന്ന ഭാരം നിയമത്തിന്റെ ഭാരമല്ല. നമ്മുടെ ചുമടിന്റെ ഭാരം കുറയുന്നതു യേശുവിന്റെ സാന്നിധ്യം നമ്മളിൽ കുടികൊള്ളുമ്പോഴാണ്. "എന്റെ നുകം വഹിക്കുകയും എന്നിൽ നിന്ന് പഠിക്കുകയും ചെയ്യുവിൻ, അപ്പോൾ, നിങ്ങൾക്ക് ആശ്വാസം ലഭിക്കും" (മത്താ. 11:29). ക്രിസ്തു തന്റെ ജീവിതത്തിലൂടെ വെളിപ്പെടുത്തുന്ന ദൈവം ഒരിക്കലും മനുഷ്യരെ ഭയപ്പെടുത്തുന്ന, അടിച്ചമർത്തുന്ന, തലമുറകളോളം ശിക്ഷിക്കുന്ന ഒരുവനല്ല. നമ്മെ തന്റെ മക്കളായി കണ്ട്, സ്നേഹിക്കുന്ന, കരുണയോടെ തെറ്റുകൾ ക്ഷമിക്കുന്ന ദൈവത്തെയാണ് ക്രിസ്തു നമുക്ക് പരിചയപ്പെടുത്തിത്തരിക. ശിശുതുല്യമായ മനസുമായി ദൈവത്തോട് ചേർന്ന് നിൽക്കാനും, അവനെ മനസിലാക്കാനും ശ്രമിക്കുന്നവരെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിന്റെ വചനങ്ങളുടെ പൊരുൾ എളുപ്പമുള്ളതാണ്. അനുകമ്പയും ആർദ്രതയും ഉള്ള ക്രിസ്തുവിന്റെ ഒരു വലിയ ഹൃദയമാണ് ഈ വചനഭാഗത്തിലൂടെ നമുക്ക് കാണാൻ കഴിയുന്നത്.


ഈശോയുടെ ദിവ്യഹൃദയം പുണ്യങ്ങളുടെ ഉറവിടവും നിറകുടവും ആണ്. സമരിയാക്കാരി സ്ത്രീ, വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീ, അന്ധനായ മനുഷ്യൻ, കുഷ്ഠരോഗി തുടങ്ങിയ എല്ലാവരോടും യേശു നടത്തിയ കണ്ടുമുട്ടലുകളിൽ മറ്റുള്ളവരെ ചേർത്തുപിടിക്കുവാനും ആശ്വസിപ്പിക്കുവാനും മറന്നുപോകരുതെന്ന ഒരു സന്ദേശം നൽകുന്നു. സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും കരുണയുടെയും പ്രതീകമാണ് ഹൃദയം. യേശു തകർന്ന ഹൃദയങ്ങളെ ആശ്വസിപ്പിക്കുന്നവനും അനുകമ്പ ഉള്ളവനും ആകുന്നു. കുരിശിൽ തറയ്ക്കപ്പെടുമെന്ന് അറിഞ്ഞിട്ടുപോലും മനുഷ്യരോടുള്ള സ്നേഹത്തെപ്രതി അവൻ അതിൽ നിന്നും പിന്മാറിയില്ല. ക്രിസ്തുവിന്റെ സ്നേഹത്തോടുള്ള നമ്മുടെ പ്രതികരണം നമ്മുടെ ചുറ്റിലുമുള്ള സഹോദരങ്ങളിൽ ദൈവത്തെ കാണുകയും സ്നേഹിക്കുകയും ചെയ്യുക എന്നതാണ്. അതിന് ലളിതവും മൂല്യാധിഷ്ഠിതവുമായ മാർഗങ്ങൾ സ്വീകരിച്ചാൽ മാത്രം മതിയാവും. തിന്മ വിതച്ച നാശക്കെടുതിയിൽ നിന്നും മോചനം നേടണമെങ്കിൽ സ്വാർഥതയും ഉദാസീനതയും കൈവെടിഞ്ഞ് നന്മയും സ്നേഹവും കരുണയും നിറഞ്ഞ ഹൃദയം സ്വായത്തമാക്കണം. ഇന്ന് അനുദിനം വർധിച്ചുകൊണ്ടിരിക്കുന്ന കൊലപാതകവും അക്രമണവും സൂചിപ്പിക്കുന്നത് നമ്മൾ ഹൃദയം കഠിനമാക്കിക്കൊണ്ടിരിക്കുന്നു എന്നതാണ്. സ്വന്തം കുടുംബാംഗങ്ങളെ പോലും സ്വത്തിനും പ്രതാപത്തിനും കുരുതികൊടുക്കുന്ന ഒരു സമൂഹമാണ് നമ്മുടെ ചുറ്റിലും ഉള്ളത്.

ഈശോയുടെ തുറന്ന ഹൃദയത്തിൽ വസിക്കുകയും, ആ ഹൃദയത്തിലേക്ക് നമ്മുടെ സഹോദരി സഹോദരങ്ങളേയും ചേർത്താൽ മാത്രമേ സന്തോഷവും സമാധാനവും ഉള്ള ഒരു സമൂഹത്തെ നമുക്ക് സ്വപ്നം കാണാൻ കഴിയൂ. അപ്രതീക്ഷിതമായ രോഗവും, ജോലി നഷ്ടപ്പെടലും, പ്രിയപ്പെട്ടവരുടെ മരണവും ഒക്കെ നമുക്ക് വേദനയും നിരാശയും നൽകാറുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ പലപ്പോഴും നമ്മൾ ചോദിക്കാറുണ്ട് എന്തുകൊണ്ട് എനിക്കിങ്ങനെ സംഭവിച്ചു? എന്നെ ദൈവം സ്നേഹിക്കുന്നില്ലേ? "നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ" (മത്താ. 11:28) എന്ന യേശുവിന്റെ ക്ഷണം സ്വീകരിക്കാനും പൂർണമായ സ്വാതന്ത്ര്യത്തോടെയും സന്തോഷത്തോടെയും അവനോട് ചേർന്ന് നിൽക്കുവാനും നമുക്ക് സാധിക്കണം. ജീവിതത്തിൽ നിയമങ്ങളുടെയും ആചാരങ്ങളുടെയും പാരമ്പര്യങ്ങളുടെയും നുകം പേറി തളരുകയാണോ, അതോ സ്നേഹിക്കുന്ന ദൈവത്തിന്റെ തുറന്നുപിടിച്ച കരങ്ങളിൽ ജീവിതം സമർപ്പിച്ച് ജീവിക്കുകയാണോ എന്ന ഒരു ചോദ്യം നമ്മോടുതന്നെ ചോദിക്കാൻ ഈ തിരുവചനങ്ങൾ നമ്മെ സഹായിക്കട്ടെ. നമുക്കായി നമ്മുടെ പാപഭാരങ്ങളും ശിക്ഷയും തന്റെ തിരുത്തോളിൽ വഹിച്ച ക്രിസ്തു കാരുണ്യവാനായ ദൈവപുത്രനാണ് എന്ന സത്യം നമുക്ക് മറക്കാതിരിക്കാം.

തയ്യാറാക്കിയത്: **സിസ്റ്റർ ഡാളി ജോൺബോസ്കോ**



FOR THE GLORY OF GOD
CONGREGATION OF THE CARMALITE SISTERS
INSTITUTE OF OUR LADY OF CARMEL
Little Flower Convent Kochuveli
ദൈവമേ ഞാൻ അങ്ങയുടേതാകുന്നു. ഞാൻ ജനിച്ചത് നിനക്ക് വേണ്ടിയാണ്. എന്ന് ഉരുവിട്ടുകൊണ്ട് തന്റെ ജീവിതം പൂർണമായി ദൈവത്തിന് സമർപ്പിച്ച വാഴ്ത്തപ്പെട്ട മരിയ തെരേസ ട്രസ്ലില്ലിയുടെ ആത്മീയ ചൈതന്യം ഉൾക്കൊണ്ട് ദൈവത്തിന് പൂർണ്ണമായി സമർപ്പിക്കുവാനും, നിസ്വാർത്ഥ സേവന മാർഗ്ഗത്തിലൂടെ ദൈവസ്നേഹം ലോകത്തിന് പകർന്നുനൽകുവാനും താല്പര്യമുള്ള SSLC / +2 പാസായ സഹോദരിമാരെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.
85475 76855
ഫ്രാൻസിസ് പാപ്പയ്ക്ക്
പ്രാർഥനാഞ്ജലി
Mother of Carmel Convent , Angel Mary Nagar
S. Kalamassery, Eranakulam
Cochin University P O 682022

SUORE OBLATE DEL SACRO CUORE DI GESÙ
IDENTITY OF THE OBLATE SISTERS OF THE SACRED HEART OF JESUS
ഫ്രാൻസിസ് പാപ്പ
1936 - 2025
പാർശ്വവത്കരിക്കപ്പെട്ടവരുടെ തോഴൻ...
സ്നേഹപ്രണാമം
APOSTOLIC LIFE
> SUPPORTING THE PRIESTS
> PROMOTING VOCATION
> IN THE PASTORAL MINISTRY
SACRED HEART CONVENT
SANTHINAGAR, KAZKAKUTTOM

# വാർത്തകൾ

അതിരൂപത, ഫൊറോന, ഇടവക, സഭാവാർത്തകൾക്കായി
ന്യൂസ് പോർട്ടൽ സന്ദർശിക്കുക
www.archtvmnews.com

## ഫ്രാൻസിസ് പാപ്പയെ അനുസ്മരിച്ച് അതിരൂപത



തിരുവനന്തപുരം: ഫ്രാൻസിസ് പാപ്പയുടെ നിര്യാണത്തിൽ ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ അനുസ്മരണ ദിവ്യബലി അർപ്പിച്ചു. പാളയം കത്തീഡ്രൽ ദേവാലയത്തിൽ നടന്ന ദിവ്യബലിയ്ക്ക് അതിരൂപത ആർച്ച് ബിഷപ് ഡോ. തോമസ് ജെ.നെറ്റോ മുഖ്യകാർമികത്വം വഹിച്ചു. ഉയർത്തെഴുന്നേറ്റ ക്രിസ്തു വള്ളത്തിന്റെ വലതുവശത്തു വലയെറിയാൻ ശിഷ്യരെ ഉപദേശിച്ചതു പോലെ ജീവിതത്തിൽ നിരാശരായ ജനവിഭാഗങ്ങൾക്കു പ്രതീക്ഷ പകർന്ന ജീവിതമായിരുന്ന ഫ്രാൻസിസ് പാപ്പയുടേതെന്ന് അദ്ദേഹം പറഞ്ഞു. 2019ൽ അമേരിക്ക, മെക്സിക്കൻ അഭയാർഥികൾ പ്രവേശിക്കാതിരിക്കാൻ മതിൽ കെട്ടിയപ്പോൾ അതിനെ ഏറ്റവും ശക്തമായി എതിർത്തതും ഫ്രാൻസിസ് പാപ്പയായിരുന്നുവെന്ന് അദ്ദേഹം അനുസ്മരിച്ചു. അതിരൂപത സഹായമെത്രാൻ ആർ.ക്രിസ്തുദാസ്, മുൻ ആർച്ച് ബിഷപ് എം.സൂസപാക്യം, രൂപതാ വികാരി ജനറൽ മോൺ. യൂജിൻ പെരേര, പാളയം ഫൊറോന വികാരി മോൺ. ഇ.വിൽഫ്രഡ് തുടങ്ങിയവർ സംസാരിച്ചു. അതിരൂപതയിലെ വൈദികരും, സന്യസ്തരും, അൽ മായരും ഉൾപ്പെടെ നിരവധിപേർ പങ്കെടുത്തു.

## അതിരൂപത വൈദിക സമ്മേളനത്തിൽ ലിറ്റിൽവേ മാർഗരേഖ പ്രകാശനം ചെയ്തു




വെള്ളയമ്പലം: തിരുവനന്തപുരം അതിരൂപത വൈദികരുടെ ഏപ്രിൽ മാസത്തെ വൈദിക സമ്മേളന മധ്യേ അതിരൂപതാധ്യക്ഷൻ ആർച്ച് ബിഷപ്പ് തോമസ് ജെ. നെറ്റോ ലിറ്റിൽവേ മാർഗരേഖ പ്രകാശനം ചെയ്തു. സഭയിൽ നമുക്ക് ഏറെ ആനന്ദം പകരുന്ന ഇരട്ട ജൂബിലി വർഷമാണ് 2025. പ്രത്യാശയുടെ ജൂബിലിയും വിശുദ്ധ കൊച്ചുത്രേസ്യയുടെ വിശുദ്ധ പദവിയുടെ നൂറാം വാർഷിക ജൂബിലിയും. ഈ അവസരത്തിൽ തിരുവനന്തപുരം ലത്തീൻ അതിരൂപത "വിശുദ്ധ കൊച്ചുത്രേസ്യയുടെ കരം പിടിച്ച് തീർഥടകാരാകാം" എന്ന വിഷയത്തെ അടിസ്ഥാനമാക്കി ജൂബിലി ആഘോഷിക്കുകയാണ്. ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി രൂപതയിലെ എല്ലാ ഇടവകകളിലും അതിരൂപതയുടെ സ്വർഗീയ മധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യയുടെ നാമധേയത്തിൽ കുട്ടികൾക്കായി ലിറ്റിൽവേ കൂട്ടായ്മകൾ സ്ഥാപിക്കുന്നതിന് സഹായകരമായ മാർഗരേഖയാണ് പ്രകാശനം ചെയ്തത്. പ്രകാശനവേളയിൽ എല്ലാ ഇടവകകളിലും വിശുദ്ധ കൊച്ചുത്രേസ്യയെ അടുത്തറിയുവാൻ കുട്ടികൾക്ക് ഈ പുസ്തകം സഹായകരമാകട്ടെയെന്ന് അതിരൂപതാധ്യക്ഷൻ ആശംസിച്ചു. മാർഗരേഖയുടെ ആദ്യപ്രതി അതിരൂപത ചൈൽഡ് കമ്മീഷൻ എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. ഡേവിഡ്സന് കൈമാറി. മാർഗരേഖ തയ്യാറാക്കാൻ മുൻകൈ എടുത്ത അതിരൂപത ബി.സി.സി. കമ്മീഷനെ ആർച്ച്ബിഷപ്പ് അഭിനന്ദിച്ചു.

**ഏപ്രിൽ മാസം 20-ാം തീയതി മുതൽ അതിരൂപത ബി.സി.സി. കമ്മീഷൻ കാര്യാലയത്തിൽ മാർഗരേഖ ലഭ്യമാകുമെന്ന് ഫാ. ഡാനിയേൽ അറിയിച്ചു.**

## മരിയൻ എൻജിനീയറിങ് കോളജിൽ റീഡേഴ്സ് കോർണർ 'വായനയാണ് ലഹരി' മന്ത്രി ജി. ആർ. അനിൽകുമാർ ഉദ്ഘാടനം ചെയ്തു



കഴക്കൂട്ടം: കഴക്കൂട്ടം മരിയൻ എൻജിനീയറിങ് കോളജ് മലയാള മനോരമയുടെ സഹകരണത്തോടെ കോളജ് ക്യാംപസിൽ റീഡേഴ്സ് കോർണർ 'വായനയാണ് ലഹരി' മന്ത്രി ജി.ആർ. അനിൽകുമാർ ഉദ്ഘാടനം ചെയ്തു. ഇന്ന് ഏറ്റവും ഗൗരവമുള്ള വിഷയം ലഹരി വസ്തുക്കളുടെ വ്യാപകമായ ഉപയോഗമാണ്. റീഡേഴ്സ് കോർണർ 'വായനയാണ് ലഹരി' അഭിനന്ദനാർഹമാണെന്നും മന്ത്രി അഭിപ്രായപ്പെട്ടു. പത്രങ്ങൾ വായിക്കുന്നത് വിദ്യാർഥികൾ ശീലമാക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന്റെ ഇടപെടൽ കുറച്ചുകൂടി ശക്തമാക്കേണ്ടതുണ്ടെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

കോളജ് മാനേജർ ഫാ. ഡോ.എ.ആർ. ജോൺ അധ്യക്ഷത വഹിച്ചു. എക്സൈസ് ഡപ്യൂട്ടി കമ്മിഷണർ കെ.ആർ.അജയ് ലഹരി വിരുദ്ധ ബോധവൽക്കരണ പ്രഭാഷണം നടത്തി. കോളജ് പ്രിൻസിപ്പൽ ഡോ. അബ്ദുൽ നിസാർ, ഡീൻ ഡോ. സാംസൺ, ബർസാർ ഫാ. ജിം കാർവിൻ, പിആർഒ ആർ.പി.അഭിജിത്ത്, മലയാള മനോരമ സർക്കുലേഷൻ ഓഫീസർ ജോഷി ജോൺ മാത്യു തുടങ്ങിയവർ പ്രസംഗിച്ചു. ഏതാനും ദിവസങ്ങൾക്കുശേഷം മുഖ്യമന്ത്രി നടത്തിയ വാർത്താസമ്മേളനത്തിൽ സമൂഹത്തിൽ നടക്കുന്ന ലഹരിവിരുദ്ധ പ്രവർത്തനങ്ങളെ പരാമർശിച്ചപ്പോൾ മരിയൻ എൻജിനീയറിങ് കോളേജിനെ പ്രശംസിച്ചു.

# വിദ്യാഭ്യാസ ശുശ്രൂഷ നേതൃത്വ പരിശീലന ക്ലാസ്സ് സംഘടിപ്പിച്ചു; അതിരൂപത സമിതിയിൽ പുതിയ നേതൃത്വം



വെള്ളയമ്പലം: തിരുവനന്തപുരം ലത്തീൻ അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷസമിതി 2025 -27വർഷങ്ങളിലേക്കുള്ള എക്സിക്യൂട്ടീവ് തിരഞ്ഞെടുപ്പും നവ നേതൃത്വ പരിശീലന ക്ലാസ്സും നടന്നു. മാർച്ച് 31 ന് സാമൂഹ്യ ശുശ്രൂഷസമിതി ഹാളിൽ നടന്ന പരിശീലന പരിപാടിയിൽ സമിതി ഭാരവാഹികളുടെ ഉത്തരവാദിത്വം, പ്രവർത്തനം, സ്റ്റുഡൻസ് ഫോറം, അതിരൂപത ജികെ ക്വിസ് എന്നിവയെക്കുറിച്ച് ഡയറക്ടർ റവ.ഫ. സജു റോൾഡൻ വിശദമായി സംസാരിച്ചു.

തുടർന്ന് സമിതി രൂപീകരണം നടന്നു. വൈസ് പ്രസിഡന്റ് – ഡോ.റിറ്റിൻ ആൻഡ്രൂസ്, സെക്രട്ടറി- ബാവ രാജു, സ്റ്റുഡൻസ് ഫോറം- ശാന്തി, ഉന്നത വിദ്യാഭ്യാസം- ഷാജി ജെ, സിസ്റ്റർ ആനിമേറ്റർ- സിസ്റ്റർ ജോഫിൻ മേരി, വിദ്യാഭ്യാസ വിദഗ്ധർ- റീജ ഗിൽറ്റസ്, സുനിർദ, വില്യം ലാൻസി എക്സിക്യൂട്ടീവ് അംഗങ്ങൾ- ജോബി രാജേഷ്, രമ്യ പ്രദീപ്, ഫ്ലോറൻസ് ഫ്രാൻസിസ് എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

## അവധിക്കാല വിശ്വാസോത്സവ (VFF) പരിശീലനം നടത്തി അജപാലന ശുശ്രൂഷ



വെള്ളയമ്പലം: കുട്ടികൾ വിശ്വാസ വളർച്ച കൈവരിക്കുന്നതിനായി വേനലവധിക്കാലത്ത് ഇടവകകളിൽ നടത്തിവരുന്ന വിശ്വാസോത്സവത്തിനുള്ള (VFF) പരിശീലനം അജപാലന ശുശ്രൂഷയുടെ നേതൃത്വത്തിൽ നടന്നു. 2025 ഏപ്രിൽ 5 ശനിയാഴ്ച വെള്ളയമ്പലം പാരിഷ് ഹാളിൽ നടന്ന പരിശീലന പരിപാടി അതിരൂപത അജപാലന ശുശ്രൂഷ ഡയറക്ടർ ഫാ. ഷാജു വില്ല്യം ഉദ്ഘാടനം ചെയ്തു. ബോബൻ ക്ലീറ്റസ്, അഡ്വ. ഷൈജു ആന്റണി, ഇഗ്നേഷ്യസ് ലയോള, അരുൺ തുടങ്ങിയവരാണ് അവധിക്കാല വിശ്വാസോൽസവ പരിശീലനത്തിന് നേതൃത്വം നൽകിയത്. പരിശീലനത്തിന് 51 ബ്രദേഴ്സും 82 അധ്യാപകരും പങ്കെടുത്തു. അതിരൂപത അജപാലന ശുശ്രൂഷ അസിസ്റ്റന്റ് ഡയറക്ടർ ഫാ. അജിത് ആന്റണി സ്വാഗതവും അതിരൂപത സെക്രട്ടറി സിൽവദാസ് കൃതജ്ഞതയും രേഖപ്പെടുത്തി.

## കുടുംബപ്രേഷിത ശുശ്രൂഷ പതിനഞ്ചാമത് ബാച്ച് കൗൺസിലിംഗ് ഡിപ്ലോമാ കോഴ്സ് ആരംഭിച്ചു



വെള്ളയമ്പലം: തിരുവനന്തപുരം കുടുംബപ്രേഷിത ശുശ്രൂഷയുടെ കീഴിലുള്ള സൈക്കോ സ്പിരിച്ചൽ സെന്ററിൽ കൗൺസിലിംഗ് ഡിപ്ലോമാ കോഴ്സിന്റെ പതിനഞ്ചാമത് ബാച്ച് 2025 ഏപ്രിൽ 5 ശനിയാഴ്ച ആരംഭിച്ചു. കുടുംബപ്രേഷിത ശുശ്രൂഷ ഡയറക്ടർ ഫാ. റിച്ചാർഡ് സഖറിയാസ് ഏവരെയും സ്വാഗതം ചെയ്തു. ഇന്നത്തെ കാലഘട്ടത്തിൽ കൗൺസിലിംഗിന്റെ ആവശ്യകതയെ കുറിച്ച് അദ്ദേഹം സംസാരിച്ചു. സൈക്കോളജിസ്റ്റ് ഫാ. ഡോ. എ ആർ ജോൺ മുഖ്യാതിഥിയായിരുന്നു.

കേരളസർക്കാരിന്റെ അംഗീകാരത്തോടെ സ്റ്റേറ്റ് റിസ്സോഴ്സ് സെൻററിന്റെ കീഴിലാണ് ഒരു വർഷം നീണ്ടുനിൽക്കുന്ന കൗൺസിലിംഗ് ഡിപ്ലോമാ കോഴ്സ് നടക്കുന്നത്.

## കെആർഎൽസിസി ബി.സി.സി. കമ്മീഷൻ പ്രതിനിധികൾ അതിരൂപതയിൽ സന്ദർശനം നടത്തി



കോവളം: കേരള റീജിണൽ ബി.സി.സി. കമ്മീഷൻ അംഗങ്ങൾ തിരുവനന്തപുരം അതിരൂപത സന്ദർശിച്ചു. മാർച്ച് മാസം 29, 30 തീയതികളിലായി കെ.ആർ.എൽ.സി.സി. എക്സിക്യൂട്ടീവ് കമ്മീഷൻ സെക്രട്ടറി ഫാ. ജോൺസൺ പുത്തൻവീട്ടിലിന്റെനേതൃത്വത്തിൽ വരാപ്പുഴ, പുനലൂർ, ആലപ്പുഴ രൂപതകളിൽ നിന്നായി 21 അംഗങ്ങളാണ് തിരുവനന്തപുരം അതിരൂപത സന്ദർശിച്ചത്. റീജണൽ സന്ദർശനവും വിലയിരുത്തലും കുടുംബകൂട്ടായ്മകളിൽ പങ്കെടുത്തുകൊണ്ടാണ് ആരംഭിച്ചത്. അഞ്ച് ഫൊറോനകളിലെ 6 ഇടവകകളിൽ റീജണൽ ടീം അംഗങ്ങൾ സന്ദർശിച്ചു. തുടർന്ന് അതിരൂപത എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. ഡാനിയേൽ, അതിരൂപത ആനിമേറ്റർമാർ എന്നിവരുടെ സാന്നിധ്യത്തിൽ കൂട്ടായ്മകളിൽ കണ്ട നന്മകളും കുറവുകളും റീജണൽ ടീം അംഗങ്ങൾ അവതരിപ്പിച്ചു.

M.CAP

# ആർക്കിടെക്ച്ചറിന്റെ ലോകത്തിലേക്ക്:

## കേരളത്തിലെ ഒന്നാം നമ്പർ കത്തോലിക്കാ ആർക്കിടെക്ച്ചർ കോളേജിലേക്ക് ഒരു യാത്ര!

കേരളത്തിലെ ഒന്നാം നമ്പർ കത്തോലിക്ക ആർക്കിടെക്ച്ചർ കോളേജിലേക്കു സ്വാഗതം!!! കത്തോലിക്ക കോളേജുകളിൽ മുൻ നിരയിൽ ഞങ്ങളുടെ ആർക്കിടെക്ച്ചർ കോളേജ് അറിയപ്പെടുന്നതിൽ അഭിമാനമുണ്ട്. ഒന്നാം നമ്പർ കത്തോലിക്കാ ആർക്കിടെക്ച്ചർ കോളേജ്!!! കേൾക്കുമ്പോൾ തന്നെ എന്താ ഒരു മുഴക്കം.

തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ കീഴിൽ പത്തു വർഷത്തിലേറെയായി പ്രവർത്തിക്കുന്ന ഈ സ്ഥാപനം ക്രാന്തദർശിയായ അഭിവന്ദ്യ സൂസപാക്യം തിരുമേനി സ്ഥാപിച്ചതാണ്. ഏറ്റവും ഉന്നത നിലവാരവും ഉന്നത വിദ്യാഭ്യസ്തരുമായ അദ്ധ്യാപകരാൽ നയിക്കപ്പെടുന്ന, പരിശുദ്ധ അമ്മയുടെ നാമധേയത്താൽ അനുഗ്രഹീതവുമായ 'മരിയൻ ആർക്കിടെക്ച്ചർ ആൻഡ് പ്ലാനിംഗ് (MCAP), കോളേജിനെ കേരളത്തിലെ ഒന്നാം നമ്പർ കത്തോലിക്ക സഭയുടെ ആർക്കിടെക്ച്ചർ കോളേജ് എന്ന്



വിശേഷിപ്പിക്കുന്നതിൽ ഒരു അതിശയോക്തിയും ഇല്ല .

കഴക്കൂട്ടത്തു ബഹുമാനപെട്ട ആർച് ബിഷപ്പ് തോമസ് നെറ്റോ തിരുമേനിയുടെ നേതൃത്വത്തിൽ, സഹായ മെത്രാൻ ക്രിസ്തുദാസ് പിതാവിന്റെ പൂർണ സഹായത്തോടെ, മരിയൻ എഡ്യൂസിറ്റി എന്ന വിശ്വവിദ്യാലയത്തിലെ ഒരു അംഗമായ 'മരിയൻ ആർക്കിടെക്ചർ ആൻഡ് പ്ലാനിംഗ് (MCAP),' കോളേജ് ഡോ. എ ആർ ജോൺ അച്ചന്റെ സാരഥ്യത്തിൽ നടത്തപ്പെടുന്നു.

## എന്താണ് ആർക്കിടെക്ചർ? എന്താണ് ബി.ആർക്ക് (B.Arch) കോഴ്സ്?

ആർക്കിടെക്ചർ അല്ലെങ്കിൽ വാസ്തുവിദ്യാ പരിശീലനം എന്ന കോഴ്സ്, കെട്ടിടങ്ങൾ രൂപകൽപന ചെയ്യുന്ന പ്രക്രിയ മാത്രമല്ല; അത് മനുഷ്യാനുഭവങ്ങളെ സ്വാധീനിക്കുന്ന, മനോഹരവും പ്രായോഗികവുമായ പരിസ്ഥിതി സൃഷ്ടിക്കുന്ന കലാപരമായ ഒരു പഠന ശാഖയാണ്.

ആദ്യമേതന്നെ പറയട്ടെ ഇത് 5 വർഷം 10 സെമസ്റ്ററുകൾ നീണ്ട കോഴ്സ് ആണ്. മറ്റുള്ള കോഴ്സുകൾപോലെയോ, സാധാരണ എഞ്ചിനീയറിംഗ് കോഴ്സുകളുമായോ ഒരു സാമ്യവും പഠനരീതിയിലോ, പാഠ്യേതര വിഷയങ്ങളിലോ ഇല്ല. സർഗാത്മകത, സാങ്കേതിക കൃത്യത, അതിലുപരി സാമൂഹിക ഉത്തരവാദിത്തം എന്നിവയുടെ സവിശേഷമായ സംയോജനമാണ് ബി.ആർക് (B.Arch) കോഴ്സ്.

കോഴ്സിന്റെ നടത്തിപ്പ്, കോളേജുകൾ, പഠിച്ചിറങ്ങിയവരുടെ പ്രാക്ടീസ്, ഫീസ് ഇതെല്ലാം നിയന്ത്രിക്കുന്നത് COA (കൗൺസിൽ ഓഫ് ആർകിടെക്ച്ചർ) എന്ന കേന്ദ്ര ഗവണ്മെൻറ് സ്ഥാപനമാണ്. 1972 ലെ ആർകിടെക്ട് ആക്ട് പ്രകാരമാണ് കേന്ദ്ര ഭരണഘടനാ സ്ഥാപനത്തിന്റെ പ്രവർത്തനം. പഠിച്ചിറങ്ങി കഴിഞ്ഞാൽ പ്രാക്ടീസിങ് ലൈസൻസ് നൽകുന്നതും COA ആണ്. COA (കൗൺസിൽ ഓഫ് ആർക്കിടെക്ച്ചർ) നൽകുന്ന ലൈസൻസ് ഓൾ ഇന്ത്യ തലത്തിൽ എവിടെയും പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ എവിടെയും ഗവണ്മെൻറിനുവേണ്ടിയോ സ്വകാര്യ സ്ഥാപനങ്ങൾക്ക് വേണ്ടിയോ യഥേഷ്ടം എന്ത് തരം ബിൽഡിംഗ് ഡിസൈൻ ചെയ്യുവാനും അവയ്ക്കുവേണ്ട സർട്ടിഫിക്കറ്റുകൾ, പെർമിറ്റുകൾ ഇവ നൽകുവാനും സാധിക്കുന്ന ലൈസൻസ് ആണ് ലഭിക്കുനത്.

ഒപ്പംതന്നെ Ar. Architect (ആർക്കിടെക്ട്) എന്ന ടൈറ്റിൽ സ്വന്തം പേരിനൊപ്പവും, വർക്ക് ചെയ്യുന്ന മേഖലകളിൽ ഉപയോഗിക്കുവാനും സാധിക്കും, ഇതുപോലെ ടൈറ്റിൽ ഉപയോഗിക്കുവാൻ Adv. അഡ്വക്കേറ്റ്സ്, Dr. ഡോക്ടർ, ചാർട്ടേർഡ് അക്കൗണ്ടൻറ്സ്, സെൻട്രൽ ഗവണ്മെൻറ് വ്യവസ്ഥാപിതമായ കോഴ്സുകൾ, സ്ഥാപനങ്ങൾ എന്നിവയ്ക്കു മാത്രമാണ് സാധിക്കുക. ഇതെല്ലാംതന്നെ നിയമാനുസൃതവുമാണ്. ഇതുതന്നെയാണ് മറ്റുള്ള പഠന ശാഖകളിൽനിന്ന് ആർക്കിടെക്ചർ കോഴ്സിനെ വ്യത്യസ്തമാക്കുന്നതും.

COA (കൗൺസിൽ ഓഫ് ആർകിടെക്ച്ചർ) നൽകുന്ന ലൈസൻസ് ഒരു ആർക്കിടെക്ടിന്റെ യോഗ്യത, കഴിവുകൾ, ധാർമിക മാനദണ്ഡങ്ങൾ, പ്രൊഫഷണലിസം എന്നിവയെ സാധൂകരിക്കുന്ന മികവിന്റെ അടയാളമായി നാം കാണണം. ഒപ്പംതന്നെ കോഴ്സിനു യോഗ്യത നേടാനുള്ള NATA ടെസ്റ്റ് നടത്തുന്നതും COA (കൗൺസിൽ ഓഫ് ആർകിടെക്ച്ചർ) തന്നെയാണ്. NATA ടെസ്റ്റിന്റെ സ്കോറും, PCM (Physics, Chemistry, Maths) മാർക്കും അടിസ്ഥാനമാക്കി ആണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. ഒന്നിലധികം തവണ NATA എഴുതുവാൻ സാധിക്കും. കേരളത്തിൽ തന്നെ 30ൽ കൂടുതൽ കോളേജുകൾ ആർക്കിടെക്ചർ കോഴ്സ് നടത്തുന്നുണ്ട്.

KEAM കേരള എൻട്രൻസ് എല്ലാം റാങ്ക് അനുസരിച്ച നിങ്ങൾക്ക് ഗവണ്മെൻറ് സീറ്റ് അഡ്മിഷൻ നേടാവുന്നതാണ്, അല്ലെങ്കിൽ അതേ ട്യൂഷൻഫീസിൽതന്നെ മാനേജ്മെൻറ് സീറ്റിൽ മരിയൻ കോളേജിൽ അഡ്മിഷൻ എടുക്കുവാനും സാധിക്കും.

ഇനി എന്താണ് പഠനം എന്ന് ചോദിച്ചാൽ ആർക്കിടെക്ചർ പ്രോഗ്രാമിന്റെ കാതൽ ഡിസൈൻ തന്നെയാണ്, അതിൽ സൃഷ്ടിപരമായ കെട്ടിട രൂപകൽപന, സ്ഥല ആസൂത്രണം തുടങ്ങിയ വിവിധ വശങ്ങൾ ഉൾപ്പെടുന്നു. സിവിൽ, മെക്കാനിക്കൽ എഞ്ചിനീയറിങ്ങുകളുടെ അടിസ്ഥാന തത്വങ്ങളും സിലബസിൽ ഉൾപെടുത്തിയിട്ടുണ്ട്. അടിസ്ഥാനഗണിത ആശയങ്ങൾ അത്യാവശ്യമായി അറിഞ്ഞിരിക്കണം.

ഒന്നാം വർഷത്തിൽ വാസ്തുവിദ്യയുടെ അടിസ്ഥാന തത്വങ്ങൾ മനസ്സിലാക്കാനും, ആർക്കിടെക്ചർ വിഷയ ബന്ധിതമായ കഴിവുകൾ രൂപപ്പെടുത്താനും വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നു. ഒരു കസേര തുടങ്ങി ബുക്ക് ഷെൽഫ്, ഷെൽട്ടർ, ബസ് സ്റ്റോപ്പ് പോലെ ലളിതമായ പ്രോജെക്ടിലേക്കുള്ള ഒരു ആമുഖമാണിത്. അടിസ്ഥാന ഡിസൈൻ തത്വങ്ങളും, ഇൻറീരിയർ ഡിസൈൻ ഘടകങ്ങളും മനസിലാക്കുന്നതിനും, അവരവരുടെ ജീവിത ശൈലികൾക്ക് അനുസൃതമായി രൂപകൽപന ചെയുവാൻ ആദ്യ വർഷത്തിൽതന്നെ അവസരം ലഭിക്കുന്നു.

രണ്ടാം വർഷം, കൂടുതൽ സങ്കീർണമായ ഡിസൈൻ പ്രോജെക്ടസ്, സാങ്കേതികത വൈദഗ്ധ്യം, സൈദ്ധാന്തികപരമായ ആശയങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നതിലൂടെ ആദ്യവർഷം നേടിയ അടിസ്ഥാന അറിവുകളിലൂടെ പഠനം പുരോഗമിക്കുന്നു. ചെറിയ വീടുകൾ, പ്ലേയ് സ്കൂൾസ്, അംഗൻവാടികൾ, ചെറിയ ക്ലിനിക്കുകൾ തുടങ്ങിയവ



രൂപകൽപന ചെയുവാൻ പര്യാപ്തമാകുന്നു. ഒപ്പംതന്നെ ഓരോ ഗ്രാമങ്ങളിൽ ചെന്ന് അവിടുത്തെ തനതു ശൈലിയിലുള്ള നിർമാണ പ്രവർത്തനങ്ങൾ പഠിച്ച സ്വയം പര്യാപ്തരായ ഡിസൈനേഴ്സ് ആകുവാൻവേണ്ടി പരിശീലിപ്പിക്കുന്നു. കൂടാതെ സുസ്ഥിര വികസനം, ചരിത്രം, സാമൂഹിക, സാംസകാരിക മൂല്യങ്ങളെ ഊന്നിയുള്ള പഠനങ്ങൾ, പ്ലംബിങ്, തടി പണികൾ ഉൾപ്പെടെയുള്ള കരകൗശല പ്രവർത്തികൾ എന്നിവ പരിശീലിപ്പിക്കുന്നു.

മൂന്നാം വർഷം, തേർഡ് ഇയർ സ്റ്റുഡൻസ് സെക്കൻറ് ഇയർ ചെയ്ത വർക്കിനെക്കാൾ കുറച്ചുകൂടെ അഡ്വാൻസ്ഡ് ആയ ഡിസൈൻ പരിശീലിക്കുവാൻ തുടങ്ങും. 200 പേർക്കുള്ള ഹോസ്പിറ്റൽസ്, 10-20 നിലയുള്ള അപ്പാർട്മെൻറ്സ്, മ്യൂസിയം, മെമ്മോറിയൽസ്, ആർട് ഗാലറീസ് തുടങ്ങിയ വളരെ സീരിയസായ ബിൽഡിംഗ് ഡിസൈനിങ് നിർമാണം തുടങ്ങിയ കാര്യങ്ങളെ കേരള ഗവണ്മെൻറ് ബിൽഡിംഗ് റൂൾസ് KMBR, KPBR നാഷണൽ ബിൽഡിംഗ് റൂൾസ് NBC തുടങ്ങിയ കർശനമായി പാലിച്ച ഡിസൈൻ ചെയുവാൻ പഠിപ്പിക്കുന്നു. മുൻ വർഷങ്ങളിലെ പോലെ അനുബന്ധ ക്ലാസ്സുകളും സോഫ്റ്റ്‌വെയർ ട്രെയിനിങ്ങുകൾ, 10 ദിവസത്തിൽ കുറയാത്ത ഒരു സൗത്ത് ഇന്ത്യൻ ആർക്കിടെക്ച്ചറൽ സ്റ്റഡി ടൂർ പ്രോഗ്രാം എന്നിവ സിലബസ് പ്രകാരവും കരിക്കുലം നിഷ്കർഷിക്കുന്ന പ്രകാരവും നടത്തപ്പെടുന്നു , ഇതിലൂടെ പ്രാചീന, വാസ്തുവിദ്യാപരമായ പഠനങ്ങൾ മുതൽ ആധുനിക നിർമാണത്തിലെ മാറ്റങ്ങൾ വരെ മനസിലാക്കുവാൻ സഹായിക്കുന്ന തരത്തിലാണ് ഈ ടൂറുകൾ സംഘടിപ്പിക്കുന്നത്.

നാലാം വർഷം, ഈ വർഷത്തിൽ സ്റ്റുഡൻറസ് സാധാരണ ക്ലാസ്സ്മുറികളുടെ വേലികെട്ടുകളിൽനിന്ന് പുറത്തിറങ്ങിയുള്ള എക്സ്പീരിയൻസ് നേടുന്നു, ആദ്യ 1-3 വർഷം ഒരു വിദ്യാർത്ഥി കെട്ടിടങ്ങളും അതിൽ ജീവിക്കുന്ന മനുഷ്യരെയും മനസ്സിലാക്കുമ്പോൾ, നാലാമത്തെ വർഷം കെട്ടിടങ്ങളും സമൂഹവും ചുറ്റുമുള്ള സ്ഥലവും എന്നതിൽ  ഊന്നൽ കൊടുക്കുന്നതുകൊണ്ടുതന്നെ നഗരങ്ങളെ അതിന്റെ തനതു രീതിയിൽ പഠിക്കുവാൻവേണ്ടി നഗരപ്രാന്തങ്ങളിൽ തങ്ങി അവരിൽ ഒരാളായി മാറി, ആ നഗരത്തിനുവേണ്ടി നഗരത്തിലെ പ്രശ്നങ്ങളും അവസ്ഥകളും പഠിച്ച പ്രശ്നനിവാരണങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും ഡിസൈനുകളും ചെയുന്നതാണ് നാലാം വർഷത്തെ പഠനം. ഈ വർഷത്തെ പഠനങ്ങൾ ഒരു വിദ്യാർത്ഥിയെ നഗരഗ്രാമ വികസനങ്ങൾക്ക് ആവശ്യമുള്ള ടൗൺ പ്ലാനർ, സിറ്റി പ്ലാനർ, അർബൻ പ്ലാനർ, അർബൻ ഡിസൈനർ തുടങ്ങിയ പല ജോലികളും നേടുവാൻ സഹായിക്കും. ഈ വർഷം തന്നെ 15 ദിവസങ്ങളോളം നീണ്ടുനിൽക്കുന്ന ഓൾ ഇന്ത്യ ടൂറുകളും വാസ്തുവിദ്യാ പ്രധാന്യമുള്ള സ്ഥലങ്ങളിലെ സന്ദർശനവും സിലബസിന്റെ ഭാഗമായി നടത്തപ്പെടുന്നു.

കൂടാതെ NASA(നാഷണൽ അസോസിയേഷൻ ഓഫ് സ്റ്റുഡൻറ് ആർക്കിടെക്ട്സ്)കൺവെൻക്ഷനുകളിൽ വിദ്യാർത്ഥികളെ പങ്കെടിപ്പിക്കുന്നു. മരിയൻ കോളേജിൽതന്നെ എല്ലാ വർഷവും ആർട്സ് ഫെസ്റ്റിവൽ, ക്ലെയ്ഗ്രിഡ് എന്ന മൾട്ടി കോളേജ് വർക്ക് ഷോപ് ഫെസ്റ്റിവൽ, ഫ്രഷേഴ്സ് ഡേ, എല്ലാ വർഷവും ആറിൽ കുറയാത്ത ഇവെൻറുകൾ നടത്തപ്പെടുന്നു. ഓരോ രണ്ട് ആഴ്ചയും കലസാംസ്കാരിക ആർക്കിടെക്ചർ ഫീൽഡുകളിൽ നിന്നുള്ള പ്രഗത്ഭരുടെ പ്രഭാഷണങ്ങൾ മരിയൻ കോളേജിൽ ലഭ്യമാകുന്നു.

ഒരു ചിട്ടയായ പ്രവർത്തന ശൈലി, സമയബന്ധിതമായ സമർപ്പണങ്ങൾ, മറ്റ് ഘടനാപരമായ സമീപനങ്ങൾ എന്നിവ വ്യക്തികളെ കൂടുതൽ കാര്യശേഷിയുള്ളവരായി മാറ്റുന്നു. അതോടൊപ്പംതന്നെ വ്യക്തിഗത വികസന പരിശീലനങ്ങൾവഴി അവരുടെതന്നെ കഴിവുകളിൽ കൂടുതൽ ആത്മവിശ്വാസം നൽകി പ്രൊഫഷണൽ ലോകത്തിനു അനുസൃതമായ തലങ്ങളിലേക്ക് എത്തുവാൻ അവരെ പ്രാപ്തരാക്കുന്നു.

അഞ്ചാം വർഷം, ഫിഫ്ത് ഇയർ സ്റ്റുഡൻറസിനു 6മാസം (യൂണിവേഴ്സിറ്റി സിലബസ് അനുസരിച്ച) പ്രാക്ടിക്കൽ ട്രെയിനിങ് ഉണ്ട്. ഏതെങ്കിലും ഒരു ആർക്കിടെക്ട് (5കൊല്ലം എക്സ്പീരിയൻസ് നിർബന്ധമാണ് ) ഓഫീസിൽ ജോലി ചെയ്യണം. പ്രൊജക്ടുകളിൽ പങ്കെടുക്കണം, ഇന്ത്യക്ക അകത്തും പുറത്തും അനേകം മരിയൻ വിദ്യാർത്ഥികൾ ഈ ഇന്റേൺഷിപ് നടത്തുന്നു. ഈ നിർബന്ധിത പരിശീലനം അഥവാ പ്രാക്ടിക്കൽ ട്രെയിനിങ്, വിദ്യാർത്ഥികൾക്ക് പ്രായോ



ഗിക പരിശീലനവും, വ്യവസായിക അവബോധവും, നൈപുണ്യ വികസനവും, വിശാലമായ ലോകവീക്ഷണവും ഉറപ്പാക്കുന്നു. ഇവ ആർക്കിറ്റെക്ചറൽ ലൈസെൻസിനായുള്ള തയ്യാറെടുപ്പും കൂടെയാണ്. ഇവയെല്ലാംതന്നെ അവരുടെ ഭാവി കരിയർ ശോഭനമാക്കുന്നതിനു അവരെ സജ്ജമാക്കുന്നു. അവസാന സെമെസ്റ്ററിൽ ഓരോ വിദ്യാർത്ഥിയും ഒരു പ്രൊജക്റ്റ് മേജർ ബിൽഡിംഗ് എടുത്ത് ഒരു ഗൈഡിന്റെ മേൽനോട്ടത്തിൽ പൂർത്തിയാക്കി കോളേജിന് സമർപ്പിച്ച് അവരുടെ കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കുന്നു.

കാലത്തിനൊപ്പം മാറുന്ന ശാസ്ത്ര സാങ്കേതികവിദ്യകളുടെ ഈ കാലത്തു മരിയൻ ആർക്കിറ്റെക്ചറൽ കോളേജിൽ ദക്ഷിണേന്ത്യയിൽ തന്നെ ആദ്യമായി, ഒരു പ്രൈവറ്റ് കോളേജിൽ AI/VR വിർച്വൽ റിയാലിറ്റി ഏകോപിപ്പിച്ച് VR Headsets ഉപയോഗിച്ചുള്ള ക്ലാസുകൾ നടത്തപ്പെടുന്നു. ഒപ്പംതന്നെ യൂണിവേഴ്സിറ്റി ഓഫ് നവാര, സ്പെയിൻ, അബുദാബിയിലെ കിംഗ് അബ്ദുൽഅസീസ് യൂണിവേഴ്സിറ്റി, മലേഷ്യൻ യൂണിവേഴ്സിറ്റി എന്നിവയുമായി ചേർന്നു സംയുക്തമായി ക്ലാസുകൾ നൽകുന്നു, വിദേശ രാജ്യങ്ങളിൽ ചെറു കോഴ്സുകൾ, ഇന്റേൺഷിപ്, തുടങ്ങിയ അവസരങ്ങൾ ഒരുക്കുന്നതും മരിയൻ ആർക്കിടെക്ചർ കോളേജിന്റെ മാത്രം സവിശേഷതയാണ്.



കൂടാതെ കുട്ടികളുടെ അക്കാഡമിക് യാത്രയെ സമ്പന്നമാക്കുന്നതിൽ വിദ്യാർത്ഥി ചാപ്റ്ററുകൾ അഥവാ പല ഗവണ്മെൻറ്, ഗവണ്മെൻറ് ഇതര സ്ഥാപനങ്ങളുടെ വിദ്യാർത്ഥികളെ ഏകോപിപ്പിച്ചുള്ള ചെറിയ പതിപ്പുകൾ ഒരു പ്രധാന പങ്കുവഹിക്കുന്നു. പഠനവളർച്ചയും നെറ്റ് വർകിങ് വളർത്തിയെടുക്കുന്ന വിവിധ പ്രവർത്തനങ്ങൾ, മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു. വിവിധ പരിപാടികൾ സംഘടിപ്പിച്ച് കോളേജുകളിൽ വിദ്യാർത്ഥികൾക്ക് വേണ്ടി ഒരു തനതു ലോകം തീർക്കുന്നു.

## 2030ലേക്ക് കേരളത്തിൽ ആർക്കിടെക്ചർ കരിയർ സാധ്യതകൾ

2030 ഓടെ Trivandrum, Kochi, Calicut, Kannur പോലുള്ള നഗരങ്ങൾ സ്മാർട്ട് സിറ്റികൾ ആയി മാറുന്നതോടെ, ആർക്കിടെക്ചറിന്റെ ഡിമാൻഡ് ദക്ഷിണേന്ത്യയിലും കേരളത്തിലും വർധിക്കും. ഭൂമിയുടെ നിയന്ത്രിത ലഭ്യത, പരിസ്ഥിതി സൗഹൃദ ബിൽഡിംഗുകൾ, അർബൻ ഇൻഫ്രാസ്ട്രക്ചർ വികസനം എന്നിവയുടെ ആവശ്യം ഉയരുന്നതനുസരിച്ച് തൊഴിൽ സാധ്യതകൾ വർധിക്കുന്ന ഒരു മേഖലയാണ് ആർക്കിടെക്ചർ ഫീൽഡ്. പരമ്പരാഗതവും, ആധുനികവുമായ ഘടകങ്ങളുടെ സംയോജനം, സുസ്ഥിരത, നവീകരണം, സ്വീകാര്യത ആർക്കിടെക്ചർ എന്നിവയാണ് അഥവാ വാസ്തുവിദ്യയുടെ ഭാവി.

## തൊഴിൽ സാധ്യതകൾ

**1. കോർ ആർക്കിടെക്ചർ ജോലികൾ**

> ലൈസൻസ്ഡ് ആർക്കിടെക്റ്റ് വ്യക്തിപരമായി പ്രാക്ടീസ് ചെയ്യാം (COA രജിസ്ട്രേഷൻ ആവശ്യമാണ്).

> അർബൻ പ്ലാനർ/അർബൻ ഡിസൈനർ നഗരങ്ങൾ ആസൂത്രണം ചെയ്യുന്ന ഒരു പ്രധാന മേഖല.

> ലാൻഡ്സ്കേപ്പ് ആർക്കിടെക്റ്റ് പാർക്കുകളും ഗാർഡൻ ഡിസൈനുകളും വികസിപ്പിക്കുന്നത്.

> വാസ്തു/ഗ്രാഫിക്സ് ആർക്കിടെക്റ്റ് മനോഹരവും പ്രവർത്തനക്ഷമവുമായ കെട്ടിട രൂപകൽപ്പന.

> ഇൻറീരിയർ ഡിസൈനർ വീടുകൾ, ഓഫിസുകൾ, ഹോട്ടലുകൾ എന്നിവയ്ക്കായി ആകർഷകമായ ഡിസൈൻ നിർമിക്കൽ.

**2. നിർമ്മാണ മേഖലയിലെ അവസരങ്ങൾ**

> പ്രോജക്റ്റ് മാനേജർ നിർമ്മാണ പദ്ധതികൾ നിർദ്ദേശിച്ച് നിയന്ത്രിക്കൽ.

> ബിൽഡിംഗ് ഇൻഫർമേഷൻ മോഡലിംഗ് (BIM) വിദഗ്ധൻ AutoCAD, Revit, SketchUp മുതലായ സോഫ്റ്റ്‌വെയറുകളിലൂടെയുള്ള ഡിസൈൻ.

> സൗരോർജ്ജ, ഗ്രീൻ ബിൽഡിംഗ് വിദഗ്ധൻ പരിസ്ഥിതി സൗഹൃദ നിർമ്മാണ പ്രവർത്തനങ്ങൾ.

**3. ഗവൺമെൻറ് & അക്കാദമിക മേഖല**

> PWD / CPWD ടൗൺ പ്ലാനിംഗ് വകുപ്പിൽ ജോലി സർക്കാർ സ്ഥാപനങ്ങളിൽ സ്ഥിര ജോലി.

> സർവകലാശാലകളിൽ അധ്യാപനം (Professor / Researcher) ആർക്കിടെക്ചർ പഠിപ്പിക്കുന്നതിനും ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമുള്ള അവസരങ്ങൾ.

> ആർക്കിടെക്ചർ ജേർണലിസം/എഴുത്ത് ആർക്കിടെക്ചറിനെ കുറിച്ച് പത്രങ്ങളിലും ഓൺലൈൻ മാധ്യമങ്ങളിലും എഴുതാം.

**4. സാങ്കേതിക & സ്റ്റാർട്ടപ്പ് അവസരങ്ങൾ.**

> ഗെയിം & മൂവി ഡിസൈൻ (CGI, 3D Visualization, VFX).

> റിയൽ എസ്റ്റേറ്റ് ഡെവലപ്മെന്റ് & കൺസൾട്ടൻസി.

> സ്റ്റാർട്ടപ്പ്/പ്രൈവറ്റ് കൺസൾട്ടൻസി തുടങ്ങി സ്വന്തം ഡിസൈൻ കൺസൾട്ടൻസി തുടങ്ങാം.

**5. അന്താരാഷ്ട്ര ജോലികൾ & വിദേശ പഠനം.**

> M.Arch / MBA in Construction Management- വിദേശത്ത് ഉയർന്ന വിദ്യാഭ്യാസം നേടാം

> LEED & Sustainable Architecture Jobs- US, UK, യൂറോപ്പ്, മിഡിൽ ഈസ്റ്റ് എന്നിവിടങ്ങളിൽ നല്ല അവസരങ്ങൾ

## ട്രിവാൻഡ്രം 2030: അവസരങ്ങൾ

> Trivandrum 2030 ഓടെ കേരളത്തിലെ ഏറ്റവും വേഗത്തിൽ വികസിക്കുന്ന നഗരമാകും. Technopark & Vizhinjam Port വികസനം ആഗോള ശില്പശാസ്ത്ര പ്ലാനിംഗ് & ആർക്കിടെക്ചർ അവസരങ്ങൾ സൃഷ്ടിക്കും.

> Technopark Expansion-

വൻതോതിലുള്ള IT പാർക്കുകൾ & കോർപ്പറേറ്റ് ഓഫീസുകൾ

> Vizhinjam International Seaport - ലോജിസ്റ്റിക്, ഇൻഫ്രാസ്ട്രക്ചർ ഡിമാൻഡുകൾ

> Outer Ring Road Development - വമ്പിച്ച നഗര പദ്ധതികൾ

> Green & Sustainable Housing Projects – Trivandrum - കീഴിൽ 1000+ പുതിയ ഹൗസിംഗ് പ്രൊജക്ടുകൾ.

> ഒപ്പംതന്നെ സംസ്ഥാന കേന്ദ്ര സർക്കാരുകളുടെ പ്രൊജെക്ടുകൾ നിരവധി അവസരങ്ങളൊരുക്കികൊടുക്കുന്നു.

## 2030ലേക്ക് ആഗോള തൊഴിൽ സാധ്യതകൾ

B.Arch കഴിഞ്ഞവർക്കായി യൂറോപ്പ്, USA, Middle East, Canada, Australia തുടങ്ങിയ രാജ്യങ്ങളിൽ വിപുലമായ തൊഴിൽ അവസരങ്ങൾ ഉണ്ട്.

### ?? ഇന്ത്യയ്ക്ക് പുറത്ത് തൊഴിൽ സാധ്യതകൾ

> Dubai, UAE – Expo City, Sustainable City, High-Rise Developments

> Europe – Heritage Conservation, Urban Planning, Smart City Projects

> Canada – Green Building Design, Housing Projects, Urban Expansion

> USA – Digital Architecture, AI-Driven Building Designs

2030ഓടെ, ആഗോള തലത്തിൽ 'Artificial Intelligence in Architecture, Smart Cities, Virtual Reality Design' എന്നിവ വലിയ സാധ്യതകളായി മാറും. അതുകൊണ്ടു തന്നെ, Marian College of Architecture & Planning (MCAP) പോലെയുള്ള ആധുനിക സാങ്കേതിക വിദ്യകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന സ്ഥാപനങ്ങൾ ഭാവിയിലെ തൊഴിൽ സാധ്യതകൾ ഉറപ്പാക്കാൻ അനിവാര്യമാണ്.

സുസ്ഥിര കെട്ടിടനിർമ്മാണവും, ശൈലികളും, പ്രായോഗികപരവും, സൗന്ദര്യാത്മകവുമായ ഇടങ്ങളും കെട്ടിടങ്ങളും രൂപകല്പന നടത്തി നിർമ്മിക്കുന്നതിലും, മൂല്യമുള്ളതും ദീർഘവീക്ഷണമുള്ളതുമായ ഒരു കരിയറിന് വിദ്യാർത്ഥികളെ സജ്ജമാക്കുന്നതിനും, ഈ പഠനമേഖലവഴിയായി മരിയൻ കോളേജ് ഓഫ് ആർക്കിടെക്ചർ ആൻഡ് പ്ലാനിംങിന് സാധിക്കുന്നതിനു സർവേശ്വരനോട് കടപ്പെട്ടിരിക്കുന്നു.

## സഭയ്ക്കുവേണ്ടി സഭയ്ക്കൊപ്പം

അതിരൂപതയുടെ ഉന്നമനത്തിനും, സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായും മരിയൻ ആർക്കിടെക്ചർ ആൻഡ് പ്ലാനിംഗ് കോളേജ്, കെട്ടിടങ്ങളുടെയും നിർമാണ പ്രവർത്തനങ്ങളുടെയും ഭാഗമായി ഒരു കൺസൾട്ടൻസി സെൽ രൂപീകരിച്ചിരിക്കുന്നു, ഇത് ചെലവ് കുറഞ്ഞ രീതികളിൽ അനേകം കെട്ടിടങ്ങൾ നിർമിച്ചു കൊണ്ടിരിക്കുന്നു. 20+ കൂടുതൽ ആർക്കിടെക്റ്റ് എഞ്ചിനീയർമാരുടെ സേവനങ്ങൾ ഈ സെല്ലിൽ ലഭ്യമാണ്. അതിരൂപത സ്ഥാപനങ്ങൾക്കും വിശ്വാസികൾക്കും ഡിസ്കൗണ്ട് ലഭ്യമാണ്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുവേണ്ടി പ്രസ്തുത സെല്ലിന്റെ ചെയർമാൻ മരിയൻ കോളേജ് ഓഫ് ആർക്കിടെക്ചർ ആൻഡ് പ്ലാനിംഗ് ബർസാർ റവ. എബിൻ സ്റ്റാൻലിയുമായി ബന്ധപ്പെടാം. ഫോൺ :+91 81299 34954

## B.Arch 2025-2026

5 വർഷ സെൻട്രൽ ഗവൺമെൻറ് ലൈസൻസ്ഡ് B.Arch കോഴ്സിലോട്ടുള്ള മാനേജ്മെൻറ്/NRI അഡ്മിഷൻ മരിയൻ കോളേജിൽ തുടങ്ങിയിരിക്കുന്നു.

ഒപ്പംതന്നെ ആർക്കിടെക്ചർ കോഴ്സിലേക്കുള്ള 2025-26 അധ്യായന വർഷത്തെ പ്രവേശന നടപടികളുടെ ഭാഗമായി, മാത്സ്, ഫിസിക്സ്, കെമിസ്ട്രി വിഷയങ്ങൾ പഠിക്കുന്ന പ്ലസ് ടു വിദ്യാർത്ഥികൾക്കായി അതിരൂപതാ തലത്തിൽ ആർക്കിടെക്ചർ കോഴ്സിനെക്കുറിച്ചുള്ള ക്ലാസുകളും അതേ ക്ലാസ്സുകളുടെ ഓൺലൈൻ ക്ലാസ്സുകളും തുടങ്ങിയ വിവരം സന്തോഷപൂർവം അറിയിക്കുന്നു.

ആർക്കിടെക്ചർ എൻട്രൻസിനു വേണ്ടിയുള്ള 10ദിവസത്തെ പ്രത്യേക കോഴ്സ് 'Cracking the Architectural Entrance'

> ആർക്കിടെക്ചറൽ പഠനത്തിലും ഡിസൈനിംഗിലും ആഴത്തിൽ താൽപര്യമുള്ളവർക്കായി തയ്യാറാക്കിയ 10 ദിവസത്തെ പ്രത്യേക പരിശീലനം

തീയതി: മെയ് 12 മുതൽ മെയ് 23 വരെ (ഞായറാഴ്ചകളൊഴികെ)

മാധ്യമം: ഓൺലൈൻ ക്ലാസുകൾ (ലൈവ് ഇൻററാക്ഷൻ & പ്രാക്ടീസ് സെഷനുകൾ)

വിശേഷത: അതിരൂപതാ വിദ്യാർത്ഥികൾക്ക് പ്രത്യേക നിരക്കിൽ ലഭ്യമാണ്.

NATA പരീക്ഷയെയും, ആർക്കിടെക്ചർ കോഴ്സിന്റെ സാധ്യതകളെയും വിശദമായി പഠിക്കാനുള്ള അവസരം.

അഡ്മിഷൻ , ആർക്കിടെക്ചർ കോഴ്സ് സംബന്ധപെട്ട സംശയങ്ങൾക്ക വിളിക്കാം.

Contact Nos, 9188917753, 9188917754, 9495707555, +91 80867 19870, 7034646099

കടപ്പാട്
**Ar. മാത്യു ജോർജ്, B.Arch, M. Arch**
അസിസ്റ്റന്റ് പ്രൊഫസർ,
+91 7034646099
മരിയൻ ആർക്കിടെക്ചർ ആൻഡ് പ്ലാനിംഗ് കോളേജ്,
മരിയൻ എഡ്യൂസിറ്റി
കഴക്കൂട്ടം, തിരുവനന്തപുരം





ഉർസുലൈൻ സന്യാസ സഭയിലേക്ക് സ്വാഗതം...

## അമലോത്ഭവ മാതാവിന്റെ

# ഉർസുലൈൻ സന്യാസ സഭ

## അമല പ്രോവിൻസ്

### കണ്ണൂർ, കേരള, ഇന്ത്യ





വാഴ്ത്തപ്പെട്ട ബ്രിജിദ മൊറെല്ലോ 1649 ഫെബ്രുവരി 17ന് ഇറ്റലിയിലെ പിയച്ചെൻസയിൽ അമലോത്ഭവമാതാവിന്റെ ഉർസുലൈൻ സന്യാസസഭ സ്ഥാപിച്ചു. 1934ൽ ഇന്ത്യയിൽ സേവനമാരംഭിച്ചു 4 പ്രോവിൻസുകളായി തിരിഞ്ഞ് 100 ലധികം കോൺവെന്റുകളിലായി വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാമൂഹിക-പ്രേക്ഷിത പ്രവർത്തനങ്ങൾ എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നു. കൂടാതെ ഇറ്റലി, ബ്രസീൽ, ടാൻസാനിയ, കെനിയ, അയർലന്റ്, ലണ്ടൻ എന്നീ രാജ്യങ്ങളിലും സേവനം ചെയ്തുവരുന്നു. ക്രൂശിതനായ ക്രിസ്തുവിനെ അടുത്തനുകരിച്ച് വാഴ്ത്തപ്പെട്ട ബ്രിജിദ മൊറെല്ലോയുടെ ആത്മീയചൈതന്യം ഉൾക്കൊണ്ട് ജീവിച്ച ധന്യയായ സിസ്റ്റർ മരിയ സെലിൻ ഇന്നിന്റെ തലമുറയ്ക്ക് പ്രചോദനമാണ്. സ്വപ്നങ്ങൾ ഇല്ലാത്തവർക്കായി സ്വപ്നം കാണാൻ, സ്വർഗ്ഗരാജ്യനിർമ്മിതിക്കായ് കാരുണ്യത്തിന്റെ ചുവടുവയ്ക്കാൻ, ഒരു ഉർസുലൈൻ മിഷണറിയാകുവാൻ ദൈവം പ്രചോദിപ്പിക്കുന്നുവെങ്കിൽ....... അറിയിക്കുക.



THE VOCATION PROMOTER
SR. SUPERIOR, URSULINE CONVENT
PAYYAMBALAM P.O, KANNUR-670001
KERALA - INDIA

Email: ursulinekannur@gmail.com
WhatsApp: 9704071484
Mob: 9495338325









1844-ൽ സ്വിറ്റ്സർലണ്ടിലെ മെൻസിങ്ങനിൽ
സ്ഥാപിതമായ ഹോളിക്രോസ് സന്യാസിനി
സമൂഹം, 1906-ൽ ഇന്ത്യൻ മണ്ണിലേക്ക് പ്രവേശിച്ച്
കേരളത്തിലെ കൊട്ടിയത്തിൽ പ്രത്യാശയുടെ
തീർഥയാത്ര ആരംഭിച്ചു.
ആതുര ശുശ്രൂഷ, സാമൂഹിക പ്രവർത്തനം,
അജപാലന ശുശ്രൂഷ എന്നിവയിലൂടെ
ലോകത്തിന്റെ വിവിധ കോണുകളിൽ
പ്രത്യാശയുടെ ജ്വാല തെളിയിച്ച് കർത്താവിന്
സാക്ഷ്യം വഹിക്കുന്നു.
പലവിധ കാരണങ്ങൾ കൊണ്ട് ജീവിതത്തിൽ
പ്രതീക്ഷ നഷ്ടപ്പെട്ട മക്കളിലേക്ക് കുരിശിന്റെ
ചൈതന്യത്തിലൂടെ പ്രകാശം തെളിയിച്ച്
കൊടുക്കാൻ ആഗ്രഹിക്കുന്നവർ

വരിക കാണുക അറിയുക....

Vocation Promotor,
Holy Cross Provincialate, Kollam 691 001
Ph No: 0474 274 2050, 9495912183




നീർച്ചാൽ



# പത്രോസ് പ്രാക്ടിക്കലായി

## പെസഹാകാലം മൂന്നാം ഞായർ (മേയ്-4)

അപ്പോ. 5:27-32, 40-41
വെളി. 5:11-14
യോഹ. 21: 1-19

## ഫാ. വിക്ടർ എവരിസ്റ്റസ്

ക്രിസ്തുവിന്റെ മരണം ശിഷ്യന്മാരെ സംബന്ധിച്ചിടത്തോളം വലിയ ദുരന്തമായിരുന്നു. കരിശുമരണം മാത്രമല്ല അതിനോട് അനുബന്ധിച്ച് നടന്ന സംഭവങ്ങളും പരിഹാസ്യമായിരുന്നു. കൂട്ടത്തിൽ നടന്നവൻ ഒറ്റുകാരനായി. മരിക്കാൻ സന്നദ്ധരാണെന്നും, സഹനത്തിന്റെ കാസയിൽ നിന്ന് കുടിക്കാമെന്നും പറഞ്ഞവർ ആപത്തിന്റെ സമയത്ത് നാലുപാടും ചിതറി. സകല പ്രതീക്ഷയുമറ്റവർ പിന്നീട് ഒത്തുചേർന്നപ്പോൾ തങ്ങൾ ഉപേക്ഷിച്ച തലങ്ങൾ തേടി മടക്കയാത്ര ആരംഭിച്ചു. മത്സ്യം പിടിക്കാനല്ല മനുഷ്യരെ പിടിക്കാനാണ് യേശു ശിഷ്യരെ വിളിച്ചത്. മനുഷ്യരെ പിടിക്കാൻ ഒരിക്കൽ അനുഗമിച്ചവർ യേശു മരിച്ചപ്പോൾ വ്യതിചലിച്ചു. ആർക്കും സംഭവിക്കാവുന്ന വീഴ്ചയാണിത്. വലിയ കാര്യങ്ങളിലേക്ക് നിയോഗിക്കപ്പെട്ടിട്ട് അതിനുവേണ്ടി പലതും ഉപേക്ഷിച്ച ശേഷം പിന്നീട് ഉപേക്ഷിച്ചവയെ തേടിയുള്ള മടക്കയാത്ര.

റിയലിസ്റ്റിക്കും പ്രാക്ടിക്കലും ആകുന്നത് കൊണ്ടാവാം വിവിധ ജീവിത അന്തസ്സിലുള്ളവർ തങ്ങൾ എടുത്ത വാഗ്ദാനങ്ങൾ മാറി ചിന്തിക്കുന്നത്. ഒരുപക്ഷേ ആ മനോഗതി ക്രിസ്തുവിനും വിശ്വാസികൾക്കും ആദർശങ്ങൾക്കും പൊളിച്ചെഴുതലുകൾ നടത്തിയേക്കാം. ക്രിസ്തു മരിച്ചു. പലതായ ശിഷ്യരുടെ പ്രതീക്ഷകൾ അസ്തമിച്ചു. അവരും റിയലിസ്റ്റിക്കും പ്രാക്ടിക്കലുമായോ...? 'ഞാൻ മീൻ പിടിക്കാൻ പോകയാണ്' പത്രോസ് പ്രാക്ടിക്കലായി.

ത്യജിക്കുന്നത് എപ്പോഴും ക്രിസ്തുവിന് വേണ്ടിയാകണമെന്നില്ല. ചില സന്ദർഭങ്ങളിൽ ക്രിസ്തുവിനെയും ത്യജിച്ചേക്കാം. പരസ്യമായി എടുത്ത വാഗ്ദാനങ്ങൾ രഹസ്യമായെങ്കിലും ലംഘിച്ചേക്കാം. വിശ്വാസ പ്രഖ്യാപനങ്ങൾ തള്ളിപ്പറച്ചിലായി പരിണമിച്ചേക്കാം. ഉപേക്ഷിക്കപ്പെട്ട വസ്തുക്കൾക്കും വ്യക്തികൾക്കും പൂർവ്വാധികം ശക്തിയോടെ ജീവിതത്തിൽ സ്ഥാനം കൊടുത്തേക്കാം. ആരും ഒരു ദ്വീപല്ല. ആരും സ്വർഗ്ഗത്തിലേക്കോ, നരകത്തിലേക്കോ ഒറ്റയ്ക്ക് യാത്രയാകുന്നില്ല. പലരേയും അവൻ കൂടെ കൂട്ടാറുണ്ട്. പത്രോസ് ഒറ്റയ്ക്കല്ല മടക്കയാത്ര ആരംഭിച്ചത്. വേറെ ആറു പേരും അവനോടൊപ്പമുണ്ട്.

ക്രിസ്തുവിനെ കൂടാതെ പരിശ്രമിച്ച ശിഷ്യന്മാരുടെ പ്രയത്നങ്ങൾ വിഫലമായിരുന്നു. ക്രിസ്തുവിനെ കൂടാതെയുള്ള പരിശ്രമങ്ങൾ പരാജയങ്ങളുടെ പരമ്പരയായിരുന്നു. നിങ്ങൾക്ക് എന്തെങ്കിലും കിട്ടിയോ? എന്ന ക്രിസ്തുവിന്റെ ചോദ്യവും ഇല്ല എന്ന ശിഷ്യരുടെ മറുപടിയും ആത്മവിശകലനത്തിന് പോന്നവയാണ്. വെള്ളമില്ലാത്തിടത്ത് കുഴിച്ചിട്ട് കാര്യമുണ്ടോ? മീനില്ലാത്തിടത്ത് വലവീശിയാൽ എന്തു പ്രയോജനം. ഒരുവന്റെ തിരഞ്ഞെടുപ്പുകളും അവനായിരിക്കുന്ന ഇടവും നിലപാടുകളും തെറ്റിയാൽ പിന്നെ എത്ര പരിശ്രമിച്ചിട്ട് എന്ത്? എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ സാധ്യമല്ല എന്നോട് ചേർന്ന് നിൽക്കുന്നവർ ധാരാളം ഫലം പുറപ്പെടുവിക്കുമെന്ന ഗുരുവചനങ്ങൾ അവരുടെ ഓർമ്മയിൽ തെളിഞ്ഞിട്ടുണ്ടാകണം. ഇവിടെ യേശു കുറ്റപ്പെടുത്തുകയല്ല. മറിച്ച് ജീവിതത്തെപ്പറ്റി വീണ്ടുവിചാരമുള്ളവനാക്കുകയാണ് ചെയ്യുന്നത്. അവിടെ ഒരു മടക്ക യാത്ര വീണ്ടും ആരംഭിക്കുന്നു.

തിബേരിയസിന്റെ തീരത്ത് ഉഷസ്സിലുള്ള യേശുവിന്റെ പ്രത്യക്ഷപ്പെടൽ വളരെ അർത്ഥവത്താണ്. സഖറിയാസിന്റെ പ്രവചന ഗീതത്തിൽ യേശുവിനെ ഉയരത്തിൽ നിന്നുള്ള ഉദയരശ്മിയായി വർണ്ണിക്കുന്നുണ്ട്. യേശുവിന്റെ പ്രഭാതം പോലെ ലാളിത്യമുള്ള ഇടപെടൽ. അവന്റെ കടന്നു വരവ് നാം അറിയുന്നതേയില്ല. പ്രഭാതത്തിന് പല സവിശേഷതകളുണ്ട്. പ്രഭാതത്തോടെ അന്ധകാരം അവസാനിക്കുകയാണ്. അവ്യക്തമായിരുന്നത് വ്യക്തമായി കാണാൻ സാധിക്കുന്നു. ഉറങ്ങുന്നത് ഉണരുന്നു. വാടി നിന്നിരുന്നവയ്ക്ക് പ്രഭാതത്തിന്റെ പുത്തൻ ഉണർവ്വുണ്ട്. പ്രഭാതം ഒരു പുതിയ തുടക്കമാണ്. അതുപോലെ തരളിതമാണ് ക്രിസ്തുവിന്റെ പ്രത്യക്ഷപ്പെടൽ. അവൻ അപ്പോൾ ഉച്ചരിക്കുന്ന വാക്കുകളും വാത്സല്യമുള്ളതാണ്. 'കുഞ്ഞുങ്ങളേ...'

ശിഷ്യർ കരക്കിറങ്ങിയപ്പോൾ ഗുരു പ്രാതൽ ഒരുക്കിയിരുന്നു. ഒരമ്മയുടെ കരുതലോടെ. 'വന്ന് പ്രാതൽ കഴിക്കുവിൻ.' ശിഷ്യർ അനുസരണയുള്ള കുട്ടികളേപ്പോലെ അവന്റെ മുമ്പിൽ ഇരുന്നു. ഗുരു ഒന്നും പുതിയതായി പറയുന്നില്ല. ഓർമ്മപ്പെടുത്തലുകൾ മാത്രം.

ശിഷ്യന്മാർ യേശുവിനെ ഉപേക്ഷിച്ചെങ്കിലും യേശു അവരെ ഉപേക്ഷിക്കുന്നില്ല. കരയിൽ കാത്തിരുന്ന കർത്താവ് പ്രഭാതഭക്ഷണം ഒരുക്കി അവരെ അമ്പരപ്പിച്ചുകളഞ്ഞു. ഇന്ന് നമ്മളോടും യേശു അപ്രകാരം ഇടപെടുന്നു. ചില സന്ദർഭങ്ങൾ നാമും യേശുവിനെ വിസ്മരിച്ചേക്കാം. എങ്കിലും യേശു നമ്മെ തേടി കണ്ടെത്തുന്നു. ഇന്നും തിരികെയെത്തുന്ന നമുക്കായി അവൻ ഭക്ഷണം ഒരുക്കുന്നു. അപ്പവും മീനുമെല്ലാം തന്നെതന്നെ വിളമ്പുന്നു. അവൻ വീഴ്ചകളെ ഓർമ്മപ്പെടുത്തുന്നില്ല. തന്റെ സ്നേഹത്തിന്റെ ആഘോഷം ഒരുക്കുകയാണ് ചെയ്യുന്നത്. അത് ഭക്ഷിക്കുന്നവന്റെ മനസ്സിൽ ദൈവസ്നേഹത്തിന്റെ തിരയിളകം ആത്മാർപ്പണം വർദ്ധിക്കുകയും ചെയ്യും. ●

# യേശു നിത്യ ജീവൻ നൽകുന്ന ദൈവപുത്രൻ

## പെസഹാകാലം നാലാം ഞായർ (മേയ്-11) )

അപ്പോ. 13: 14. 43-52
വെളി. 7: 9.14-17
യോഹ. 10: 27-30

## റവ. ഡോ. ഡൈസൻ

ഇസ്രായേൽ ജനത അടിസ്ഥാനപരമായി ആട്ടിടയന്മാരും കൃഷിക്കാരുമായിരുന്നു. ഉള്ളതിൽ നല്ല ആടിനെ ആട്ടിടയനായ ആബേൽ ബലി അർപ്പിച്ച് ദൈവത്തിന്റെ പ്രീതി നേടുമ്പോൾ, തനിക്ക് ലഭിച്ച കൃഷി ഫലങ്ങളിൽ മോശമായതിനെ ദൈവത്തിന് സമർപ്പിച്ച ദൈവത്തിന്റെ അപ്രീതി സമ്പാദിച്ച കയേൽ കൃഷിക്കാരനായിരുന്നു. ബൈബിളിന്റെ ആരംഭം മുതൽ ആട്ടിടന്മാരെയും കൃഷിക്കാരെയും കാണുന്നുണ്ട്. അതുകൊണ്ട് ദൈവത്തെ ആട്ടിടയനും മുന്തിരിച്ചെടിയായും ഇസ്രായേൽ ജനങ്ങളെ അജഗണമായും, മുന്തിരിതോട്ടമായും വിശുദ്ധഗ്രന്ഥത്തിൽ ചിത്രീകരിക്കുന്നു.

യേശുവിൽ വിശ്വസിക്കുന്ന ഒരുവൻ യേശുവിന്റെ ദൈവികത്വം ഏറ്റു പറയും. അവന് യേശുവുമായി അനിർവചനീയമായ ആത്മബന്ധമുണ്ട്; ആടിന് ഇടയനോടെന്ന പോലെ. മറ്റ് വാക്കുകളിൽ സൂര്യനും അതിന്റെ പ്രകാശവും, കടലും തിരയും, ഗായകനും ഗാനവും എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നുവോ അതുപോലെ ഇടയനും ആടുകളും ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ ഇടയൻ ആടുകളുടെ ജീവൻ രക്ഷിക്കാൻ വേണ്ടി തന്റെ ജീവനെ പണയപ്പെടുത്തുന്നു, വേദനകൾ സഹിക്കുന്നു. നടക്കുവാൻ ബുദ്ധിമുട്ടുള്ള ആടുകളെ തോളിലേറ്റുന്നു.

യജമാന്റെ സ്വരം തിരിച്ചറിയാനുള്ള ആടുകളുടെ കഴിവും, സംഘബോധവും, നിഷ്കളങ്കതയും ആടുകളുടെ മെച്ചപ്പെട്ട പ്രത്യേകതകളാണ്. എന്നാൽ പരിശീലനത്തിനു വിധേയമാകാതെ തന്നിഷ്ടം പ്രവർത്തിക്കുന്ന ആടുകൾ ഇസ്രായേൽ ജനത്തെ പ്രതീകവത്കരിക്കുന്നു. മൃഗങ്ങളിൽ കാഴ്ച ശക്തി കുറഞ്ഞ മൃഗം ആടുകളാണ്. അതുകൊണ്ടുതന്നെ കൂട്ടം തെറ്റിപ്പോകാൻ



ഏറെ സദ്ധ്യയുള്ള മൃഗം ആട് തന്നെയാണ്. മറ്റ് മൃഗങ്ങളുമായി പ്രതിരോധിച്ച് നില്ക്കുവാനുള്ള ശക്തിയും കരുത്തും ആടിനില്ല. അതുകൊണ്ട് ഒരു ഇടയൻ ആടുകളുടെ കണ്ണും, കരുത്തും, കൂടെ നടക്കുന്നവനും ആകണം. നല്ല ഇടയനായ യേശുവിന്റെ സ്വരം പിതാവിന്റെ സ്വരം തന്നെയാണ്. പിതാവിന്റെ സ്വരംപോലും യേശുവിലൂടെ തിരിച്ചറിയാതെ സ്വന്തം വഴികളിൽ അപകടമേഖലകളിലേക്ക് സഞ്ചരിക്കുന്ന യഹൂദരെയാണ് സുവിശേഷത്തിൽ നാം ദർശിക്കുന്നത്.

നിത്യജീവൻ നല്കുന്ന പിതാവും യേശു ക്രിസ്തുവും ഒന്നാണ്

യഹൂദരിൽ പലരും യേശുവിനെ കാണാൻ ആഗ്രഹിച്ചത് ദൈവത്തിന്റെ സന്ദേശവാഹകനായിട്ടോ, പ്രവാചകനായിട്ടോ, മിശിഹായായിട്ടോ ആണ്. ഒരിക്കലും യേശുവിനെ ദൈവമായി കാണാൻ അവർ ആഗ്രഹിച്ചില്ല. ഒരു പ്രവാചകനും ഇതു വരെ അവകാശപ്പെടാത്തവാദമാണ് യേശു യഹൂദരോട് ഉന്നയിച്ചത്. അബ്രഹാത്തിനു മുൻപ് ഞാൻ ജീവിച്ചിരുന്നു എന്നതാണ്. മാത്രമല്ല ദൈവവും ഞാനും ഒന്നാണ് എന്ന യേശുവിന്റെ പ്രഖ്യാപനം യഹൂദരെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചു. ഏകദൈവവിശ്വസിയായ ഒരു യഹൂദനും പറയാൻ ആഗ്രഹിക്കാത്ത അപടകം നിറഞ്ഞ വാക്യങ്ങളാണ്, യേശു പറഞ്ഞത്. അത് അവരെ കോപാകുലരാക്കി. അതുകൊണ്ട് അവർ യേശുവിനെ എറിയാൻ കല്ലുകൾ കൈയിൽ എടുത്തു. പിന്നീട് എങ്ങനെയെങ്കിലും യേശുവിനെ കെണിയിൽപ്പെടുത്താൻ ആഗ്രഹിച്ചു. ദൈവീക ജീവൻ സമൃദ്ധമായി നൽകാനാണ് യേശു സ്വന്തം ജനതയായ യഹൂദരുടെ അടുക്കൽ വന്നത്. എന്നാൽ അവർ അവനെ തിരസ്കരിച്ചു, കാരണം പിതാവ് യേശുവിന് നല്കിയ ആടുകളല്ല അവർ. ആദ്യ വായനയിൽ വിജാതീയർക്ക് ദീപമായി ലോകത്തിന്റെ അതിർത്തികൾ വരെ വചനം വിളമ്പുന്ന ശിഷ്യരായ പൗലോസും, ബർണബാസും തങ്ങളുടെ ദൗത്യത്തിൽ ആനന്ദിക്കുകയും, ആത്മാവിന്റെ ശക്തിയാൽ നിറയുകയും ചെയ്യുന്നു. സുവിശേഷ വേലയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ദൈവികമായ ആനന്ദവും, ശക്തിയും ലഭിക്കുമെന്ന് ആദ്യവായന പറയുന്നു. രക്ഷ പടിവാതിലിൽ എത്തിയിട്ട് തിരസ്കരിക്കുന്ന യഹൂദരും, നിത്യജീവന് നിയോഗം ലഭിച്ചതിൽ ആനന്ദിക്കുന്ന വിജാതീയരും എന്റെയുള്ളിലെ യാഥാർത്ഥ്യങ്ങളാണ്. നിത്യജീവനും നിത്യമരണവും എന്റെ മുമ്പിലുണ്ടെന്ന് ഏത് തിരഞ്ഞെടുക്കണമെന്ന് തീരുമാനിക്കേണ്ടത് ഞാനെന്ന വ്യക്തിയാണ്. രണ്ടാം വായനയിൽ യേശുവിനെ ഇടയനായി അംഗീകരിച്ച അസംഖ്യം ആളുകൾ നിത്യജീവൻ അവകാശമാക്കി. ദൈവം അവരെ മഹത്വപ്പെടുത്തും. സകല ജനതകളിലും, ഗോത്രങ്ങളിലും, രാജ്യങ്ങളിലുമുള്ള അവർ വെള്ളയങ്കി അണിഞ്ഞ് കുരുത്തോലയുമായി ദൈവത്തിന്റെ സിംഹാസനത്തിനു മുൻപ് നിൽക്കുവാൻ സാധിച്ചത് യേശുവിൽ വിശ്വസിച്ച തുകൊണ്ടാണ്. ക്രിസ്തു ചിന്തിയ രക്തത്തിൽ കഴുകിയെടുത്ത വിശുദ്ധ അങ്കി അണിഞ്ഞവരാണവർ. ഞെരുക്കങ്ങളുടെ കാലത്തിൽ ഈ ഭൂമിയിൽ ക്രിസ്തുവിലുള്ള വിശ്വാസത്തിനുവേണ്ടി സാക്ഷ്യം വഹിച്ച് നിത്യജീവൻ കരസ്ഥമാക്കിയവരാണ്.

ഇന്നത്തെ സുവിശേഷത്തിന്റെ അവസാനത്തിൽ യേശു ദൈവപുത്രനാണെന്ന് സ്ഥാപിക്കാൻ വേണ്ടി പറയുന്നു: ഞാനും പിതാവും ഒന്നാണ്. ഈ വാക്യം പരിശുദ്ധ ത്രിത്വത്തിന്റെ ആഴങ്ങളിൽ നമ്മെ എത്തിക്കുന്നു. യേശു മനുഷ്യരക്ഷ സാധിക്കാൻ വന്ന ത്രിത്വത്തിലെ രണ്ടാമനാണ്. അതുകൊണ്ട് പിതാവും പുത്രനും പരിശുദ്ധാത്മാവും സത്തയിൽ ഒന്നാണ്. യേശു മനുഷ്യരെ രക്ഷിക്കുവാനുള്ള ദൗത്യം ഏറ്റെടുക്കുന്നത് പുത്രനായതുകൊണ്ടാണ്. കാരണം, യേശു ദൈവത്തിന്റെ ഏകപുത്രനാണ്.

യേശു ദൈവത്തിന്റെ പുത്രനാണെന്ന് മഹാത്മാഗാന്ധി പറയുന്നു: നിങ്ങൾ ലോകത്തിലെ വൻകിട നേതാക്കന്മാരുടെയും യോഗീശ്വരന്മാരുടെയും ഒരു സമ്മേളനം വിളിച്ചുകൂട്ടുക. ആ ബുദ്ധിരാക്ഷസന്മാരുടെ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കാൻ പറ്റിയ ഒരാളേ ഉള്ളൂ. ദൈവത്തിന്റെ പുത്രനായ ക്രിസ്തു. യേശുവിനെ ദൈവത്തിന്റെ പുത്രനായി ഏറ്റുപറയണമെങ്കിൽ യേശുവിൽ നമുക്ക് വിശ്വാസമുണ്ടാകണം. വിശ്വാസമുണ്ടെങ്കിൽ നാം യേശുവിന്റെ തൊഴുത്തിൽപ്പെട്ട ആടായിരിക്കും. തൊഴുത്തിൽപ്പെട്ട ആടാണെങ്കിൽ അവൻ നമ്മെ നെഞ്ചോടടുപ്പിക്കും. അപ്പോൾ നമ്മൾ സുകൃതം ചെയ്ത ആട്ടിൻകുട്ടിയാകും.

●

# ദൈവത്തിന്റെ കൂടാരം

**പെസഹാകാലം**
**അഞ്ചാം ഞായർ**
**(മേയ്-18)**

**അപ്പോ. 14 : 21 - 27**
**വെളി. 21:1-5**
**യോഹ. 13:31-33, 34-35**

**ഫാ. പോൾ സണ്ണി**



ആത്മശിഷ്യനായ ബർണബാസുമൊത്താണ് പൗലോസിന്റെ യാത്ര. ക്രിസ്തുവിൻറ സ്നേഹം അതേപോലെ ബർണബാസിലേക്ക് ഒഴുക്കിയവൻ, സഹനപർവ്വങ്ങൾ പിന്നിടാൻ ഉപദേശിക്കുന്നുമുണ്ട്. പ്രേഷിതവഴികളിൽ ഇടതടവില്ലാതെയുള്ള ഓട്ടം. ഒരിടത്തുനിന്ന് അടുത്തിടത്തേക്ക്, ഏറെയും കപ്പലോട്ടങ്ങൾ. കടൽപോലെ പ്രക്ഷുബ്ധമായിരിക്കുന്ന മനസ്സും. പുതിയ വിശ്വാസം, പുതിയസഭ, പുതിയ അനുയായികൾ, ചുറ്റിലും എതിർമുഖങ്ങൾ, ഉപവാസവും പ്രാർത്ഥനയും അവരുടെ വഴികളിൽ കരുത്തായി ഒരോ കരങ്ങളിലും നിറയെ സ്നേഹവുമായി അവർ സുവിശേഷപാദങ്ങളൂന്നി.

'I have a dream' വെള്ളപ്പാച്ചിൽ പോലെ ഇരമ്പിയാർത്ത മാർട്ടിൻ ലൂഥർ കിങ്ങിന്റെ പ്രസംഗം - "എല്ലാ മനുഷ്യരും സമന്മാരായിട്ടാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നും തന്റെ വിശ്വാസപ്രമാണത്തിനൊത്ത് ഈ നാടു ജീവിക്കുന്ന ഒരു ദിവസം ഞാൻ സ്വപ്നം കാണുന്നു.

ജോർജിയായിലെ ചെമ്മലകളുടെ മുകളിൽ പണ്ടത്തെ അടിമകളുടെയും ഉടമകളുടെയും മക്കൾ സാഹോദര്യത്തിന്റെ വിരുന്നു മേശയിൽ ഒന്നിച്ചിരിക്കുന്നതു ഞാൻ സ്വപ്നം കാണുന്നു. സ്നേഹമാണ് ഈ പ്രസംഗത്തിന്റെ കാതൽ. ഒരേ സമയം സുവിശേഷ പ്രസംഗകനും രാഷ്ട്രീയ നേതാവുമായിരുന്നവൻ ആത്മീയസത്തയുടെ നിറവിൽ ജീവിച്ചവൻ. ഈ സ്വപ്നത്തെക്കുറിച്ച് തന്നെയാണ് വെളിപാടു പുസ്തകത്തിൽ വായിക്കുക, പുതിയ ആകാശവും പുതിയ ഭൂമിയും മലിനമാക്കപ്പെടാത്ത ഒരു ഹരിതഭൂമി രക്തക്കറകളില്ലാത്ത കല്ലുകൾ ഉടയ്ക്കാത്ത, വിശാല ഹൃദയത്തിന്റെ ആകാശനീലിമ ഉദിക്കുന്ന കാലം, ഒരു മണവാട്ടിയുടെ ഒരുക്കമാണ് ഏറ്റവും വലിയ ഒരുക്കം .ആഴ്ചകളുടെ തയ്യാറെടുപ്പുണ്ട്. മുടിയൊരുക്കൽ, മൈലാഞ്ചിയണിയൽ, മുഖം മിനുക്കൽ, വസ്ത്രം നെയ്യൽ അങ്ങനെ ഒരുപാട്. ഭർത്താവിനായി അണിഞ്ഞൊരുങ്ങിയ മണവാട്ടിയാണ് ജെറുസലേം. ദൈവം ഇത്രയും റോമാൻറിക്കാണോ, ഇസ്രായേൽ ജനവുമായുള്ള ബന്ധം കുറയുന്നിടത്ത് ദൈവം സോളമനേക്കൾ അലംകൃതനാകുന്നു. ഇസ്രായേലിന് ഞാൻ തുഷാരബിന്ദുപോലെയായിരിക്കണം. ലില്ലിപോലെ അവൻ പുഷ്പിക്കും ഇലവുപോലെ അവൻ വേരുറപ്പിക്കും. (ഹോസിയ 14: 5)

ദൈവത്തിന്റെ കൂടാരം മനുഷ്യരുടെയിടയിൽ, പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു, ക്രിസ്തുവാണ് ഈ കൂടാരം. ഇസ്രായേൽ ജനത ജീവിത യാത്രയിൽ കൂടാരവും പേടകവും കൊണ്ടുനടന്നപോലെ, ബത്ലഹേമിൽ നിന്ന് ക്രിസ്തുവാകുന്ന കൂടാരം സഞ്ചരിക്കുകയായിരുന്നു . ഗലീലിയിൽ ജറുസലേമിൽ.. ഒടുവിൽ കാൽവരിയിൽ അത് പ്രതിഷ്ഠിക്കപ്പെട്ടു.

ജീവിച്ചിരിക്കുന്നവർക്ക് വാക്കരി തന്നിട്ട് മരിച്ചവർ എന്ന് കവി അയ്യപ്പൻ പൊള്ളലോടെ പറയുന്നുണ്ട്. മനുഷ്യജീവിതത്തിന്റെ നിലയില്ലാക്കയങ്ങൾ കവി കാണുന്നുണ്ട്. ഒരു അഭയകൂടാരം അതുമാത്രമാണ് മനുഷ്യന്റെ സ്വാസ്ഥ്യം. മാളമില്ലാത്ത പാമ്പിനെപ്പോലെ നാം കണ്ടുമുട്ടുന്ന മനുഷ്യർ. വീടുണ്ടായിട്ടും അവർ യാത്രയിലാണ്.

സിംഹം താൻ ഇഷ്ടപ്പെട്ട മൃഗങ്ങളെയെല്ലാം കൊന്നു തിന്നിട്ടുണ്ട്, സിംഹത്തിന് ഒരാഗ്രഹം മരപ്പട്ടിയുടെ ഇറച്ചി തിന്നണമെന്ന്, മരിക്കുംമുമ്പുള്ള പൂതിയാണ്, സിംഹം ആ മൃഗത്തെ വേട്ടയാടി . പക്ഷേ അത് ശീഘ്രം ഓടിമറയും. ഒരോ ദിവസവും സിംഹം അതിനെ ഓടിച്ചുകൊണ്ടിരുന്നു, പക്ഷേ അതിനെ പിടിക്കാൻ കഴിഞ്ഞില്ല. സിംഹത്തിന് ആഹാരമാണ് വേണ്ടതെങ്കിൽ അതിന്റെ മുമ്പിൽ അനേകം തരം മൃഗങ്ങളുണ്ട്. അതുകൊണ്ട് സിംഹത്തെക്കാൾ പ്രധാനമാണ് ഓടിയൊളിക്കുന്ന മൃഗത്തിന്റെ കാര്യം. അതിന് ഓടി രക്ഷപ്പെട്ടേ തീരൂ. മറ്റൊരു മാർഗ്ഗമില്ല. ഇല്ലെങ്കിൽ ഇരയായി തീരും. സിംഹത്തിന് മറ്റ് മൃഗത്തെ തേടാം. ജീവിത പന്തയങ്ങളിൽ നാം ആ മൃഗത്തെപോലെ ഓടിയാൽ വിജയിക്കും.

ദൈവം ക്രിസ്തുവിനെ ഉയിർപ്പിച്ചിട്ടില്ല ഭയക്കേണ്ട, പൗലോസ് ഇങ്ങനെ പറയുന്നതിനുമുള്ള വാചകം കൂടി വായിക്കണം. "മരിച്ചവർ യഥാർത്ഥത്തിൽ ഉയിർക്കപ്പെടുന്നില്ലെങ്കിൽ ദൈവം ക്രിസ്തുവിനെയും ഉയിർപ്പിച്ചിട്ടില്ല (1കൊറി 15:15)

കൊറിന്തോസുകാരുടെ വിശ്വാസം തീരെ കമ്മിയാണ്. ഭാഷാവരങ്ങളും പ്രവചനവരങ്ങളും നല്കപ്പെട്ടതുതന്നെ വിശ്വാസം ശക്തമാക്കാനാണ്. അടിസ്ഥാനപരമായ വിശ്വാസമില്ലെങ്കിൽ എങ്ങനെ നമുക്ക് ക്രിസ്തു സാക്ഷികളാകാനാകും. സഭ പഠിപ്പിക്കുന്നതൊന്നും നമ്മുടെ വയൽക്കുളങ്ങളിൽ പൂക്കുന്നില്ലല്ലോ? പിന്നെ ദൈവശാസ്ത്ര ഉദ്യാനങ്ങൾ സഭ ഒരുക്കി നിർത്തുന്നതു കൊണ്ടെന്തുകാര്യം.

ക്രിസ്തു മഹത്വീകരിക്കപ്പെട്ടിരിക്കുന്നു. സ്നേഹമാണ് ആ മഹത്വത്തിന്റെ അടിസ്ഥാനം. സ്നേഹത്തിന്റെ മാതൃക താൻ തന്നെയാണെന്ന് ക്രിസ്തു. സ്നേഹം എന്ന ഉടമ്പടിയെ പലവട്ടം പലതരത്തിൽ പറഞ്ഞുകൊണ്ടിരുന്നു. യേശുവിന്റെ ശിഷ്യന്മാരെന്ന് ലോകം അംഗീകരിക്കണമെങ്കിൽ സ്നേഹം നിറഞ്ഞു കവിയണം. പരസ്പരം സ്നേഹിക്കുവാനുള്ളതാകണം സുവിശേഷം.


•

# സമാധാനം നിങ്ങളോട് കൂടെ

**പെസഹാകാലം**
**ആറാം ഞായർ**
**(മേയ്-25)**

**അപ്പോ. 15:1-2, 22-29**
**വെളി. 21:10-14, 22-23**
**യോഹ. 14:23-29**

## ഫാ. വിക്ടർ എവരിസ്റ്റസ്



ഒരിക്കൽ വളരെ സമ്പന്നനായ ഒരു രാജാവ് തന്റെ കൊട്ടാര പരിചാരകരുമൊന്നിച്ച് ഒരു യാത്ര പുറപ്പെട്ടു. മരുഭൂമിയിലൂടെ കടന്നുപോകുമ്പോൾ കൂട്ടത്തിലുണ്ടായിരുന്ന ഒരു ഒട്ടകം കുഴഞ്ഞു വീണു ചത്തു. ഒട്ടകം വഹിച്ചിരുന്ന അമൂല്യ രത്നങ്ങളും സ്വർണ്ണനാണയങ്ങളും സൂക്ഷിച്ചിരുന്ന വലിയ ഒരു പെട്ടി താഴെ വീണ് നാലുപാടും ചിതറി. ഇതുകണ്ട രാജാവ് പരിചാരകരോട് പറഞ്ഞു; നിങ്ങൾ ആവശ്യമുള്ളതെല്ലാം പെറുക്കി എടുത്തുകൊള്ളുക. അത് നിങ്ങൾക്കുള്ളതാണ്. പരിചാരകർ മത്സരിച്ച് സ്വർണ്ണ നാണയം ശേഖരിക്കാൻ തുടങ്ങി. രാജാവ് യാത്ര തുടർന്നു. അൽപം കഴിഞ്ഞ് തിരിഞ്ഞ് നോക്കിയ രാജാവ് അത്ഭുതപ്പെട്ടു, തന്റെ സേവകരിൽ ഒരാൾ മാത്രം തന്നെ പിന്തുടരുന്നു. രാജാവ് ആ മനുഷ്യനോട് ചോദിച്ചു: നീ മാത്രം എന്തേ സമ്പത്ത് ശേഖരിക്കാൻ നിന്നില്ല? സേവകൻ മറുപടി പറഞ്ഞു: 'സമ്പത്തിനേക്കാൾ ഉപരി അങ്ങയെ അനുഗമിക്കുകയാണ് എന്റെ ആനന്ദവും സമാധാനവും'. രാജാവ് പുഞ്ചിരിച്ചുകൊണ്ട് സ്നേഹപൂർവ്വം ഇങ്ങനെ പറഞ്ഞു: 'നീ എന്നെ ഉപേക്ഷിക്കാതിരുന്നതുകൊണ്ട് ഞാനും നിന്നെ ഒരുനാളും ഉപേക്ഷിക്കില്ല-എന്റെ സമാധാനത്തിൽ എന്നും നിനക്ക് പങ്കുണ്ടാവുകയും ചെയ്യും.'

യേശു പറയുന്നു, 'ഞാൻ നിങ്ങൾക്ക് സമാധാനം തന്നിട്ട് പോകുന്നു. എന്റെ സമാധാനം നിങ്ങൾക്ക് ഞാൻ നൽകുന്നു' (14:27) എന്ന്. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും കാര്യമാണ് യേശു പഠിപ്പിക്കുന്നത്. സ്നേഹവും, സമാധാനവും നമ്മുടെ ജീവിതത്തിൽ പ്രധാനപ്പെട്ടതാണെന്ന് യേശു പഠിപ്പിക്കുന്നു.

നമുക്കു ചുറ്റും എവിടേയും നോക്കിയാൽ അസമാധാനത്തിന്റെ അവസ്ഥകളാണ് കാണുക. ലോകത്തിലെവിടെയും അസമാധാനം. പാലസ്തീനായിൽ, അഫ്ഗാനിസ്ഥാനിൽ, ഇറാക്കിൽ, ആഫ്രിക്കൻ രാജ്യങ്ങളിൽ, നമ്മുടെ സ്വന്തം രാജ്യത്ത്, എന്റെ കുടുംബത്തിൽ എന്തിനേറെ എന്റെ വ്യക്തിപരമായ ജീവിതത്തിലും സമാധാനം ഇല്ല. സത്യത്തിൽ ക്രിസ്തു എന്താണ് നമുക്ക് നൽകിയിട്ട് പോയത്? 'സമാധാനം - ഞാൻ നിങ്ങൾക്ക് സമാധാനം തന്നിട്ട് പോകുന്നു എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് നൽകുന്നു.' എന്നു പറഞ്ഞിട്ടാണ് അവിടുന്ന് പീഡാനുഭവത്തിലേക്ക്, കുരിശുമരണത്തിലേക്ക് നടന്നു കയറുന്നത്. അവന്റെ ജീവിതം മുഴുവൻ അവൻ മറ്റുള്ളവർക്ക് സമാധാനം നൽകാനാണ് ചിലവഴിച്ചത്. രോഗങ്ങളാലും മറ്റു പീഢനങ്ങളാലും സമാധാനക്കേട് അനുഭവിച്ചവർക്ക് അവൻ സമാധാനം പ്രധാനം ചെയ്യുന്നു. യേശുവിന്റെ ഏത് അത്ഭുതങ്ങളുടേയും ലക്ഷ്യം ഇതായിരുന്നു എന്ന് നമ്മൾ മനസ്സിലാക്കണം. ചുരുക്കത്തിൽ അവന്റെ ജീവിതം മുഴുവൻ സമാധാനത്തിനുവേണ്ടിയായിരുന്നു.

ക്രിസ്തു ജനിച്ചപ്പോഴേ ലോകത്തിലേക്ക് സമാധാനത്തിന്റെ സന്ദേശവുമായാണ് വന്നത്. അവൻ ജനിച്ചപ്പോൾ മാലാഖമാർ പാടി 'അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം, ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം' (ലൂക്ക 2:14). സമാധാനമായാണ് ക്രിസ്തു ഭൂമിയിലേക്ക് വരുന്നത് എന്ന് നാം കാണുന്നു. അവൻ മരിച്ചുയർത്തതിനു ശേഷം പ്രത്യക്ഷപ്പെട്ടപ്പോഴും സമാധാനമാണ് ആശംസിക്കുന്നത് ഏവർക്കും. ക്രിസ്തുവിന്റെ മരണത്തിൽ വ്യസനിച്ച് മഗ്ദലേന മറിയം ഇരിക്കുമ്പോൾ അവളുടെ മനസിലേക്ക് സമാധാനം ഏകികൊണ്ട് ക്രിസ്തു പ്രത്യക്ഷനാകുന്നു. ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടപ്പോഴൊക്കെ ആശംസിക്കുന്നത് 'നിങ്ങൾക്ക് സമാധാനം' എന്നാണ് (യോഹ 20:27). അപ്പോൾ ക്രിസ്തു ജനിക്കുമ്പോഴും ജീവിച്ചിരുന്നപ്പോഴും ഉത്ഥിതനായതിനുശേഷവും നമുക്ക് നൽകുന്നത് സമാധാനം മാത്രമാണ്. പിന്നെങ്ങനെ ഈ സമാധാനം മാത്രം നമുക്ക് അന്യമായി മാറി? അവൻ തന്നിട്ടുപോയ സമാധാനം നമുക്കെങ്ങനെ കൈവിട്ടുപോയി?

ആത്മാർത്ഥമായൊരു ആത്മപരിശോധനയിലൂടെ ഈ സമാധാനം നമുക്കെങ്ങനെ കൈവിട്ടുപോയി എന്ന് കണ്ടുപിടിക്കാവുന്നതാണ്. സ്വാർത്ഥതയുടെ അങ്ങേയറ്റം എവിടെയൊക്കെ ഉണ്ടാകുന്നുവോ അവിടൊക്കെ സമാധാനം ഇല്ലാതാവുകയാണ്. ലോകം മുഴുവൻ എന്റെ ചൊൽപ്പടിക്ക് നിൽക്കണമെന്ന് ഒരു അമേരിക്കൻ ഭരണാധികാരി ആഗ്രഹിക്കുമ്പോൾ, ലോകത്തിലേക്ക് അസമാധാനം കടന്നു വരുന്നു. 'എന്റെ മതമാണ് ഏറ്റവും നല്ല മതം- മറ്റെല്ലാമതങ്ങളും നശിക്കണമെന്ന് എതെങ്കിലുമൊരു മതാനുയായിക്ക് തോന്നിയാൽ അവിടെ അസമാധാനം ആരംഭിക്കുന്നു.' എന്റെ ഇഷ്ടങ്ങൾ മാത്രം എന്റെ കുടുംബത്തിൽ നടത്തണമെന്ന് കുടുംബത്തിലെ ഒരംഗം ശാഠ്യംപിടിക്കുമ്പോൾ കുടുംബത്തിൽ അസമാധാനം തുടങ്ങുന്നു. ഞാനാണ് ഏറ്റവും വലിയവൻ എന്ന ചിന്ത എന്നിൽ പ്രബലമാകുമ്പോൾ എന്നിൽ അസമാധാനം സഹവാസത്തിനെത്തുന്നു.

സമാധാനത്തിന്റെ ദൈവത്തിന്റെ അനുയായികളായതിനാൽ നമുക്കും സമാധാനത്തിനു വേണ്ടി നിലകൊള്ളാം. സമാധാനം സ്ഥാപിക്കുന്നവരാകാം. സമൂഹത്തിലും കുടുംബത്തിലും വ്യക്തിജീവിതത്തിലും ഒപ്പം അപരന് സമാധാനം നൽകുന്നവരുമാകാം.

•

നേർക്കാഴ്ച

ജെ. സി.



# 'കുരിശിന്റെ വഴി' വിലക്കിയത് മതസ്വാതന്ത്ര്യത്തിന്റെ ലംഘനം


ഓശാന ഞായർ ദിനത്തിൽ ഡൽഹി അതിരൂപതയുടെ കുരിശിൻറെ വഴി ചടങ്ങ് റോഡിലൂടെ നടത്തുന്നതിന് പോലീസ് അനുമതി നിഷേധിച്ചതാണ് മതസ്വാതന്ത്ര്യത്തിനുനേരെയുള്ള കടന്നുകയറ്റമായി ഏറ്റവുമൊടുവിൽ രാജ്യം കേട്ടത്. ഭരണഘടന ഉറപ്പുതരുന്ന മതസ്വാതന്ത്ര്യത്തിൻറെയും മതനിരപേക്ഷമൂല്യങ്ങളുടെയും ലംഘനമാണിതെന്നതിൽ സംശയമില്ല. ഓശാന ദിവസം ഓൾഡ് ഡൽഹിയിലെ സെൻറ് മേരീസ് പള്ളിയിൽനിന്ന് 10 കിലോമിറ്ററോളം അകലെ ഗോൾഡാക് ഖാനയിലെ സേക്രഡ് ഹാർട്ട് കത്തീഡ്രലിലേക്ക് രണ്ടായിരത്തോളം പേർ പങ്കെടുക്കുന്ന കുരിശിൻറെ വഴി എല്ലാവർഷവും നടത്താറുണ്ട്. റോഡിലൂടെയുള്ള പ്രദക്ഷിണത്തിന് ഇത്തവണ അനുമതി നിഷേധിച്ചതിലൂടെ സേക്രഡ് ഹാർട്ട് കത്തീഡ്രൽ കോംപൗണ്ടിനുള്ളിൽ ചടങ്ങ് നടത്തുകയായിരുന്നു. സുരക്ഷ, ഗതാഗത പ്രശ്നങ്ങൾ തുടങ്ങിയവ ഉന്നയിച്ചാണ് ഡൽഹി പോലീസ് അനുമതി നിഷേധിച്ചത്. പറഞ്ഞ കാര്യങ്ങൾ വിശ്വസനീയമല്ലെന്ന് ചൂണ്ടിക്കാട്ടി പോലീസ് നടപടിക്കെതിരെ വ്യാപക പ്രതിഷേധമാണ് ഉയർന്നത്. ന്യൂനപക്ഷങ്ങളുടെ മതവിശ്വാസങ്ങൾ ഹനിക്കുന്ന ഇത്തരം നടപടികൾ ബഹുസ്വര സമൂഹത്തിനു ചേർന്നതല്ലെന്ന് വിവിധ മേഖലകളിൽനിന്നും ചൂണ്ടിക്കാട്ടുകയുണ്ടായി. സുരക്ഷാപ്രശ്നങ്ങൾ കാരണമാണ് കഴിഞ്ഞദിവസം ഹനുമാൻ ജയന്തിയോടനുബന്ധിച്ചും ഘോഷയാത്രയ്ക്ക് അനുമതി നിഷേധിച്ചിരുന്നുവെന്നുമാണ് കേന്ദ്രമന്ത്രി ജോർജ്ജ് കുര്യൻ പറയുന്ന ന്യായം.

മധ്യപ്രദേശിലെ ജബൽപൂരിൽ മലയാളി വൈദികർക്കുനേരെ ആക്രമണമുണ്ടായതടക്കമുള്ള പല സംഭവങ്ങളും സമീപകാലത്തുതന്നെ നാം കണ്ടതാണ്. ഒഡീഷയിൽ ഗജപതിജില്ലയിലെ ജൂബ ഇടവകപള്ളിയിൽ കഴിഞ്ഞ മാസം 22 ന് വൈദികർക്കും സ്ത്രീകൾ അടക്കമുള്ള വിശ്വാസികൾക്കുംനേരെ പോലീസ് നടത്തിയത് ക്രൂരമായ ആക്രമണമാണെന്ന് ഒരു സ്വതന്ത്ര പരിശോധനാസമതിയുടെ റിപ്പോർട്ട് പുറത്ത് വന്നിട്ടുണ്ട്. ഈ സംഭവത്തിൽ ഇതുവരെ കുറ്റക്കാർക്കെതിരെ ഒരു നടപടിയും ഉണ്ടായിട്ടില്ല.

എല്ലാ വിഭാഗജനങ്ങൾക്കും സുരക്ഷിതമായി ജീവിക്കാനുള്ള സാഹചര്യം ഉറപ്പാക്കേണ്ടത് സർക്കാരിൻറെ ഭരണഘടനാപരമായ ഉത്തരവാദിത്തമായിട്ടും ഇത്തരം സംഭവങ്ങൾ ആവർത്തിക്കുകയാണ്. 2006, 2008 വർഷങ്ങളിൽ ഒഡീഷയിൽ കന്ദമാൽ പ്രദേശത്ത് ക്രൈസ്തവ വിശ്വാസികൾ നേരിട്ട പീഡനങ്ങളും, ദേവാലയ ആക്രമണവും നാം മറക്കാറായിട്ടില്ല. നൂറോളം പേരാണ് വധിക്കപ്പെട്ടത് എന്ന കാര്യവും എങ്ങനെ മറക്കാനാവും. വൈവിധ്യങ്ങളുടെ സമന്വയമായ ആധുനിക ഇന്ത്യയിൽ ഇപ്പോഴും ഇങ്ങനെയൊക്കെ നടക്കുന്നുവെന്നത് അത്യധികം ഗൗരവമുള്ള കാര്യമാണ്. ഇവയെ ഒറ്റപ്പെട്ടവയെന്ന് പറഞ്ഞ് അവഗണിക്കാവുന്നതല്ല. ബഹുസ്വരത നിറഞ്ഞ സാമൂഹിക ക്രമവും, സ്വതന്ത്രചിന്തയും മതസ്വാതന്ത്ര്യവും ഉറപ്പാക്കാനുള്ള പ്രാഥമിക ചുമതല സർക്കാരിനാണെന്നും സുപ്രീംകോടതിതന്നെ ഈയടുത്തകാലത്ത് പറഞ്ഞിട്ടുള്ളത് വീണ്ടും ഓർക്കേണ്ട സന്ദർഭമാണിത്. മതവിശ്വാസത്തെ അംഗീകരിക്കുന്നതും മാനിക്കുന്നതുമായ ക്രിയാത്മക നിലപാടാണ് മതനിരപേക്ഷതയുടെ കാതൽ.

•

വൈവിധ്യങ്ങളുടെ സമന്വയമായ ആധുനിക ഇന്ത്യയിൽ ഇപ്പോഴും ഇങ്ങനെയൊക്കെ നടക്കുന്നുവെന്നത് അത്യധികം ഗൗരവമുള്ള കാര്യമാണ്. ഇവയെ ഒറ്റപ്പെട്ടവയെന്ന് പറഞ്ഞ് അവഗണിക്കാവുന്നതല്ല.



"A Shepherd Who Walked with the Smell of His Sheep"
A Humble Servant
A Servant of Mercy
A Heart of the world
A Tribute from
Congregation of the Carmelite Religious (CCR Family)
REST IN PEACE
POPE FRANCIS
Congregation of the Carmelite Religious (CCR)
Charism:
Rooted in God's love, reflected in service
Come and
Be another CCR...
To Stand in the
Holy Presence...
Come Join us
Contact us
The Superior General,
CCR Generalate, All Saints' Campus,
Trivandrum, Kerala, - 695 007
ccrgen@gmail.com
Sr. Paulina CCR (Formation in-charge) - 6304752937

Pub. Date: 08.05.2025

JEEVANUM VELICHAVUM

REGD. NO. KL/TV(S)266/2024-26 | RNI Registered No. 36056/81
Licenced to post without pre-payment KL/TV(S)/WPP/171/2024-26

Total Pages 52
Rs. 30/-




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press Vellayambalam, TVM- 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam - 695003
Editor: Fr. Vigil George